Kerala State
# Human Rights Commission Bulletin
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വാർത്താപത്രിക
Vol.7
Issue. 45



## Human Rights: Historic Document
## Justice A. J. Desai, Former Chief Justice, Kerala



## ജസ്റ്റിസ് അലക്സാണ്ടർ തോമസ്
## മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ

# ജസ്റ്റിസ് അലക്സാണ്ടർ തോമസ് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ



കേരള ഹൈക്കോടതി മുൻ ആക്റ്റിങ് ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് അലക്സാണ്ടർ തോമസിനെ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കാനുള്ള ശുപാർശ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അംഗീകരിച്ചു.

മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവരടങ്ങിയ ഉന്നതതല സമിതി ഏകകണ്ഠമായാണ് ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ പേര് ഗവർണർക്ക് കൈമാറിയത്.

2014 ജനുവരി 23 മുതൽ 2023 സെപ്റ്റംബർ 4 വരെ കേരള ഹൈക്കോടതിയിൽ ജഡ്ജിയായി പ്രവർത്തിച്ചിട്ടുള്ള ജസ്റ്റിസ് അലക്സാണ്ടർ തോമസ് 2023 ജൂലൈയിൽ ആക്റ്റിംഗ് ചീഫ് ജസ്റ്റിസുമായിരുന്നു.

ബ്രിട്ടൻ, ലണ്ടൻ സർവകലാശാല എന്നിവിടങ്ങളിൽ നിന്നും നിയമ പരിശീലനം നേടിയ ന്യായാധിപനാണ് അദ്ദേഹം. ഭരണഘടനാ , ക്രിമിനൽ, സിവിൽ, തൊഴിൽ, സർവീസ്, കമ്പനി നിയമങ്ങളിൽ അവഗാഹതയുള്ള ജസ്റ്റിസ് അലക്സാണ്ടർ തോമസ് കേരള ഹൈക്കോടതി ജഡ്ജിയായിരിക്കെ 25000 ത്തോളം കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കേരള ജുഡീഷ്യൽ അക്കാദമിയുടെ പ്രസിഡന്റായും കേരള ലീഗൽ സർവീസസ് അതോറിറ്റിയുടെഎക്സിക്യൂട്ടീവ് ചെയർമാനായും കേരള സംസ്ഥാന മീഡിയേഷൻ ആന്റ് കൺസീലിയേഷൻ സെന്ററിന്റെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ ലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള യൂണിറ്റ് എക്സിക്യൂട്ടീവ് ചെയർമാനായിരുന്നു. ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും എൽ എൽ ബിയും കൊച്ചി സർവകലാശാലയിൽ നിന്നും എം.എസ്. സിയും നേടി. കോമൺ വെൽത്ത് യംഗ് ലായേഴ്സ് കോഴ്സിൽ ബ്രിട്ടീഷ് സർക്കാരിന്റെ സ്കോളർഷിപ്പ് ലഭിച്ച 4 ഇന്ത്യൻ അഭിഭാഷകരിൽ ഒരാളായിരുന്നു അദ്ദേഹം.

കേരളം ആദ്യം മനുഷ്യാവകാശ സൗഹൃദ സംസ്ഥാനമാകണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് പറഞ്ഞു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനായി ചുമതലയേറ്റ ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യാവകാശ സൗഹൃദമായ ശേഷം മനുഷ്യാവകാശ മാതൃകാ സംസ്ഥാനമായി കേരളം മാറണമെന്നും അദ്ദേഹം പറഞ്ഞു.

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാരിന്റെയും ജനപ്രതിനിധികളുടെയും സഹകരണം അത്യന്താപേക്ഷിതമാണെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് പറഞ്ഞു.

# Human Rights : Historic document

**Shri Justice A. J. Desai**
**Former Chief Justice, High Court of Kerala**



1. Today, all over the world, the adoption of the Universal Declaration of Human Rights is being celebrated as World Human Rights Day, and it is my pleasure to participate in this celebration organized by the Kerala State Human Rights Commission.

2. Seventy-five years ago, on this day, i.e., the 10th day of December, 1948, the Universal Declaration of Human Rights, was proclaimed by the United Nations General Assembly in Paris, as a common standard of achievements, for all the people, in the world.

3. Drafted by the representatives, with different legal and cultural backgrounds, from all the regions of the world, Universal Declaration of Human Rights, is a milestone document, in the history of human rights.

4. Being the representative of India, Dr. Hansa-ben Mehta, India's representative to the UN Human Rights Commission,made a highly significant contribution in re-phrasing the draft Preamble of the Declaration.

5. The Protection of Human Rights Act, 1993, which established the National Human Rights Commission, is widely seen, as a model legislation and since been emulated, by many countries of the world.

6. Section 2(1) (d) of the Protection of Human Rights Act, 1993, defines Human Rights, as the rights relating to life, liberty, equality and dignity of the individual guaranteed by the Constitution or embodied in the International Covenants and enforceable by courts in India.

7. As we all know, human rights are considered as certain basic or natural rights, which are inalienable and essential for the development of human personality. They can also be considered as fundamental rights as they cannot be taken away, not even by the government or legislature. In the opinion of many scholars, human rights are not created by any legislation as they are natural rights and the source of human rights is the acceptance of the worth and dignity of the human person.

8. This historic document can be considered as the first major international instrument affirming individual rights. Though this document is not legally binding, its contents have permeated hundreds of international conventions, agreements as well as domestic laws of various countries.

9. The declaration is "generally agreed to be the foundation of international human rights law and has inspired more than 80 international human rights treaties and declarations, according to the UN.

10. Universal Declaration of Human Rights holds, the Guinness World Record, as the most translated document, over 500 languages, plus, Braille and different Sign Languages.

11 Preamble of the Universal Declaration of Human Rights asserts: "Recognition of the inherent dignity and of equal and inalienable rights of all the members of the human family, is the foundation of freedom, justice, and peace in the world."

12. The fact that the principles of the Universal Declaration of Human Rights have been incorporated

into the constitutions of most of the member countries of the United Nations, signifies the importance of the Declaration made, 75 years ago.

13. As we know, Preamble of our Constitution, stress upon Justice, Liberty, Equality and Fraternity. In fact, the abovesaid four words, beautifully, sum up, the whole range of human rights.

14. The Constitution of India too drew inspiration from the Declaration. The founding fathers of our Constitution used the Universal Declaration of Human Rights as a first draft for formulating the provisions of Part-Ill of the Constitution on Fundamental Rights. As a result, we can find several identical features between the fundamental rights contained in our Constitution and the Articles of the Universal Declaration on Human Rights, namely, equality before law, non-discrimination on grounds of religion, race and sex, freedom of speech and expression, right to life and liberty and judicial remedy against violation of rights etc.

15. Yet, in my view, fact remains, many people, are still unaware of their basic rights, much less, human rights. It is also my opinion that, still we have a long way, to respect human rights.

16. Creating awareness about human rights is crucial for several reasons. First and foremost, it ensures that individuals are informed about their inherent rights and freedoms.

Occasions like the celebration of Human Rights Day serve as a reminder of the importance of these rights and the ongoing need to protect and promote them globally.

17. Increasing awareness helps to combat discrimination, prejudice, and injustices that occur due to ignorance or deliberate violation of human rights. It encourages individuals to stand up against such violations, fostering a culture of respect, equality, and dignity for all.

18. Moreover, by educating people about human rights, we empower them to take action, advocates for change, and hold Governments and institutions accountable when rights are infringed upon. It also encourages the development and enforcement of laws and policies that uphold human rights standards.

19. Absolutely, instilling an understanding and appreciation for human rights from a young age is crucial. Families play a fundamental role in shaping a child's values and beliefs. When children grow up in environments that prioritize respect, empathy, and fairness, they are more likely to internalize these principles and carry them forward.

20. Moreover, when families model behaviors that align with human rights principles, such as fairness, equality, and standing up against injustice, children learn by example. Encouraging open dialogue, asking questions, and allowing children to express their thoughts and concerns about fairness and equality can further reinforce these values.

21. Schools and educational institutions also play a significant role in shaping a child's understanding of human rights. Introducing human rights education into school curricula can provide structured learning opportunities and reinforce what children learn at home.

22. By integrating human rights education into both family life and formal education, we can cultivate a culture where respecting and upholding human rights becomes second nature to the younger generation, laying a strong foundation for a more just and compassionate society.

23. On this momentous occasion, let us pledge to dedicate ourselves, to work relentlessly, to ensure life with dignity, to each and everyone, in the country, in order to create a just and equitable society, to protect and promote human dignity and the inviolable rights of all.

24. Let all of us take a pledge today that we will not leave any Stone unturned for enlightening the populace about their basic human rights. Celebrating Human Rights Day and promoting awareness throughout the year contributes to build a more just,inclusive, and peaceful world where every individual's rights are respected and protected.

25. I could find that the Kerala State Human Rights Commission is ever vigilant and is in the forefront of upholding the spirit of the Universal Declaration of Human Rights, responding effectively, to the inhuman and degrading acts, happening in the State.

Where, after all, do universal human rights begin?

In small places, close to home - so close and so small that they cannot be seen on any maps of the world. ... Such are the places where every man, woman and child seeks equal justice, equal opportunity, equal dignity without discrimination.

Unless these rights have meaning there, they have little meaning anywhere."

I sincerely congratulate and appreciate the Acting Chairperson and other members of the Kerala State Human Rights Commission, for organizing this function. I express my sincere gratitude to the organizers for giving me this opportunity.

*(Speech delivered by the former Honourable Chief Justice on the occasion of World Human Rights Day 2023)*

# മനുഷ്യാവകാശ സംരക്ഷണം ജീവിത ലക്ഷ്യമാകണം

**കെ. ബൈജുനാഥ്**
ജുഡീഷ്യൽ അംഗം



മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവത്കരണം നടത്തികൊണ്ടാണ് ഞാൻ മനുഷ്യാവകാശ കമ്മീഷനിൽ ചുമതലയേറ്റത്. കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം ജില്ലാ കളക്ടർമാരുമായും ജില്ലാ പോലീസ് മേധാവിമാരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർക്കിടയിലെ ബോധവത്കരണത്തിന് തുടക്കമിട്ടത്.

മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായാണ് ഇതിന് തുടക്കം കുറിച്ചത്. കമ്മീഷന്റെ ഉത്തരവുകൾ നടപ്പാക്കേണ്ടത് സർക്കാരിന്റെയും ബന്ധപ്പെട്ട ഏജൻസികളുടെയും ധാർമ്മിക ബാധ്യതയാണെന്ന് സുപ്രീം കോടതിയും ഹൈക്കോടതികളും നിരവധി തവണ ഉത്തരവിട്ടുണ്ട്. ഉത്തരവിന്മേൽ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട വകുപ്പുമേധാവികൾ കമ്മീഷൻ ഉത്തരവിനെതിരെ ഹൈക്കോടതിയെയാണ് സമീപിക്കേണ്ടത്. കോടതിയിൽ ചോദ്യം ചെയ്യപ്പെടാത്ത ഉത്തരവുകൾ നടപ്പിലാക്കേണ്ട നിയമപരമായ ബാധ്യത ബന്ധപ്പെട്ട വകുപ്പുമേധാവികൾക്കുണ്ട്.

എന്നാൽ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ ചില ഉദ്യോഗസ്ഥർ വീഴ്ച വരുത്തുകയുണ്ടായി. ഉത്തരവ് നടപ്പാക്കില്ലെന്ന് മാത്രമല്ല നിയമപ്രകാരം തങ്ങൾ സമർപ്പിക്കേണ്ട ആക്ഷൻ ടേക്കൻ റിപ്പോർട്ടു പോലും സമർപ്പിക്കാറില്ല. ഇക്കാരണത്താൽ ബന്ധപ്പെട്ട വകുപ്പിന് ഉത്തരവ് അയച്ച ശേഷം പ്രസ്തുത ഉത്തരവിൻമേൽ സ്വീകരിച്ച നടപടികളെ കുറിച്ച് കമ്മീഷന് അറിവില്ലാത്ത സാഹചര്യം വന്നുചേരുന്നു. കമ്മിഷന്റെ പ്രവർത്തനം സംബന്ധിച്ച് നിയമസഭയിൽ സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിൽ വിവിധ വകുപ്പുകൾ കമ്മീഷൻ ഉത്തരവിൻ മേൽ സ്വീകരിച്ച നടപടികളെ കുറിച്ച് പ്രതിപാദിക്കേണ്ടതുണ്ട്. റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതിനാൽ വാർഷിക റിപ്പോർട്ടിൽ അക്കാര്യം പരാമർശിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

സർക്കാർ സംവിധാനങ്ങൾ മനുഷ്യാവകാശ കമ്മീഷനോടും അതിൻെറ ഉത്തരവുകളോടും നീതി പുലർത്തേണ്ടത് യഥാർത്ഥത്തിൽ എന്തിനു വേണ്ടിയാണ് ? മനുഷ്യാവകാശ കമ്മീഷൻ ആർക്കും എപ്പോഴും സമീപിക്കാവുന്ന ഒരു അഭയ കേന്ദ്രമാണ്. ഒരു വെള്ളക്കടലാസിൽ പരാതി എഴുതി നൽകിയാൽ പരിഹാരം കാണാൻ കഴിയുന്ന സ്ഥാപനമാണ് ഇത്.

ഇവിടെ കേസ് നടത്താൻ അഭിഭാഷകരുടെ ആവശ്യമില്ല. ആലംബഹീനരാണ് കമ്മീഷനിൽ പരാതിയുമായി എത്തുന്നത്. നിരവധി സിറ്റിംഗുകൾ നടത്തിയും ബന്ധപ്പെട്ട മേലധികാരികളിൽ നിന്നും റിപ്പോർട്ട് വാങ്ങിയുമാണ് കമ്മീഷൻ തീരുമാനമെടുക്കുന്നത്.

മനുഷ്യാവകാശ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്.അത് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. ഇതിൻെറ അധ്യക്ഷൻ ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസോ ജഡ്ജിയോ ആയിരുന്ന ന്യായാധിപനാണ്. ഏഴിലധികം വർഷം ജില്ലാ ജഡ്ജിയായിരുന്ന വ്യക്തിയാണ് ജുഡീഷ്യൽ അംഗം. മനുഷ്യാവകാശങ്ങളെ കുറിച്ച് കൃത്യമായ അവബോധവും ഉൾക്കാഴ്ചയുമുള്ള വ്യക്തിയാണ് മറ്റൊരു അംഗം. സദാ ജാഗരൂകരായ ഇവർ മനുഷ്യാവകാശ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായി ഇടപെടും. എന്തിന് ഒരു വാട്ട്സ് ആപ്പ് സന്ദേശം പോലും കേസിന് ആധാരമാകാം.

ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ പദവിക്ക് തുല്യമാണ് കമ്മീഷൻ അധ്യക്ഷന്റെ സ്ഥാനം.ഹൈക്കോടതി ജഡ്ജിയുടെ പദവിയാണ് കമ്മീഷൻ അംഗങ്ങൾക്കുള്ളത്. ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും കമ്മീഷനുണ്ട്. ഏത് ഓഫീസിൽ നിന്നും ഏത് രേഖയും വരുത്തി പരിശോധിക്കാനുള്ള അധികാരവുമുണ്ട്. നിയമവകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയാണ് കമ്മീഷന്റെ സെക്രട്ടറി. ഇത്തരത്തിൽ വിപുലമായ അധികാരങ്ങളാണ് കമ്മീഷനുള്ളത്. പോലീസ് ഇൻസ്പെക്ടർ ജനറലാണ് അന്വേഷണ വിഭാഗത്തിന്റെ തലവൻ.

കമ്മീഷന്റെ മലബാർ മേഖലയിലുള്ള ജില്ലകളുടെ ചുമതലയുള്ള ജുഡീഷ്യൽ അംഗമായി ഞാൻ ചുമതലയേൽക്കുമ്പോൾ എനിക്ക് മുന്നിലുണ്ടായിരുന്ന പ്രധാന വെല്ലുവിളി കമ്മീഷന്റെ ഉത്തരവുകൾ നിയമപ്രകാരം അർഹമായ ആദരവ് ഉദ്യോഗതലത്തിൽ ലഭിക്കുക




എന്നതായിരുന്നു. കമ്മീഷൻ അയക്കുന്ന നോട്ടീസുകൾക്ക് കൃത്യമായ മറുപടി നൽകിയും കമ്മീഷൻ ഉത്തരവുകൾ നടപ്പിലാക്കിയും സാധാരണക്കാരന്റെ അവകാശങ്ങൾ അംഗീകരിപ്പിക്കാനാണ് ശ്രമിച്ചത്. ഇത്തരത്തിൽ സർക്കാർ ജീവനക്കാർ മനുഷ്യാവകാശ സംരക്ഷണത്തെപ്പറ്റി ബോധവാൻമാരാകണം.

അഴിമതിക്കെതിരെയുള്ള പോരാട്ടം മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനമായി കണക്കാക്കണം. അഴിമതി ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനമാണ്. ഓഫീസ് തലവൻമാരുടെ നേതൃത്വത്തിൽ സർക്കാർ ഓഫീസുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. പൊതുജനങ്ങളോട് ഇടപെടുമ്പോൾ ബഹുമാനവും പരിഗണനയും ജീവനക്കാർ നൽകണം. മനുഷ്യന്റെ ജീവൻ, സ്വാതന്ത്ര്യം, സമത്വം, അന്തസ് ഇവയെ പ്രതികൂലമായി ബാധിക്കുന്ന എല്ലാ പ്രവർത്തനങ്ങളും മനുഷ്യാവകാശ ലംഘനമാണ്. നല്ല ഭക്ഷണം, വായു, ജലം, റോഡ്, വിദ്യാഭ്യാസം ഇവ എല്ലാം മനുഷ്യാവകാശത്തിൽ ഉൾപ്പെടുന്നതാണ്. കരുണയുള്ള കണ്ണിലൂടെ എല്ലാവരെയും കാണാൻ കഴിയണം. പാവപ്പെട്ടവന്റെ വിയർപ്പിന്റെ വിലയാണ് ഉദ്യോഗസ്ഥർ കൈപ്പറ്റുന്ന ശമ്പളമെന്ന ബോധം എന്നുമുണ്ടാവണം. ഉദ്യോഗസ്ഥന്റെ വാക്കിലും നോട്ടത്തിലും കേൾവിയിലും നന്മ സൃഷ്ടിക്കണം.

എല്ലാ നിയമങ്ങളുടെയും ലക്ഷ്യം മനുഷ്യാവകാശ സംരക്ഷണമാണ്.. ഓരോ ഉദ്യോഗസ്ഥനും മനുഷ്യാവകാശ സംരക്ഷകരാവണം.

തന്റെ മുന്നിൽ പരാതിയുമായി വരുന്നവരെ തനിക്ക് തുല്യമായി കരുതിയാൽ പോലീസുദ്യോഗസ്ഥർക്കെതിരായ പരാതികൾ അവസാനിപ്പിക്കാം. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനാണ് എല്ലാ സർക്കാർ സംവിധാനങ്ങളും പ്രവർത്തിക്കുന്നത്. സത്യസന്ധമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ നിയമം സംരക്ഷിക്കും. എല്ലാ നിയമങ്ങളും ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ട്. അത് കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ പോലീസിനറിയാം. ഏതൊരാളും മനുഷ്യാവകാശ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ആദ്യം എത്തുന്ന സ്ഥലം പോലീസ് സ്റ്റേഷനാണ്. മനുഷ്യാവകാശ സംരക്ഷണ കേന്ദ്രങ്ങളാവണം പോലീസ് സ്റ്റേഷനുകൾ.

പോലീസ് ഒരിക്കലും മനുഷ്യാവകാശ ലംഘകരാകരുത്. അവകാശ സംരക്ഷണത്തിനായി ദൈവം സൃഷ്ടിച്ചതാണ് പോലീസുകാരെ. അക്കാര്യം അവർ മറക്കരുത്. അതേസമയം ക്രൈം അന്വേഷിക്കാനും തടയാനുമുള്ള അധികാരം മാത്രമാണ് പോലീസിനുള്ളത്. ശിക്ഷിക്കാനുള്ള അധികാരം കോടതികൾക്കാണ്.

വരുന്ന തലമുറയെ മനുഷ്യാവകാശം എന്തെന്ന് ബോധവത്കരിക്കണം. നിയമം ലംഘിക്കാതിരിക്കാനുള്ള വിവേകമാണ് അവർക്കുണ്ടാകേണ്ടത്. ഒരു കുറ്റകൃത്യം നടക്കുമ്പോൾ താൻ മറ്റൊരാളുടെ മനുഷ്യാവകാശം ലംഘിച്ചെന്ന ജാഗ്രത കുറ്റവാളിക്കുണ്ടാവണം. മനുഷ്യാവകാശം ഒരു മനോഭാവമാണ്. അവകാശങ്ങൾ ലംഘിക്കാതിരിക്കാനുള്ള മനസ്സാണ് ഓരോരുത്തർക്കുമുണ്ടാവേണ്ടത്.

മനുഷ്യാവകാശങ്ങളുടെ സംരക്ഷകരായി സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥർ മാറണം പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി എത്തുന്നവരും പോലീസിന്റെ സഹായം വേണ്ടിവരുന്നവരും നമ്മുടെ സഹജീവികളാണ്. നമ്മുടെ കുടുംബത്തിലുള്ള ഒരാൾക്ക് സംഭവിക്കുന്ന ബുദ്ധിമുട്ട് പോലെ തന്നെയാണ് നമുക്ക് പരിചയമില്ലാത്ത ഒരാൾക്ക് സംഭവിക്കുന്ന ബുദ്ധിമുട്ടും. പോലീസിനെ സമീപിക്കുന്ന ഓരോരുത്തരും നിങ്ങളുടെ കുടുംബാംഗങ്ങളാണെന്ന് കരുതിയാൽ അവർക്ക് ഏറ്റവും മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കും. മുന്നിലെത്തുന്നവരോട് അന്യതാ ബോധത്തോടെ പെരുമാറുമ്പോഴാണ് പരാതികൾ വർധിക്കുന്നത്. മനുഷ്യാവകാശ സംരക്ഷണം മനോഭാവമായി മാറണം. പോലീസ് സ്റ്റേഷനുകൾ സൗഹൃദത്തിൻെറ കേന്ദ്രങ്ങളാകണം. ഇത്തരത്തിൽ പ്രവർത്തിക്കുന്ന നിരവധി പോലീസുദ്യോഗസ്ഥരുള്ള സംസ്ഥാനമാണ് കേരളം.

കമ്മീഷന്റെ ദൗത്യത്തിന് ഉദ്യോഗസ്ഥ തലത്തിൽ നിന്ന് വലിയ പിന്തുണയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത് എന്നത് ഇവിടെ പ്രത്യേകം സ്മരിക്കുന്നു.

# തൊഴിലാളിയുടെ കുടുംബത്തിന് 10 ലക്ഷം നൽകണം തുക ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാം



കെ എസ് ഇ ബി വണ്ടിപ്പെരിയാർ സെക്ഷന് കീഴിൽ കൊക്കക്കാട് ഭാഗത്ത് വഴിവിളക്കുകൾ മാറ്റിയിടുന്ന ജോലി ചെയ്യുന്നതിനിടയിൽ കഴിഞ്ഞ വർഷം ഡിസംബർ 2 ന് ഷോക്കേറ്റ് മരിച്ച സാലി മോന്റെ (48) കുടുംബത്തിന് പത്ത് ലക്ഷം രൂപ നഷ്ടപരിപരിഹാരം നൽകണമെന്ന് മനുഷ്യാവകാശകമ്മീഷൻ ഉത്തരവ്.

ഏഴ് ലക്ഷം രൂപ വൈദ്യുതി ബോർഡും മൂന്ന ലക്ഷം വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തും നഷ്ടപരിഹാരം നൽകണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു.

നഷ്ടപരിഹാരത്തുക ഉത്തരവാദികളായ വൈദ്യുതി ബോർഡ് ജീവനക്കാരിൽ നിന്നും ബോർഡിന് ഈടാക്കാം. ലൈസൻസില്ലാത്ത കരാറുകാരന് അടിയന്തര സാഹചര്യത്തിന്റെ പേരിൽ കരാർ നൽകിയ വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തിന് കരാറുകാരനിൽ നിന്നും സിവിൽ നടപടിക്രമത്തിലൂടെ നഷ്ടപരിഹാര തുക ഈടാക്കാവുന്നതാണ്. ചട്ടങ്ങൾ പാലിക്കാതെ കരാർ നൽകിയ പഞ്ചായത്ത് സെക്രട്ടറിയും നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥനാണെന്ന് ഉത്തരവിൽ പറയുന്നു.

ഉത്തരവ് ലഭിച്ച് മൂന്നുമാസത്തിനകം 10 ലക്ഷം രൂപ സാലി മോന്റെ കുടുംബത്തിന് കൈമാറണമെന്ന് കമ്മീഷൻ വൈദ്യുതി ബോർഡ് ചെയർമാനും തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറിക്കും ഉത്തരവ് നൽകി. വീഴ്ച വരുത്തിയാൽ അവസാന തിയതിക്ക് പിറ്റേന്ന് മുതൽ എട്ടു ശതമാനം വാർഷിക പലിശ നൽകേണ്ടി വരുമെന്നും ഉത്തരവിൽ പറഞ്ഞു.

ശബരിമല മകര വിളക്കിനോട് അനുബന്ധിച്ച് സത്രം ഭാഗത്തേക്കുള്ള തീർത്ഥാടന പാതയിൽ വഴി വിളക്ക് സ്ഥാപിക്കാൻ വേണ്ടിയാണ് എം. നിസാർ എന്നയാൾക്ക് കരാർ നൽകിയത്. കരാറുകാരന് ബി.ക്ലാസ് ലൈസൻസ് ഉണ്ടായിരുന്നില്ല. അടിയന്തര സാഹചര്യത്തിൽ ലൈസൻസ് ഇല്ലാത്തയാൾക്ക് കരാർ നൽകുന്നതിൽ തെറ്റില്ലെന്ന് കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനീയർ ഫോണിൽ അനുവാദം നൽകിയതായി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.ബോർഡ് മേൽനോട്ടം വഹിക്കാമെന്നും വാക്കു നൽകി.വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിൽ നടന്ന പ്രവൃത്തിയിൽ ഒരാൾ കൊല്ലപ്പെട്ടതിന്റെ ഉത്തരവാദിത്തം പഞ്ചായത്ത് സെക്രട്ടറിക്കല്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

അപകടം നടന്ന ദിവസം മേൽനോട്ടം വഹിച്ച അഞ്ച് ഓവർസിയർമാരിൽ മൂന്ന് പേർ അവധിയിലായിരുന്നുവെന്ന് വൈദ്യുതി ബോർഡ് കമ്മീഷനെ അറിയിച്ചു. രണ്ടു പേർ മറ്റ് ജോലികൾക്ക് നിയോഗിക്കപ്പെട്ടു. 10 വർഷം പരിചയമുള്ള ഒരു ലൈൻ മാനെയാണ് മേൽനോട്ട ചുമതല ഏൽപ്പിച്ചിരുന്നത്. പണി നടക്കുമ്പോൾ ലൈൻ ഓഫാക്കിയിരുന്നതായി റിപ്പോർട്ടിൽ പറയുന്നു.എന്നാൽ ലൈൻ ഓഫ് ചെയ്തിരുന്നില്ലെന്നാണ് പറയുന്നത്.



നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാറ്റിൽ പറത്തിയാണ് കരാർ നൽകിയതെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. വൈദ്യുതി ബോർഡിന്റെ മാത്രം ചുമതലയിലുള്ള ഇലക്ട്രിക് ജോലികൾ യാതൊരു മാനദണ്ഡവും സുരക്ഷാ മുൻകരുതലും എടുക്കാതെ നൽകിയത് വൈദ്യുതി ബോർഡിന്റെ ഗുരുതര വീഴ്ചയാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. മേൽനോട്ടത്തിന് ഉദ്യോഗസ്ഥരെ പോലും നിയോഗിച്ചില്ല. ലൈസൻസ് പോലുമില്ലാത്ത കരാറുകാരന് കരാർ നൽകിയത് വണ്ടിപ്പെരിയാർ പഞ്ചായത്തിന്റെ വീഴ്ചയാണ്. സാലി മോന്റെ മരണത്തിന് ഉത്തരവാദികളായ രണ്ടു വകുപ്പുകളിലെ ഉദ്യോഗസ്ഥരെ കണ്ടെത്തി ഉചിതമായ നടപടിയെടുക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. വൈദ്യുതിബോർഡും പഞ്ചായത്തും സമർപ്പിച്ച റിപ്പോർട്ടുകൾ മനുഷ്യജീവന് വില കൽപ്പിക്കാത്തതാണ്. ഇത്തരം നടപടികൾ ആവർത്തിക്കരുത്. വണ്ടി പെരിയാർ വടക്കേവിളയിൽ മുൻ പഞ്ചായത്തംഗം എം.എം. ജോർജ് സമർപ്പിച്ച പരാതിയിലാണ് നടപടി

# കുട്ടിക്ക് മരുന്ന് മാറി കുത്തിവച്ചെന്ന് ആരോപണം: ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടിയെടുക്കണം

പനിക്ക് ചികിത്സക്കെത്തിയ പത്തുവയസ്സുകാരന് തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മരുന്ന് മാറി കുത്തിവച്ച് എടുത്തതുകാരണം കുട്ടിയുടെ ആരോഗ്യ നില ഗുരുതരമായെന്ന പരാതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറും ആശുപത്രി സൂപ്രണ്ടും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

ആരോഗ്യവകുപ്പ് ഡയറക്ടറും തൈക്കാട് ആശുപത്രി സൂപ്രണ്ടും വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്.അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

കുത്തിവയ്പിനെ തുടർന്ന് നെഞ്ചുവേദനയും ഛർദ്ദിയും ഉണ്ടായ കുട്ടി ഗുരുതരാവസ്ഥയിൽ എസ്.എ. ടി ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റിൽ ചികിത്സയിലാണ്. പട്ടം കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർത്ഥിയെ ജൂലൈ 29 ന പനി കൂടിയതിനെ തുടർന്നാണ് തൈക്കാട് ആശുപത്രിയിൽ കൊണ്ടുവന്നത്. ജൂലൈ 30 നാണ് മരുന്ന് മാറി കുത്തി വച്ചത്

## ലിഫ്റ്റ് തകരാർ : റിപ്പോർട്ട് അപൂർണം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ലിഫ്റ്റിൽ രോഗി 42 മണിക്കൂർ കുടുങ്ങിയ സംഭവത്തിൽ ആശുപത്രി സൂപ്രണ്ട് ഹാജരാക്കിയ റിപ്പോർട്ട് അപൂർണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

ജൂലൈ 13 ന് ഉച്ചക്ക് 12 ന് ലിഫ്റ്റിൽ അകപ്പെട്ട രോഗിയെ പുറത്തേക്കിറക്കിയ സമയവും തീയതിയും രേഖപ്പെടുത്താതെ റിപ്പോർട്ട് സമർപ്പിച്ച രീതി ശരിയായ നടപടിയല്ലെന്നും ഇത് ഗൗരവമായി കാണുമെന്നും കമ്മീഷൻ നിരീക്ഷിച്ചു. രവീന്ദ്രൻ നായർ എന്ന രോഗിയെ ലിഫ്റ്റിൽ നിന്നും ഇറക്കിയ സമയവും തീയതിയും വ്യക്തമാക്കി ഒരു തുടർ റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകി.

രവീന്ദ്രൻ നായരെ രക്ഷപ്പെടുത്തിയെന്ന് പറയുന്ന ജൂലൈ 14 ന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളും പ്രവർത്തിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കണം. അന്ന് ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ സേവനം ലഭ്യമായിരുന്നോ എന്നും റിപ്പോർട്ടിൽ വ്യക്തമാക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## മിഠായി പദ്ധതി : തുക കൃത്യമായി വിനിയോഗിക്കണം

പ്രമേഹ ബാധിതരായ കുട്ടികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന മിഠായി പോലുള്ള പദ്ധതികൾക്ക് അനുവദിക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തരുതെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

പ്രമേഹബാധിതരായ കുട്ടികൾക്ക് വേണ്ടി നടന്ന ശില്പശാലയുടെ ഉദ്ഘാടനം മുസ്ലീം അസോസിയേഷൻ ഹാളിൽ നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് വേണ്ടിയാണ്. അനുവദിക്കുന്ന തുക യഥാസമയം യഥാസ്ഥലത്ത് വിനിയോഗിക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയണം. അതിനുള്ള ധാർമ്മിക ബാധ്യത ഉദ്യോഗസ്ഥർക്കുണ്ടെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് പറഞ്ഞു.

സർക്കാരിനെ കൊണ്ടു മാത്രം ഇത്തരം പദ്ധതികൾ ഇന്നത്തെ സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്നും സുമനസുകളായ ആളുകളുടെ സഹകരണത്തോടെ പൊതുജന നന്മ ലക്ഷ്യമിടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിവിധ ജില്ലകളിൽ നിന്നുള്ള നൂറോളംകുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും ടൈപ്പ് വൺ ഡയബറ്റിസ് ഫൗണ്ടേഷനും സംയുക്തമായാണ് പദ്ധതി സംഘടിപ്പിക്കുന്നത്.

## ബസുകളുടെ മരണപാച്ചിൽ അവസാനിപ്പിക്കണം

എറണാകുളം - കോട്ടയം റൂട്ടിലെ ബസുകളുടെ മരണപാച്ചിൽ അവസാനിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ,സംസ്ഥാന പോലീസ് മേധാവിക്കും ഗതാഗത കമ്മീഷണർക്കുമാണ് കമ്മീഷൻ ചെയർപേഴ്സൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശം നൽകിയത്.

ജൂലൈ 27 ന് എറണാകുളത്ത് നിന്നും കോട്ടയത്തേക്ക് വന്ന സ്വകാര്യബസ്സ് തലയോലപറമ്പ് വെട്ടിക്കടമുക്കിൽ നിയന്ത്രണം വിട്ട് മറിഞ്ഞ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സമർപ്പിച്ച പരാതിയിലാണ് നടപടി. അമിതവേഗത കാരണം അപകടമുണ്ടാകുമ്പോൾ സിവിൽ, ക്രിമിനൽ നിയമ പ്രകാരം നടപടിയെടുക്കണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു. കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള ബസുകളിലെ വേഗപൂട്ട് സംവിധാനം പ്രവർത്തിക്കുന്നുണ്ടോയെന്ന് മോട്ടോർവാഹന വകുപ്പും പോലീസും സംയുക്ത പരിശോധന നടത്തണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു. വേഗപൂട്ട് പ്രവർത്തിച്ചില്ലെങ്കിൽ ബസുകളുടെ പെർമിറ്റ് റദ്ദാക്കണം. നിലവിലുള്ള ബസ് പെർമിറ്റുകൾ റണ്ണിംഗ് ടൈം അനുസരിച്ച് പുനക്രമീകരിക്കണമെന്നും പരാതിക്കാരനായ

തലയോലപ്പറമ്പ് സ്വദേശി ഫിറോസ് മാവുങ്കൽ ആവശ്യപ്പെട്ടു. അനധികൃത ഓവർടേക്കിംഗ്, ഗതാഗത തടസം സൃഷ്ടിക്കുന്ന പ്രകടനങ്ങൾ തുടങ്ങിയവ നിയന്ത്രിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

## വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം അനുവദിച്ചില്ല : റിപ്പോർട്ട് തേടി

തിരുവനന്തപുരം കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിലെ ഒ.ബി.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട 2019-20 ലെ ഫീസാനുകൂല്യം ലഭിച്ചില്ലെന്ന പരാതിയിൽ ഇതുവരെ സ്വീകരിച്ച നടപടികളെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. ഫീസാനുകൂല്യം നൽകാനുള്ള ഗ്രാന്റ് എത്രയും വേഗം അനുവദിക്കണമെന്ന് കഴിഞ്ഞ വർഷം മാർച്ച് 8 ന് കമ്മീഷൻ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ഫണ്ട് ലഭ്യമായാലുടൻ ഫീസാനുകൂല്യം അനുവദിക്കുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി കമ്മീഷനെ അറിയിച്ചിരുന്നു. എന്നാൽ ഇതുവരെയും ഫീസാനുകൂല്യം ലഭിച്ചില്ലെന്ന് പരാതിക്കാരനായ അദ്വൈത് ഷാജി കമ്മീഷനെ അറിയിച്ച സാഹചര്യത്തിലാണ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെ കുറിച്ചുള്ള റിപ്പോർട്ട് കമ്മീഷൻ ആവശ്യപ്പെട്ടത്.

## ടാറിങ് പൂർത്തിയാക്കിയ സ്മാർട്ട് റോഡുകൾ കുഴിക്കുന്നു: ജലവിഭവ സെക്രട്ടറി പരിഹാരം കാണണം

ആദ്യഘട്ട ടാറിങ് പൂർത്തിയായ സ്മാർട്ട് റോഡുകൾ കുടിവെള്ള പൈപ്പ് കണക്ഷൻ നൽകാൻ വീണ്ടും വെട്ടിപൊളിക്കുന്നതായി പരാതിയുയർന്ന സാഹചര്യത്തിൽ, ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ എഞ്ചിനീയർമാർ എന്നിവരടങ്ങിയ ഒരു സ്പെഷ്യൽ ടീമിന് ജലവിഭവ വകുപ്പ് സെക്രട്ടറി രൂപം നൽകി സമയബന്ധിതമായി റോഡുകൾ പൂർവ സ്ഥിതിയിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

സ്മാർട്ട് റോഡുകൾ ആവർത്തിച്ച് കുഴിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

പൈപ്പ് ലൈനുകൾ സ്ഥാപിച്ചശേഷം റോഡുകൾ വീണ്ടും കുത്തിപൊളിക്കുന്നത് അടിയന്തരമായി പരിശോധിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഭാവിയിൽ ഇത്തരം ഇരട്ടപ്പണി ഒഴിവാക്കുന്നതിന് ഉയർന്ന ഉദ്യോഗസ്ഥരുമായി ജലവിഭവ വകുപ്പ് സെക്രട്ടറി കൂടിയാലോചന നടത്തി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

ജലവിഭവ വകുപ്പ സെക്രട്ടറി ആവശ്യമായ കൂടിയാലോചനകൾക്ക് ശേഷം രണ്ടാമതും കുഴിച്ച സമാർട്ട് റോഡുകൾ പൂർവ സ്ഥിതിയിലാക്കാൻ ആവശ്യമായ സമയവും സ്വീകരിച്ച നടപടികളും കമ്മീഷനെ അറിയിക്കണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറും ചീഫ് എഞ്ചിനീയറും റിപ്പോർട്ട് സമർപ്പിക്കണം. റോഡ് ഫണ്ട് ബോർഡ്, സ്മാർട്ട് സിറ്റി പ്രോജക്ട് എന്നീ സ്ഥാപനങ്ങളുടെ വിശദീകരണങ്ങളും ഇതിനൊപ്പം സമർപ്പിക്കണം.

തിരുവനന്തപുരം നഗരത്തിൽ നടത്തുന്ന അറ്റകുറ്റപണികളെ കുറിച്ച് ജല അതോറിറ്റി എം.ഡി യഥാസമയം സിറ്റി പോലീസ് കമ്മീഷണറെ അറിയിക്കണം. കമ്മീഷണർ ഇക്കാര്യം ട്രാഫിക് പോലീസിനെ അറിയിച്ച ശേഷം പൊതുജനങ്ങൾക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ നടപടിയെടുക്കണം. സ്വീകരിച്ച നടപടികൾ കമ്മീഷണർ മനുഷ്യാവകാശ കമ്മീഷനെ അറിയിക്കണം. ഒരു മാസത്തിനകം റിപ്പോർട്ടുകൾ സമർപ്പിക്കണം.

പൊതുജനങ്ങൾക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ നടപടിയെടുക്കണം. സ്വീകരിച്ച നടപടികൾ കമ്മീഷണർ മനുഷ്യാവകാശ കമ്മീഷനെ അറിയിക്കണം. ഒരു മാസത്തിനകം റിപ്പോർട്ടുകൾ സമർപ്പിക്കണം.

## കേബിൾ കുരുങ്ങി അപകടം : ശക്തമായ ഇടപെടലുമായി കമ്മീഷൻ

എറണാകുളം കളമശേരി ഇഖറ മസ്ജിദ് ഇമാം അബ്ദുൾ അസീസ് സഞ്ചരിച്ചിരുന്ന ഇരു ചക്ര വാഹനം റോഡിൽ താഴ്ന്ന് കിടന്ന കേബിളിൽ കുരുങ്ങി നിയന്ത്രണം വിട്ട് മറിഞ്ഞ് ഇമാമിന് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ശക്തമായ ഇടപെടലുമായി മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

സംഭവത്തെ കുറിച്ച് കൃത്യമായ വിശദീകരണം നൽകുന്നതിനായി ജില്ലാ പോലീസ് മേധാവിയും (കൊച്ചി സിറ്റി) കളമശേരി മുൻസിപ്പൽ സെക്രട്ടറിയും ചുമതലപ്പെടുത്തുന്ന മുതിർന്ന ഉദ്യോഗസ്ഥർ മനുഷ്യാവകാശ കമ്മീഷൻ സിറ്റിങ്ങിൽ നേരിട്ട് ഹാജരാകണമെന്ന് ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കാക്കനാട്) സിറ്റിങിൽ നേരിട്ട് ഹാജരാകണം. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

2024 ഓഗസ്റ്റ് 19 ന് ഉച്ചയ്ക്ക് 12 ന് എച്ച്. എം. റ്റി - എൻ.എ. ഡി റോഡിൽ കീഡ് എന്ന സ്ഥാപനത്തിന് മുന്നിലാണ് അബ്ദുൾ അസീസിന് അപകടം സംഭവിച്ചത്.

അബ്ദുൾ അസീസിന് അപകടമുണ്ടാക്കിയ കേബിൾ ഏത് ഏജൻസിയാണ് സ്ഥാപിച്ചത്, അതിന് മുൻകൂർ അനുമതി വാങ്ങിയിരുന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയോ ഏജൻസിയുടെയോ വിവരങ്ങൾ എന്നിവ കളമശേരി മുൻസിപ്പൽ സെക്രട്ടറിയും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഇപ്രകാരം അനുമതി വാങ്ങിയിരുന്നുവെങ്കിൽ അതിന്റെ രേഖകളും ഹാജരാക്കണം.

അപകടത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആർക്കെതിരെ, ഏത് സ്റ്റേഷനിൽ, ഏതൊക്കെ വകുപ്പുകൾ ചേർത്തു എന്നീ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെ നിയോഗിച്ച് അന്വേഷിച്ച് ജില്ലാ പോലീസ് മേധാവി സമർപ്പിക്കണം. ഇതിൽ അബ്ദുൾ അസീസിന്റെ ചികിത്സാ വിശദാംശങ്ങൾ, ഇപ്പോഴത്തെ സ്ഥിതി, ഡോക്ടറുടെ മൊഴി എന്നിവ ഉൾപ്പെടുത്തണം. എഫ്.ഐ. ആർ. ഉണ്ടെങ്കിൽ പകർപ്പും ഹാജരാക്കണം. റിപ്പോർട്ടുകൾ രണ്ടാഴ്ചക്കുള്ളിൽ സമർപ്പിക്കണമെന്നും ഉത്തരവിൽ പറയുന്നു.

ചെമ്പുമുക്ക് പള്ളിക്ക് സമീപം 2022 ജൂണിൽ അലൻ ആൽബർട്ട് എന്നയാൾ കേബിൾ കഴുത്തിൽ കുരുങ്ങി മരിച്ചതിനെ തുടർന്ന് കമ്മീഷൻ പാസാക്കിയ ഉത്തരവ് നടപ്പാക്കാത്തത് കാരണമായി

രിക്കാം ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. അലക്ഷ്യവും അപകടകരവുമായി സ്ഥാപിച്ച കേബിളുകൾ നീക്കണമെന്ന് 2022 ഒക്ടോബർ 22 ന് പാസാക്കിയ ഉത്തരവിൽ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർ നടപടികൾക്ക് തദ്ദേശ സ്വയം ഭരണ, പൊതു മരാമത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിരുന്നു.

## മുദ്രപത്ര ദൗർലഭ്യം : കമ്മീഷൻ ഇടപെടുന്നു

ചെറിയ തുകയ്ക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പഴയ മുദ്രപത്രങ്ങൾ

പുനർമൂല്യനിർണയം ചെയ്യാൻ അധികാരമുള്ള കൂടുതൽ റവന്യൂ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയമിക്കണമെന്ന ആവശ്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് സർക്കാരിൽ നിന്നും വിശദീകരണം തേടി.

വാടക കരാർ, ചിട്ടി, സമ്മത പത്രങ്ങൾ തുടങ്ങിയവക്ക് ആവശ്യമുള്ള 100, 200, 500 രൂപയുടെ മുദ്രപത്രങ്ങൾക്കാണ് ക്ഷാമമെന്ന് പരാതിയിൽ പറയുന്നു. എന്നാൽ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ കെട്ടികിടക്കുന്ന 5, 10, 20 രൂപയുടെ പഴയ മുദ്രപത്രങ്ങൾ പുനർമൂല്യം ചെയ്താൽ പ്രതിസന്ധി പരിഹരിക്കാമെന്നും പരാതിക്കാരൻ അറിയിച്ചു. എന്നാൽ ഇതിനാവശ്യമുള്ള റവന്യൂ ഉദ്യോഗസ്ഥരുടെ കുറവുള്ളതായി പരാതിക്കാരൻ അറിയിച്ചു. ചെറിയ തുകയുടെ മുദ്രപത്രങ്ങൾ ലഭിക്കാത്തതു കാരണം 1000, 5000 രൂപയുടെ മുദ്രപത്രങ്ങൾ വാങ്ങാൻ ആവശ്യക്കാർ നിർബന്ധിതരാകുന്നതായി പരാതിയിൽ പറയുന്നു.

റവന്യൂ സെക്രട്ടറി, നികുതി സെക്രട്ടറി, ട്രഷറി ഡയറക്ടർ, രജിസ്ട്രേഷൻ ഐ.ജി. എന്നിവർ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ആനയറ ആർ. കെ. ജയൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾക്ക് മർദ്ദനം: ഡി.വൈ എസ്.പി അന്വേഷിക്കണം

പാലക്കാട് നെന്മാറയിലും പട്ടാമ്പിയിലും പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികളെ പോലീസ് അകാരണമായി മർദ്ദിച്ചെന്ന പരാതികളെ കുറിച്ച് ഡി.വൈ.എസ്. പി റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

നെന്മാറ ടൗണിൽ കടയുടെ മുന്നിൽ നിൽക്കുകയായിരുന്ന ചാത്തമംഗലം സ്വദേശിയായ പ്ലസ് ടു വിദ്യാർത്ഥിയെ ഓഗസ്റ്റ് 26 ന് നെന്മാറ എസ്.ഐ അകാരണമായി മർദ്ദിച്ചെന്നാണ് ഒരു പരാതി. വാഹന പരിശോധനക്കിടെ നിർത്താതെ പോയ ബൈക്കിനെ പിന്തുടർന്നെത്തിയ പട്ടാമ്പി പോലീസ് 16 കാരനായ ഓങ്ങല്ലൂർ സ്വദേശിയായ പ്ലസ് ടു വിദ്യാർത്ഥിയെ മർദ്ദിച്ചെന്നാണ് രണ്ടാമത്തെ പരാതി.

മർദ്ദനമേറ്റ കുട്ടികൾക്ക് പ്രായപൂർത്തിയാകാത്തത് കേസിന്റെ ഗൗരവം വർധിപ്പിക്കുന്നതായി ഉത്തരവിൽ പറയുന്നു.

ആരോപണ വിധേയരായ പോലീസുദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ, അവരുടെ വിശദീകരണം, കുട്ടിയുടെയും അച്ഛന്റെയും മൊഴികൾ, കുട്ടികളെ പരിശോധിച്ച ആശുപത്രിയിലെ ചികിത്സാ രേഖകൾ, ഡോകടർമാരുടെ മൊഴി, മറ്റ് സാക്ഷി മൊഴികൾ, സി.സി. റ്റി. വി. ഫുട്ടേജ് പരിശോധിച്ച വിവരങ്ങൾ എന്നിവ റിപ്പോർട്ടിനൊപ്പം ഹാജരാക്കണം. മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും ഇവർക്കെതിരെ മുമ്പ് അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങളും റിപ്പോർട്ടിലുണ്ടാവണം.

അന്വേഷണം നിഷ്പക്ഷവും നീതിയുക്തവുമായിരിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

നിർത്താതെ പോകുന്ന വാഹനങ്ങൾ പിന്തുടർന്ന് പിടിക്കരുതെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കുലർ ഇറക്കിയിട്ടുണ്ടെങ്കിൽ അത് ഹാജരാക്കണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു.

## കമ്പിവേലിയിൽ നിന്നും ഷോക്കേറ്റ് മരണം: അന്വേഷണം കാലതാമസമില്ലാതെ പൂർത്തിയാക്കണം

സ്വകാര്യ വസ്തുവിൽ സ്ഥാപിച്ചിട്ടുള്ള കമ്പിവേലിയിൽ നിന്നും ഷോക്കേറ്റ് മരണം സംഭവിച്ച സാഹചര്യത്തിൽ വെഞ്ഞാറമൂട് പോലീസ് രജിസ്റ്റർ ചെയ്ത 438/24 നമ്പർ ക്രൈം കേസിന്റെ അന്വേഷണം കാലതാമസം കൂടാതെ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

നഷ്ടപരിഹാരം ലഭിക്കണമെന്നുണ്ടെങ്കിൽ മരിച്ചയാളുടെ ഭാര്യ കോടതിയെ സമീപിക്കണമെന്നും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി ഇതിനാവശ്യമായ സഹായം നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

വെഞ്ഞാറമൂട് വെള്ളു മണ്ണടി ചക്കക്കാട് സ്വദേശി ഷൈനാദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി. 2024 മാർച്ച് 24 ന് രാത്രിയാണ് പരാതിക്കാരിയുടെ ഭർത്താവ് അരുൺ ഷോക്കേറ്റ് മരിച്ചത്. വെള്ളു മണ്ണടി ഓലിക്കര സ്വദേശികളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നിന്നുള്ള കമ്പിവേലിയിൽ നിന്നാണ് ഷോക്കേറ്റതെന്ന് പരാതിയിൽ പറയുന്നു.

വെഞ്ഞാറമൂട് എസ്. എച്ച്. ഒ റിപ്പോർട്ട് സമർപ്പിച്ചു. വസ്തു ഉടമകളായ സുശീലനും മകളായ ആശക്കും തിരുവനന്തപുരം സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ പറയുന്നു. ഭർത്താവിന്റെ മരണത്തോടെ തന്റെയും 13 വയസ്സുള്ള മകളുടെയും ജീവിതം പ്രതിസന്ധിയിലായെന്ന് പരാതിക്കാരി അറിയിച്ചു.

## പൊതു ഇടങ്ങളിലെ കേബിളുകൾ: പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥർ ഹാജരാകണം

പൊതു ഇടങ്ങളിൽ അപകടകരമായി സ്ഥാപിച്ച കേബിളുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ നീക്കം ചെയ്യണമെന്ന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോ

ഗസ്ഥർ നേരിട്ട് വിശദീകരിക്കരിക്കണമന്ന് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ്. അലക്സാണ്ടർ തോമസ്.

തിരുവനന്തപുരം കമ്മീഷൻ ഓഫീസിൽ നടക്കുന്ന സിറ്റിംഗിൽ രണ്ട് മുതിർന്ന ഉദ്യോഗസ്ഥരോട് ഹാജരാകാൻ നിർദ്ദേശിക്കണമെന്ന് കമ്മീഷൻ തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് വകുപ്പ് ഗവ. സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി.

ചെമ്പുമുക്ക് പള്ളിക്ക് സമീപം 2022 ജൂണിൽ കേബിൾ കുരുങ്ങി അലൻ ആൽബർട്ട് എന്നയാൾ മരിച്ച സംഭവത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് 2022 ഒക്ടോബർ 27 ന് കമ്മീഷൻ അധികൃതർക്ക് നിർദ്ദേശം നൽകിയത്. പൊതുസ്ഥലങ്ങളിൽ കേബിൾ സ്ഥാപിക്കുന്നതിന് മുമ്പ് തദ്ദേശ സ്ഥാപനങ്ങളുടെയും, പൊതുമരാമത്തിന്റെയും അനുമതി വാങ്ങണമെന്നും ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്തതുകൊണ്ടാണ് ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നതെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## മോശം പെരുമാറ്റം : ഡി. വൈ.എസ്. പി അന്വേഷിക്കണം

ഭിന്നശേഷിയുള്ള കുഞ്ഞിനും അമ്മക്കും പോത്തൻകോട് പോലീസ് സ്റ്റേഷനിൽ നിന്നും മോശം പെരുമാറ്റവും ബുദ്ധിമുട്ടുകളുമുണ്ടായെന്ന പരാതിയെ കുറിച്ച് ഡി.വൈ.എസ്.പി തലത്തിൽ അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. അലക്സാണ്ടർ തോമസ്.

അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കണമെന്ന് കമ്മീഷൻ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി. സംഭവ ദിവസം ചുമതലയുണ്ടായിരുന്ന എസ്.എച്ച്.ഒ രേഖാമൂലം വിശദീകരണം സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

നാലാഞ്ചിറ സ്വദേശിനി സമർപ്പിച്ച പരാതിയിലാണ് നടപടി. പരാതിക്കാരിക്കെതിരെ പോത്തൻകോട് സ്റ്റേഷനിൽ മേഴ്സി സെബാസ്റ്റ്യൻ എന്നയാൾ സിവിൽ തർക്കം ഉന്നയിച്ച് പരാതി നൽകിയെന്നും 2022 ഓഗസ്റ്റ് 31 ന് രാവിലെ 10 ന് സ്റ്റേഷനിലെത്തിയ തന്നെയും കുഞ്ഞിനെയും ഒരു മണിവരെ കാത്തിരുത്തിയെന്നും പരാതിയിൽ പറയുന്നു. പരാതിക്കാരിയെ അപമാനിക്കുന്ന തരത്തിൽ പോലീസുദ്യോഗസ്ഥൻ സംസാരിച്ചതായും പരാതിയിലുണ്ട്.

നെടുമങ്ങാട് ഡി.വൈ.എസ്.പി യിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. സുഖമില്ലാത്ത കുഞ്ഞുമായി സ്റ്റേഷനിലെത്തിയ പരാതിക്കാരി ബഹളമുണ്ടാക്കിയതായി റിപ്പോർട്ടിൽ പറയുന്നു. നെടുമങ്ങാട് ഡി വൈ എസ്.പിയെ ഒഴിവാക്കി മറ്റൊരു ഡി.വൈ.എസ്.പിയെ കൊണ്ട് അന്വേഷിക്കാനാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്.

## റോഡിലെ ദുരവസ്ഥ : പരിഹാര നിർദ്ദേശങ്ങളുമായി ഉദ്യോഗസ്ഥർ ഹാജരാകണം

ഗതാഗതയോഗ്യമല്ലാതായി മാറിയ തിരുവനന്തപുരം മണക്കാട് - തിരുവല്ലം റോഡിന്റെ ദുരവസ്ഥ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമായി പൊതുമരാമത്തിന്റെയും ജല അതോറിറ്റിയുടെയും ഉദ്യോഗസ്ഥർ നേരിട്ട് ഹാജരാകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഇരുവകുപ്പുകളിലെയും ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകി.

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

മണക്കാട് - തിരുവല്ലം റോഡിലെ കല്ലാട്ടുമുക്ക് ജംഗ്ഷനിലെ വെള്ളക്കെട്ട് പരിഹരിക്കാൻ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതായി പറയുന്ന പദ്ധതി എന്നാണ് തുടങ്ങിയതെന്ന് പൊതുമരാമത്ത് നിരത്തുകൾ വിഭാഗം സമർപ്പിക്കുന്ന റിപ്പോർട്ടിൽ വ്യക്തമാക്കണം. ഏത് സർക്കാർ വകുപ്പിനാണ് പദ്ധതിയുടെ ചുമതലയെന്ന് വ്യക്തമാക്കണം. ഈ റോഡിൽ എത്ര കുഴികളുണ്ടെന്നും ടാർ ഇളകാൻ കാരണമെന്തന്നും വ്യക്തമാക്കണം.കുറ്റമറ്റ രീതിയിൽ എന്ന് പണി പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കണം. റിപ്പോർട്ട് തയ്യാറാക്കാൻ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തണമെന്ന് കമ്മീഷൻ പൊതു മരാമത്ത് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പഠിച്ച് ചീഫ് എഞ്ചിനീയർ (റോഡ്സ്) പ്രശ്ന പരിഹാര നടപടികൾ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കണം.

പൈപ്പ് സ്ഥാപിക്കാൻ കുഴിയെടുത്തതു കാരണമാണ് റോഡ് തകർന്നതെന്ന് ആക്ഷേപമുള്ളതിനാൽ പുതിയ പൈപ്പ് സ്ഥാപിക്കാൻ എന്നാണ് കുഴിയെടുത്തതെന്നും കുഴിയടക്കാൻ കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണെന്നും ജല അതോറിറ്റി വ്യക്തമാക്കണം. പൈപ്പ് സ്ഥാപിക്കലും കുഴിയടക്കലും കുറ്റമറ്റ രീതിയിൽ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കണം. റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ജല അതോറിറ്റി ചീഫ് എഞ്ചിനീയർ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തണം. അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പഠിച്ച് ചീഫ് എഞ്ചിനീയർ പ്രശ്ന പരിഹാര നടപടികൾ അടങ്ങുന്ന റിപ്പോർട്ട് സെപ്റ്റംബർ 30 ന് മുമ്പ് കമ്മീഷനിൽ സമർപ്പിക്കണം.

വെള്ളക്കെട്ട് ഒഴിവാക്കുക, അറ്റകുറ്റപണികൾ നടത്തുക,പൈപ്പുകൾ സ്ഥാപിക്കുക എന്നിവയ്ക്കായി ജല അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും പൊതു റോഡുകളിൽ നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതെ അനന്തമായി നീളുന്നത് റോഡുകളുടെ ശോചനീയാവസ്ഥക്ക് കാരണമാകുന്നതായി ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിരീക്ഷിച്ചു. കുഴികളും മറ്റും ഒഴിവാക്കി സുഗമമായ സഞ്ചാര സ്വാതന്ത്ര്യം പൊതുജനങ്ങൾക്ക് ഒരുക്കി കൊടുക്കേണ്ടത് അനിവാര്യമാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## വഴുതക്കാട് വാർഡിലെ കുടിവെള്ളം പരിഹരിക്കാൻ കമ്മീഷൻ ഇടപെടുന്നു

തിരുവനന്തപുരം വഴുതക്കാട് വാർഡിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജല അതോറിറ്റി ചീഫ് എഞ്ചിനിയറും ബന്ധപ്പെട്ട എഞ്ചിനിയർമാരും അടങ്ങുന്ന ഒരു സമിതിക്ക് രൂപം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ജല അതോറിറ്റി എം.ഡി ക്ക് നിർദ്ദേശം നൽകി.

വഴുതക്കാട് വാർഡിലെ കുടിവെള്ള ക്ഷാമത്തെ കുറിച്ച് പ്രസിദ്ധീകരിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ജല അതോറിറ്റി എം.ഡി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി കണ്ടെത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. സമയപരിധി നിശ്ചയിച്ച് യഥാസമയം പരിഹാര നടപടികൾ സ്വീകരിക്കണം. കുടിവെള്ള ക്ഷാമത്തിന് കാരണമായ പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ, കാലതാമസത്തിനുള്ള കാരണങ്ങൾ എന്നിവ കണ്ടെത്തി സ്വീകരി

ച്ച നടപടികൾ എം.ഡി കമ്മീഷനെ അറിയിക്കണമെന്നും ഉത്തരവിൽ പറഞ്ഞു. വിഷയത്തിൽ നഗരസഭാ സെക്രട്ടറി പ്രത്യേക റിപ്പോർട്ട് സമർപ്പിക്കണം. ഇതിൽ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ജലഅതോറിറ്റിക്ക് മുന്നിൽ നഗരസഭ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കണം. കുടിവെള്ള ക്ഷാമത്തിന്റെ യഥാർത്ഥ കാരണങ്ങൾ വിലയിരുത്തി വഴുതക്കാട് വാർഡ് കൗൺസിലറും റിപ്പോർട്ട് സമർപ്പിക്കണം. ഇതിൽ പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കണം. 3 ആഴ്ചക്കുള്ളിൽ റിപ്പോർട്ടുകൾ സമർപ്പിക്കണം.

ജല അതോറിറ്റി എം.ഡി യും നഗരസഭാ സെക്രട്ടറി നിർദ്ദേശിക്കുന്ന രണ്ട് മുതിർന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വിശദീകരണങ്ങളുമായി കമ്മീഷൻ ഓഫീസിൽ നടക്കുന്ന സിറ്റിംഗിൽ ഹാജരാകണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു.

## മൃതദേഹങ്ങൾ കോട്ടയം ജില്ലയിൽ പോസ്റ്റുമോർട്ടം ചെയ്യാനുള്ള സാധ്യത പരിശോധിക്കണം

ഇടുക്കി പീരുമേട് താലൂക്കിൽ അത്യാഹിതങ്ങളോ ആത്മഹത്യയോ കാരണം മരിക്കുന്നവരുടെ മൃതശരീരങ്ങൾ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിലോ കോട്ടയം മെഡിക്കൽ കോളേജിലോ പോസ്റ്റ്മോർട്ടം ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

സംസ്ഥാന പോലീസ് മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറും ഇക്കാര്യം പരിശോധിച്ച് മൂന്നാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. റിപ്പോർട്ടുകൾ മൂന്നാഴ്ചക്കകം സമർപ്പിക്കണം.

പെരുവന്താനം,കൊക്കയാർ പഞ്ചായത്തുകളിൽ ആത്മഹത്യയോ അത്യാഹിതമോ കാരണം മരിക്കുന്നവരുടെ മൃതശരീരങ്ങൾ ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ തന്നെ പോസ്റ്റ്മോർട്ടം ചെയ്യണമെന്ന ആരോഗ്യവകുപ്പിന്റെ നിർദ്ദേശത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

പീരുമേട്ടിലെ പഞ്ചായത്തുകളിൽ നിന്നും ഇടുക്കി മെഡിക്കൽ കോളേജിലേക്ക് 100 കിലോമീറ്റർ ദൂരമുണ്ടെന്നും കോട്ടയം മെഡിക്കൽ കോളേജിലേക്ക് 55 കിലോമീറ്റർ മാത്രമാണുള്ളതെന്നും പരാതിക്കാരനായ പെരുവന്താനം സ്വദേശി മുഹമ്മദ് നിസാർ പരാതിയിൽ പറഞ്ഞു.

അതാത് ജില്ലകളിൽ തന്നെ പോസ്റ്റ്മോർട്ടം നടത്തണമെന്ന് ഡോക്ടർമാരും പോലീസും നിർബന്ധം പിടിക്കുകയാണെന്നും പരാതിയിൽ പറയുന്നു. ഈ സാഹചര്യത്തിലാണ് കുറഞ്ഞപക്ഷം പീരുമേട് താലൂക്കിലെങ്കിലും ഇളവ് നൽകാൻ കഴിയുമോ എന്ന് കമ്മീഷൻ ആരാഞ്ഞത്.

## യുവതിയുടെ ആത്മഹത്യ: കാലതാമസം കൂടാതെ അന്തിമ റിപ്പോർട്ട് സമർപ്പിക്കണം


കൊല്ലം മരുത്തടി കന്നിമേൽ ചേരി സ്വദേശിനിയുടെ ആത്മഹത്യയിൽ അയിരൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കാലതാമസം കൂടാതെ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ്. അലക്സാണ്ടർ തോമസ്.

വർക്കല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. അയിരൂർ പോലീസ് രജിസ്റ്റർ ചെയ്ത 1073/22 നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയാക്കാനാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. ശ്രീകലയുടെ പിതാവ് കെ. ശങ്കരൻകുട്ടി സമർപ്പിച്ച പരാതിയിലാണ് നടപടി. വർക്കല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിച്ചു. 2022 ഡിസംബർ 28 ന് വൈകിട്ട് ഇടവ കാപ്പിൽ കണ്ണൻ മൂല ചന്ദ്രത്തിൽ വീട്ടിലാണ് ശ്രീകല ആത്മഹത്യ ചെയ്തത്. ഭർത്താവിന്റെ നിരന്തര പീഡനത്തെ തുടർന്നാണ് ശ്രീകല ആത്മഹത്യ ചെയ്തതെന്ന് പരാതിയിൽ പറയുന്നു. മകളുടെ മരണത്തെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തി പ്രതികൾക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നാണ് ആവശ്യം.

## മുതലപ്പൊഴിയിലെ അപകടങ്ങൾ: നടപടി റിപ്പോർട്ട് സമർപ്പിക്കണം

തിരുവനന്തപുരം മുതലപ്പൊഴി അഴിമുഖത്ത് ബോട്ട് മറിഞ്ഞ് മത്സ്യത്തൊഴിലാളികൾ മരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി തുറമുഖ വകുപ്പ് സ്വീകരിച്ച നടപടികളെ കുറിച്ചും നിലവിലെ സാഹചര്യം വ്യക്തമാക്കിയും തുറമുഖ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം. മുതലപ്പൊഴിയിൽ 2011 ജനവരി മുതൽ 2023 ഓഗസ്റ്റ് വരെ അഴിമുഖത്തും കടലിലുമുണ്ടായ അപകടങ്ങളിൽ 66 പേർ മരിച്ചതായി ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ കമ്മീഷനെ അറി



യിച്ചു. അപകടങ്ങൾ തുടർച്ചയാകുന്ന സാഹചര്യത്തിൽ പുലിമുട്ട് നിർമ്മാണത്തിലെ അപാകതകൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പൂനെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ട് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

അഴിമുഖത്തും ചാനലിലും കിടക്കുന്ന കല്ലുകൾ നീക്കം ചെയ്ത് ഡ്രഡ്ജിംഗ് പൂർത്തിയാക്കാൻ അദാനി പോർട്ടിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതായി റിപ്പോർട്ടിൽ പറയുന്നു. തുറമുഖത്തിന്റെ തെക്കുഭാഗത്ത് അടിയുന്ന മണ്ണ് നീക്കം ചെയ്ത് തീരശോഷണം സംഭവിക്കുന്ന വടക്ക് ഭാഗത്ത് നിക്ഷേപിക്കാനുള്ള പ്രവൃത്തിയുടെ ദർഘാസ് നടപടി പൂർത്തിയായതായി റിപ്പോർട്ടിലുണ്ട്. സുരക്ഷക്കായി കൂടുതൽ ലൈഫ് ഗാർഡുമാരെ നിയോഗിക്കുമെന്നും റിപ്പോർട്ടിലുണ്ട്. ആമ്പുലൻസ് അനുവദിച്ചിട്ടുണ്ട്.

## റോഡിന്റെ ഇരുവശത്തുമുള്ള സാധനങ്ങൾ നീക്കണം

എറണാകുളം ചേന്ദമംഗലം വടക്കുംപുറം ഗോതുരുത്ത് റോഡിന്റെ ഇരുവശങ്ങളിലും കൂട്ടിയിട്ടിരിക്കുന്ന കോൺക്രീറ്റ് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ അടിയന്തരമായി നീക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ചേന്ദമംഗലം പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

വീട്ടുകാരുടെ മതിൽ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് റോഡിന്റെ വശങ്ങളിൽ മരം, ഇരുമ്പ് പോസ്റ്റ്, കോൺക്രീറ്റ് മതിലുകളുടെ അവശിഷ്ടങ്ങൾ എന്നിവ കൂട്ടിയിട്ടിരിക്കുന്നതെന്നാണ് പരാതി.

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ വടക്കുംപുറം - ഗോതുരുത്ത് പൊതുമരാമത്ത് റോഡിലും പഞ്ചായത്ത് റോഡിലും സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതെന്ന് പറയുന്നു. സാധനങ്ങൾ നീക്കാൻ വീട്ടുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ട്. ചില സാധനങ്ങൾ നീക്കിയെങ്കിലും ബാക്കി സ്ഥലത്ത് തന്നെയുണ്ടെന്ന് പരാതിക്കാരനായ ക്രിസ്റ്റി ഗോതുരുത്ത് കമ്മീഷനെ അറിയിച്ചു. വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലാണ് സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത്.

## ഭവനനിർമ്മാണ വായ്പക്ക് ഈടായി നൽകിയ ആധാരം തിരികെ നൽകണം

കേരള ബാങ്ക് പുതുപ്പള്ളി ശാഖയിൽ നിന്നും ഭവനനിർമ്മാണത്തിനായി വാങ്ങിയ 25 ലക്ഷം രൂപയുടെ വായ്പക്ക് ഈടായി നൽകിയ സ്ഥലം വിറ്റ് വായ്പ തീർപ്പാക്കുന്നതിന് സ്ഥലത്തിന്റെ ആധാരം വിട്ടു നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കേരള ബാങ്ക് പുതുപ്പള്ളി ശാഖാ മാനേജർക്കാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ ബൈജുനാഥ് നിർദ്ദേശം നൽകിയത്. കോട്ടയം പരിയാരം സ്വദേശി സമർപ്പിച്ച പരാതിയിലാണ് നടപടി.

പരാതിക്കാരൻ വായ്പ അടയ്ക്കുന്നതിന് മുടക്കം വരുത്തിയതിനെ തുടർന്ന് ബാങ്ക് ജപ്തി നടപടികളിലേക്ക് പ്രവേശിച്ചു. ആധാരം ബാങ്കിലാണെന്നും അത് തിരികെ നൽകിയാൽ വസ്തു വിറ്റ് വായ്പാ കുടിശ്ശിക തീർക്കാമെന്നും പരാതിക്കാരൻ അറിയിച്ചു. തുടർന്നാണ് വായ്പാ കുടിശ്ശിക അടച്ചു തീർക്കുന്നതിന് സൗകര്യവും അതിനാവശ്യമായ സമയവും ബാങ്ക് അനുവദിച്ചു നൽകണമെന്ന് കമ്മീഷൻ ഉത്തരവിട്ടത്.

## ജില്ലാ പോലീസ് മേധാവിക്ക് നോട്ടീസ്

72 വയസ്സുള്ള പിതാവിനെ മകൾ സംരക്ഷിക്കണമെന്ന കൊല്ലം ആർ.ഡി.ഒ.കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഒരു മാസത്തിനകം അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

തൃശ്ശൂർ മേലൂർ കലവറ കടവിൽ റോയ് ചെറിയാനെ പത്തനംതിട്ട മല്ലപ്പള്ളിയിൽ താമസിക്കുന്ന മകൾ റോണി റോയിയും മരുമകൻ കെ.തോമസും സംരക്ഷിക്കണമെന്ന ഉത്തരവ് നടപ്പിലാക്കിയില്ലെന്ന് ആരോപിച്ച് റോയ് ചെറിയാൻ സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ അംഗം വി.കെ ബീനാകുമാരിയുടെ ഉത്തരവ്. മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും നിയമം 2007 പ്രകാരമുള്ള പരാതിയിലാണ് കൊല്ലം ആർ. ഡി. ഒ കോടതി സംരക്ഷണ ഉത്തരവ് നൽകിയത്. എന്നാൽ മകൾ അനുസരിച്ചില്ല.

പരസഹായമില്ലാതെ നടക്കാൻ ബുദ്ധിമുട്ടാണെന്ന് പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു. ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളില്ല. ഉത്തരവ് നടപ്പാക്കി തരണമെന്ന് ആവശ്യപ്പെട്ട് താൻ കൊല്ലം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകിയെങ്കിലും അത് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്ക് അയക്കുക മാത്രമാണ് ചെയ്തതെന്നും പരാതിക്കാരൻ അറിയിച്ചു. തുടർന്നാണ് ജില്ലാ പോലീസ് മേധാവിയിൽ നിന്നും കമ്മീഷൻ വിശദീകരണം ചോദിച്ചത്.

## കുടിവെള്ളം നിഷേധിക്കുന്നു : നടപടിയെടുക്കണം

കഴക്കൂട്ടം വെട്ടുറോഡ് – വെഞ്ഞാറമൂട് റോഡിന്റെ വലതു വശത്ത് താമസിക്കുന്നവർക്ക് കുടിവെള്ളം നൽകുകയും ഇടതുവശത്ത് താമസിക്കുന്നവർക്ക് കുടിവെള്ളം നിഷേധിക്കുകയും ചെയ്യുകയാണെന്ന പരാതി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

റോഡിന്റെ വലതുഭാഗത്ത് മാവിൻമൂട് പുന്നാട്ട് തമ്പുരാൻ ക്ഷേത്രത്തിന്റെ ആർച്ചുവരെ വെള്ളം ലഭ്യമാണ്. പ്രസ്തുത പൈപ്പ് ലൈൻ ഇടതുഭാഗത്തേക്ക് നീട്ടിയാൽ പരിഹരിക്കാവുന്ന വിഷയമാണിതെന്ന് പരാതിക്കാരൻ അറിയിച്ചു.ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടിയാൽ പ്രശ്നപരിഹാരം കാണാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഇപ്രകാരം ചെയ്തശേഷം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണം. ഇതിൽ അമൃത് 2. 0 പദ്ധതി പ്രകാരം ചന്തവിള കാട്ടായിക്കോണം പൈപ്പ് ലൈൻ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ എന്നും വ്യക്തമാക്കണം. കരാറുകാരൻ കരാർ ഒപ്പിട്ടെങ്കിൽ അക്കാര്യവും, പണി എന്ന് പൂർത്തിയാകുമെന്ന വിവരവും റിപ്പോർട്ടിലുണ്ടാകണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഒക്ടോബർ 8 ന് നടക്കുന്ന സിറ്റിംഗിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിയോഗിക്കുന്ന ഒരു സീനിയർ എഞ്ചിനീയർ ഹാജരാകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. പ്രദേശവാസികൾക്ക് വേണ്ടി ശ്രീകുമാരി നൽകിയ പരാതിയിലാണ് നടപടി.

## വായ്പക്ക് ഈട് നൽകിയ പ്രമാണം തിരികെ ലഭിച്ചു

ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട് കാർഷിക കടാശ്വാസ കമ്മീഷൻ പാസാക്കിയ ഉത്തരവ് ബാങ്കിന് ലഭിച്ചില്ലെന്ന പേരിൽ പാറത്തോട് സർവീസ് സഹകരണ ബാങ്ക് വായ്പയെടുത്തയാൾക്ക് തിരികെ നൽകാതിരുന്ന പ്രമാണം മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിലൂടെ തിരികെ ലഭിച്ചു. മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് പാറത്തോട് സർവീസ് സഹകരണ ബാങ്കിന് നൽകിയ നിർദ്ദേശത്തെ തുടർന്നാണ് വായ്പയെടുത്ത പാറത്തോട് സ്വദേശിനിക്ക് പ്രമാണം തിരികെ ലഭിച്ചത്.

2016 ൽ 100,000 രൂപയും 2017 ൽ 3,50,000 രൂപയുമാണ് പരാതിക്കാരി വായ്പയെടുത്തത്. 2022 സെപ്റ്റംബർ 15 ന് കാർഷിക കടാശ്വാസ കമ്മീഷൻ ഹിയറിംഗ് നടത്തുകയും 6,00,000 രൂപ വായ്പയെടുത്തയാളുടെ വിഹിതമായി അടയ്ക്കുകയും ചെയ്തു. പരാതിക്കാരി വായ്പ കുടിശ്ശിക തിരിച്ചടച്ചെങ്കിലും കടാശ്വാസ കമ്മീഷന്റെ ഉത്തരവ് ലഭിക്കാത്തതിനാൽ ബാങ്ക് വായ്പക്ക് ഈടായി നൽകിയ പ്രമാണം തിരികെ നൽകിയില്ല. മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം കടാശ്വാസ കമ്മീഷനെ അറിയിക്കുകയും തുടർന്ന് കടാശ്വാസ കമ്മീഷൻ ഉത്തരവ് ബാങ്കിന് നൽകുകയും ചെയ്തതോടെയാണ് പ്രമാണം തിരികെ

# പ്രമാണം റദ്ദാക്കാൻ കോടതിയെ സമീപിക്കണം

ജീവിതാന്ത്യം വരെ സംരക്ഷിക്കാമെന്ന പേരിൽ 2019 മാർച്ച് 30 ന് വയോധികയുടെ പക്കൽ നിന്നും തീറാധാരം വാങ്ങിയ ഏഴ് സെന്റ് സ്ഥലത്തിന്റെ പ്രമാണം റദ്ദാക്കണമെന്ന വയോധികയുടെ ആവശ്യം സിവിൽ കോടതിയിൽ സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

സ്പെഷ്യൽ റിലീഫ് ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം ഇക്കാര്യം കോടതിയിൽ ഉന്നയിക്കണമെന്നും കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകി. വയോധികയെ വഞ്ചിച്ച് പണവും വിലപിടിപ്പുള്ള വസ്തുക്കളും കരസ്ഥമാക്കിയെന്ന പരാതി ഇലവുംതിട്ട പോലീസിൽ നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. പരാതി കിട്ടിയാൽ ഉചിതമായ അന്വേഷണം നടത്തി തുടർ നടപടികൾ കമ്മീഷനെ അറിയിക്കണമെന്ന് കമ്മീഷൻ ഇലവുംതിട്ട എസ് എച്ച്. ഒ.ക്ക് നിർദ്ദേശം നൽകി.

തുമ്പമൺ താഴം മുറി സ്വദേശിനി സോജ ഷാജൻ തന്റെ ഭർത്താവിന്റെ ബന്ധുവായ 78 വയസുകാരി ശ്രീലക്ഷ്മി കുഞ്ഞികൃഷ്ണന് വേണ്ടി സമർപ്പിച്ച പരാതിയിലാണ് നടപടി. അടൂർ ആർ.ഡി.ഒ.യിലും പത്തനംതിട്ട എസ്.പിക്കും പരാതി നൽകിയിട്ട് ഫലമില്ലെന്നാണ് പരാതി.

കമ്മീഷൻ പത്തനംതിട്ട ഡി വൈ എസ് പിയിൽ നിന്നും റിപ്പോർട്ട് വാങ്ങി. ശ്രീലക്ഷ്മി കുഞ്ഞികൃഷ്ണൻ എതിർകക്ഷികൾക്ക് 8 സെന്റ് സ്ഥലം തീറാധാരം നൽകിയെന്നും അത് അരുൺ രാജു എന്നയാൾക്ക് കൈമാറ്റം ചെയ്തുവെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ എതിർകക്ഷികളായ രാജു, ഷീല, രാധിക എന്നിവർ 2019 ഏപ്രിൽ 4 ന് രണ്ട് ലക്ഷത്തി പതിനായിരം രൂപ പിൻവലിച്ച് വയോധികയെ ചതിച്ചതായി പരാതിക്കാരി അറിയിച്ചു. തുച്ഛമായ വില നൽകിയാണ് വയോധികയിൽ നിന്നും എതിർകക്ഷികൾ വസ്തു കരസ്ഥമാക്കിയതെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിനെതിരെ പത്തനംതിട്ട ആർ.ഡി.ഒ യിൽ കേസ് നിലവിലുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## വെള്ളപ്പൊക്കം പരിഹരിക്കാൻ ചീഫ് സെക്രട്ടറി ഇടപെടണം

തലശ്ശേരി - മാഹി ശുദ്ധ ജല പദ്ധതിയുടെ ഭാഗമായുള്ള കീഴല്ലൂർ അണക്കെട്ടിൽ ശുദ്ധജലം തടഞ്ഞ് നിർത്തുന്നതിനാൽ വെള്ളം കയറി കൃഷിസ്ഥലം നശിക്കുന്ന സാഹചര്യത്തിൽ മതിയായ നഷ്ടപരിഹാരം അനുവദിക്കണമെന്ന കർഷകന്റെ ആവശ്യം ന്യായമാണെന്നും ഇക്കാര്യത്തിൽ ന്യായവും യുക്തവുമായ ഒരു തീരുമാനം ചീഫ് സെക്രട്ടറി തലത്തിൽ എടുക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ.

പരാതിയിൽ പരിഹാരം കാണാൻ ജലഅതോറിറ്റിക്കും കൃഷി വകുപ്പിനുമുള്ള പരിമിതികൾ കണക്കിലെടുത്താണ് ഇക്കാര്യം പരിഗണിക്കാൻ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്.

കീഴല്ലൂർ ഗ്രാമപഞ്ചായത്ത്, കീഴല്ലൂർ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ജലഅതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ നേരിൽ കേട്ട ശേഷമാണ് തീരുമാനം. അണക്കെട്ടിന്റെ ഷട്ടർ അടയ്ക്കുന്ന സമയത്ത് വർഷങ്ങളായി പരാതിക്കാരന്റെ കൃഷിസ്ഥലത്തും വീടിന്റെ പരിസരത്തും വെള്ളം കയറാറുണ്ടെന്ന് കീഴല്ലൂർ പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലാണ് ഇങ്ങനെ സംഭവിക്കാറ്.

20 ഓളം കൈവശക്കാരുടെ 4 ഏക്കറോളം സ്ഥലത്ത് ഷട്ടറുകൾ അടയ്ക്കുന്ന സമയത്ത് കഴിഞ്ഞ 20 വർഷമായി വെള്ളം കയറാറുണ്ടെന്ന് വില്ലേജ് ഓഫീസർ കമ്മീഷനെ അറിയിച്ചു. ഒന്നുകിൽ പരാതിക്കാരന് നഷ്ടപരിഹാരം നൽകണം. ഇല്ലെങ്കിൽ ജലഅതോറിറ്റി ഈ സ്ഥലം ഏറ്റെടുക്കണം.

തലശ്ശേരി - മാഹി പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതി തുടരേണ്ടതിന്റെ ആവശ്യകത ജലഅതോറിറ്റി കമ്മീഷനെ അറിയിച്ചു. തലശ്ശേരി നഗരസഭയിലെ 52 വാർഡുകളിലും ധർമ്മടം പഞ്ചായത്തിലെ 18 വാർഡുകളിലും ന്യൂമാഹി പഞ്ചായത്തിലെ 15 വാർഡുകളിലും ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നിലവിലെ ജലവിതരണം തടസ്സപ്പെടുത്താതെ പരാതി പരിശോധിക്കാമെന്നും ജലഅതോറിറ്റി കമ്മീഷന് ഉറപ്പ് നൽകി.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി സ്വീകരിച്ച നടപടികൾ 3 മാസത്തിനകം കമ്മീഷനെ അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നു. കീഴല്ലൂർ പാലയാട് ജ്യോതിസിൽ കാരത്താൻ സഹദേവൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## വെള്ളമുണ്ട - തോട്ടോളിപ്പടി റോഡിന്റെ നിർമ്മാണം ഉടൻ പൂർത്തിയാക്കും

2021 ഫെബ്രുവരിയിൽ നിർമ്മാണം ആരംഭിച്ച വെള്ളമുണ്ട മൊതക്കര തോട്ടോളിപ്പടി റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

റോഡ് നിർമ്മാണം അവസാന ഘട്ടത്തിലാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് കേസ് തീർപ്പാക്കി.

8.70 കോടി മുടക്കിയ റോഡിന്റെ നിർമ്മാണം മന്ദഗതിയിലാ

ണെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. റോഡ് നിർമ്മാണം ആരംഭിക്കാൻ കാലതാമസമുണ്ടായെന്ന ആരോപണം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശരിവച്ചു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ക്ലിയറൻസ് ലഭിക്കാൻ കാലതാമസമുണ്ടായതായും റിപ്പോർട്ടിൽ പറയുന്നു. 10 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കിയെന്ന് പരാതിക്കാരൻ അവകാശപ്പെട്ടെങ്കിലും അതിലുള്ള സ്വകാര്യ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവ ഇപ്പോഴും പൂർണ്ണമായി നീക്കിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ കമ്മീഷൻ വിളിച്ചുവരുത്തി. 11 കലുങ്കുകൾ, സംരക്ഷണ ഭിത്തി, കോൺക്രീറ്റ് ഓവുചാലുകൾ എന്നിവ നവംബർ 2022 ന് മുമ്പായി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഗുണനിലവാര പരിശോധനയും നടത്തിക്കഴിഞ്ഞു. വെള്ളമുണ്ട സ്വദേശി ഷാഹുൽഹമീദ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## കണക്ഷൻ പുനഃസ്ഥാപിച്ചില്ല, കേസ്

പണം അടച്ചിട്ടും പുനഃസ്ഥാപിക്കാത്ത കുടിവെള്ള കണക്ഷൻ ജല അതോറിറ്റി പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ എത്രയും വേഗം പുനഃസ്ഥാപിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ് ഉത്തരവിൽ പറഞ്ഞു.

മൂന്ന് വയസ്സുള്ള കുഞ്ഞ് ഉൾപ്പെടെയുള്ള കുടുംബത്തിന്റെ മനുഷ്യാവകാശങ്ങൾ ലംഘിച്ചെന്നാണ് പരാതി. പണം അടച്ചിട്ടും കണക്ഷൻ പുനഃസ്ഥാപിച്ചില്ലെന്ന പരാതിയെക്കുറിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരണം സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഡിസംബർ 5 നാണ് പരാതിയ്ക്ക് ആസ്പദമായ സംഭവമുണ്ടായത്. കല്ലേപ്പുള്ളി സ്വദേശി സുഹറ കൽമണ്ഡപം ഓഫീസിലെ ജീവനക്കാരനെതിരെയാണ് പരാതി സമർപ്പിച്ചത്.

## കോളിമൂല തോടിന് കുറുകെ പാലം നിർമ്മിക്കാൻ 20 ലക്ഷം

സുൽത്താൻ ബത്തേരി നഗരസഭാ പരിധിയിലെ കോളിമൂല തോടിന് കുറുകെയുള്ള പാലം നിർമ്മിക്കാൻ നഗരസഭയുടെ 2023-24 വാർഷിക പദ്ധതിയിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സുൽത്താൻ ബത്തേരി നഗരസഭ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു. പാലം തകർന്നത് കാരണം കോളിമൂല കോളനിയിലെ വീട്ടമ്മയുടെ മൃതദേഹം തലച്ചുമടായി കൊണ്ടുപോയി സംസ്കരിച്ചെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ് സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നഗരസഭ വിശദീകരണം നൽകിയത്.

2019 ലെ കനത്ത മഴയിലാണ് പാലം തകർന്നത്. നരസിപുഴയുടെ വലതുഭാഗത്ത് കാടിനോട് ചേർന്നാണ് കോളിമൂല പണിയ കോളനി സ്ഥിതി ചെയ്യുന്നത്. ഇവിടെ 4 വീടുകളിലും ഒരു ഷെഡിലുമായി 7 കുടുംബങ്ങൾ ജീവിക്കുന്നു. പാലം പൂർത്തിയാകുന്നതോടെ റോഡുകൾ നിർമ്മിക്കാൻ നടപടിയെടുക്കുമെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

## വൈദ്യുതി ലീക്കേജ് തടയാൻ ഇ എൽ സി ബി സ്ഥാപിക്കണം

ആൾ താമസമില്ലാതെ പൂട്ടിക്കിടക്കുന്ന കെട്ടിടങ്ങളിൽ വൈദ്യുതി ലീക്കേജ് കാരണമുള്ള അപകടങ്ങൾ ഒഴിവാക്കാൻ ഇ എൽ സി ബി സ്ഥാപിക്കണമെന്ന വൈദ്യുതി ബോർഡിന്റെ ആവശ്യം ന്യായമാണെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇ എൽ സി ബി സ്ഥാപിക്കാത്തത് കാരണം കണക്ഷൻ വിഛേദിച്ചെന്ന പരാതി തീർപ്പാക്കിക്കൊണ്ടാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥിന്റെ ഉത്തരവ്.

കെ എസ് ഇ ബി എരഞ്ഞിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് വീട്ടിൽ ഇ എൽ സി ബി സ്ഥാപിച്ച ശേഷം റീ കണക്ഷന് അപേക്ഷ നൽകാവുന്നതാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. എലത്തൂർ സ്വദേശിനി ബിന്ദു സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

ഇ എൽ സി ബി സ്ഥാപിക്കാത്തതു കാരണം എർത്ത് ലീക്കേജ് വന്ന് അപകട സാദ്ധ്യതയുണ്ടാകുന്നത് സ്വാഭാവികമാണെന്ന് വൈദ്യുതി ബോർഡ് കമ്മീഷനെ അറിയിച്ചു. ഇ എൽ സി ബി ഇല്ലെങ്കിൽ വൈദ്യുത ബിൽ തുക വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## രോഗി മരിച്ചതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കരുത്

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ റാമ്പ് തുറന്നു നൽകാത്തതിനാൽ രോഗി കുഴഞ്ഞുവീണ് മരിച്ചതായി പരാതി ഉയർന്ന സാഹചര്യത്തിൽ ജില്ലയിൽ ഇത്തരം അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രതയും മുൻകരുതലും ജില്ലാ മെഡിക്കൽ ഓഫീസർ ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ട് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം.

രോഗികൾക്ക് പടവുകൾ കയറാതെ മുകളിൽ എത്തേണ്ട സൗകര്യം ഒരുക്കേണ്ടത് ആശുപത്രി സൂപ്രണ്ടിന്റെ ധാർമ്മിക ബാധ്യതയാണെന്നും ഇത് ഉറപ്പിക്കേണ്ടത് ഡി.എം.ഒ.യുടെ ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമാണെന്നും കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. 2023 ജൂലൈ ഒന്നിനാണ് രോഗി മരിച്ചത്.

ഡി എം ഒ സമർപ്പിച്ച റിപ്പോർട്ടിൽ അത്യാഹിത വിഭാഗത്തിലെത്തിയ രോഗിക്ക് ചികിത്സ നൽകുന്നതിൽ സൂക്ഷ്മതക്കുറവുണ്ടായതായി സൂചിപ്പിക്കുന്നു. പൾമണറി എഡിമ എന്ന രോഗം കണ്ടെത്താൻ കഴിഞ്ഞില്ല. രോഗിയെ മെയിൽ വാർഡിലേക്ക് ജീവനക്കാരുടെ സേവനം ഉറപ്പാക്കാതെ അയച്ചു. ഡോക്ടർമാരെ കമ്മീഷൻ നേരിൽ കേട്ടു. അന്വേഷണ റിപ്പോർട്ടിൽ ഡോക്ടർമാർ സംശയം രേഖപ്പെടുത്തി. അത്യാഹിത വിഭാഗത്തിലെത്തിയ രോഗിയുടെ കൈയിൽ ചികിത്സാ രേഖകൾ ഉണ്ടായിരുന്നില്ല. രോഗിയെ വാർഡിൽ എത്തിക്കാൻ അറ്റൻഡർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് മറ്റൊരു രോഗിയെ പരിശോധിച്ചതായി ഡോ. രേഖാ കൃഷ്ണൻ പറഞ്ഞു.

ഡി എം ഒ നൽകിയ റിപ്പോർട്ടിൽ 2023 മാർച്ച് 24 മുതൽ റാമ്പ് അടച്ചിട്ട കാര്യം സൗകര്യ പൂർവം വിസ്മരിച്ചതായി കമ്മീഷൻ കണ്ടെത്തി. താലൂക്ക് ആശുപത്രിയിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ് ഇതിന് കാരണമായതെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## അന്വേഷണം ത്വരിതപ്പെടുത്തണം

ഊരുവിലക്കിന് ഇരയായ പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കോങ്ങാട് പോലീസ് രജിസ്റ്റർ ചെയ്ത 277/23 നമ്പർ കേസിൽ അന്വേഷണം ത്വരിതപ്പെടുത്തി കുറ്റക്കാർക്കെതിരെ നി

യമാനുസൃതം നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഊരുവിലക്കും സമുദായ വിലക്കും അനുഭവിക്കുന്ന കുടുംബത്തിന് നീതി ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവ്.

മണ്ണാർക്കാട് ഡി. വൈ. എസ്. പി യിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. കോങ്ങാട് സ്വദേശിനി കെ. ഗോപിക 2023 മാർച്ച് 20 ന് കോങ്ങാട് പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി റിപ്പോർട്ടിൽ പറയുന്നു. പരാതിക്കാരിയും എതിർകക്ഷികളായ കൃഷ്ണൻ, ഷൺമുഖൻ, ശെൽവരാജ്, ഹരിദാസ് എന്നിവരും തമ്മിൽ നല്ല ബന്ധത്തിലല്ലെന്ന് റിപ്പോർട്ടിലുണ്ട്. മാർച്ച് 19 ന് ഹരിദാസ് എന്നയാളുടെ വിവാഹ നിശ്ചയത്തിന് അദ്ദേഹത്തിന്റെ ക്ഷണപ്രകാരം പരാതിക്കാരിയും പിതാവും എതിർകക്ഷികളും ഒരേ ബസിൽ കയറിയെങ്കിലും എതിർകക്ഷികളുടെ എതിർപ്പിനെ തുടർന്ന് പരാതിക്കാരി ബസിൽ നിന്നും ഇറങ്ങിപ്പോയി.

തുടർന്ന് എതിർകക്ഷികളെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ശക്തമായ താക്കീത് നൽകി വിട്ടയച്ചു. പരാതിക്കാരി പോലീസിനെതിരെ ജില്ലാ പോലീസ് മേധാവിയ്ക്ക് നൽകിയ പരാതിയിൽ 277/2023 നമ്പറായി കേസെടുത്തിട്ടുണ്ട്. എന്നാൽ ഊരുവിലക്കും സമുദായ വിലക്കും ഇപ്പോഴും തുടരുകയാണെന്ന് പരാതിക്കാരി കമ്മീഷനെ അറിയിച്ചു.

## സിവിൽ പോലീസ് ഓഫീസർക്ക് സസ്പെൻഷൻ

പുതിയ പാലത്തിൽ ട്രാഫിക് കുരുക്കുണ്ടാക്കിയെന്ന പേരിൽ ഇരുചക്രവാഹനം ഓടിച്ചിരുന്നയാളെ പിടിച്ചു നിർത്തിയത് കാരണം പി. എസ്. സി പരീക്ഷ എഴുതാൻ കഴിയാത്ത സംഭവത്തിൽ സിവിൽ പോലീസ് ഓഫീസർ രഞ്ജിത് പ്രസാദിനെ സസ്പെന്റ് ചെയ്ത് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളതായി ജില്ലാ പോലീസ് മേധാവി മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നിർദ്ദേശം ജില്ലയിലെ പോലീസുദ്യോഗസ്ഥർക്ക് നൽകണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി.

എന്നാൽ തനിക്ക് കേസുമായി മുന്നോട്ടു പോകാൻ താൽപ്പര്യമില്ലെന്ന് പി. എസ്. സി പരീക്ഷ എഴുതാൻ കഴിയാതിരുന്ന അരുൺ കമ്മീഷനെ അറിയിച്ച സാഹചര്യത്തിൽ സംഭവവുമായി ബന്ധപ്പെട്ട് കമ്മീഷനിലുണ്ടായിരുന്ന കേസുകൾ കമ്മീഷൻ തീർപ്പാക്കി.

2022 ഒക്ടോബർ 22 ന് ഉച്ചയ്ക്കായിരുന്നു സംഭവം. രാമനാട്ടുകരയിൽ നിന്നും മീഞ്ചന്ത സ്കൂളിലേയ്ക്ക് പോയ ടി. കെ. അരുൺ എന്ന ഇരുചക്ര വാഹന യാത്രികനെയാണ് പോലീസ് തടഞ്ഞു വച്ചത്. ട്രാഫിക് കുരുക്ക് ശ്രദ്ധയിൽപെട്ടപ്പോൾ യഥാസമയം പരീക്ഷയ്ക്ക് എത്താൻ പഴയപാലം വഴി തിരിഞ്ഞപ്പോഴാണ് അരുണിനെ പോലീസ് പിടിച്ചത്. ഗതാഗത തടസ്സമുണ്ടാക്കിയെന്നായിരുന്നു കുറ്റം. സിവിൽ പോലീസ് ഓഫീസർ ബൈക്കിന്റെ താക്കോൽ ഊരി വാങ്ങി. 1.30 ന് പരീക്ഷയ്ക്ക് എത്തണമെന്ന് പറഞ്ഞെങ്കിലും കേട്ടില്ല. 1.30 ന് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. സ്റ്റേഷനിലുണ്ടായിരുന്ന എസ്. ഐ. ഹനീഫ്, അരുണിനെ പോലീസ് വാഹനത്തിൽ സ്കൂളിൽ എത്തിച്ചെങ്കിലും സമയം കഴിഞ്ഞതിനാൽ ബിരുദതല പരീക്ഷ എഴുതാൻ അധികൃതർ അനുവദിച്ചില്ല. സിവിൽ പോലീസ് ഓഫീസർക്ക് ഇക്കാര്യത്തിൽ ജാഗ്രതക്കുറവുണ്ടായി. ഇതു സംബന്ധിച്ച് കമ്മീഷൻ സ്വമേധയാ കേസെടുത്തിരുന്നു. മനുഷ്യാവകാശ പ്രവർത്തകനായ അഡ്വ. വി. ദേവദാസും പരാതി നൽകിയിരുന്നു.

## റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കണം

ഇടുക്കി വണ്ടിപ്പെരിയാർ - മ്ലാമല - തേങ്ങാക്കൽ റോഡ് പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) ഒരു മാസത്തിനകം ഏറ്റെടുത്ത് റോഡിന്റെ ശോചനീയാവസ്ഥയ്ക്ക് അടിയന്തര പരിഹാരമുണ്ടാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയ്ക്ക് മനുഷ്യാവകാശ കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകി.

ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ റോഡിന്റെ ശോചനീയാവസ്ഥ ദോഷകരമായി ബാധിക്കുന്നതായി കമ്മീഷൻ വിലയിരുത്തി. ഇത് തികഞ്ഞ മനുഷ്യാവകാശ ലംഘനമാണ്. 2018 ലുണ്ടായ പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡ് ശബരിമല തീർത്ഥാടകരുടെ ഉൾപ്പെടെയുള്ള സുഗമമായ സഞ്ചാരത്തിന് അനുയോജ്യമാക്കണം. കാലാകാലങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സങ്കീർണമായ സാമ്പത്തിക സ്ഥിതിയിൽപെട്ട് നവീകരണം ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഇനിയുണ്ടാവരുത്.

വണ്ടിപ്പെരിയാർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന 17 കിലോമീറ്ററുള്ള റോഡിന്റെ നവീകരണം നടത്താൻ 20 കോടിയോളം രൂപ ആവശ്യമുള്ളതിനാൽ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിൽ തടസമില്ലെന്ന് ഇക്കഴിഞ്ഞ ഒക്ടോബർ 31 ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി പഞ്ചായത്ത് കമ്മീഷനെ അറിയിച്ചു. ഇടുക്കിയിലെ ആദ്യകാല കുടിയേറ്റ ഗ്രാമങ്ങളിലൊന്നാണ് മ്ലാമല. റോഡ് പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ വരുന്നതല്ലെന്നും തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് നവീകരിക്കണമെങ്കിൽ സർക്കാർ തലത്തിൽ തീരുമാനം വേണമെന്നും പൊതുമരാമത്ത് വകുപ്പ് കമ്മീഷനെ അറിയിച്ചു. റോഡിന്റെ ശോചനീയാവസ്ഥ കാരണം കെ. എസ്. ആർ. ടി. സി. പോലും സർവ്വീസ് നടത്തുന്നില്ല. മ്ലാമല സ്വദേശി ജോമോൻ സി. തോമസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## മാടായിപ്പാറ സംരക്ഷിക്കണം

ജൈവ വൈവിദ്ധ്യങ്ങളുടെ കലവറയായ മാടായിപ്പാറ സംരക്ഷിക്കുന്നതിനായി വടുകുന്ദ ശിവക്ഷേത്രം, മാടായിക്കാവ് തിരുവർക്കാട് ഭഗവതി ക്ഷേത്രം അധികൃതർക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

മലബാർ ദേവസ്വം കമ്മീഷണർക്കാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്.

മാടായിപ്പാറ പരിസരത്തുള്ള ഉണങ്ങിയ പുല്ലുകൾ വെട്ടിമാറ്റണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഇവിടെ ഫയർബെൽറ്റ് സംവിധാനം ഏർപ്പെടുത്തണം. ഇതു ചെയ്താൽ തീ പിടുത്ത സാദ്ധ്യത ഒഴിവാക്കാൻ കഴിയുമെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു.

മാടായിപ്പാറയിൽ നിരന്തരമുണ്ടാകുന്ന തീ പിടുത്തത്തിന് പിന്നിൽ മാഫിയകളാണെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ഉത്തരവ്.

കണ്ണൂർ റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിന്നും റിപ്പോർട്ട് വാങ്ങി. ചിറക്കൽ കോവിലകം ദേവസ്വത്തിന്റെ അധീനതയിലുള്ള മാടായിപ്പാറ 150 ഏക്കർ വരുന്ന പ്രദേശമാണെന്നും ഇവിടെ ജനവാസമേഖലയാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ഉണങ്ങിയ പുല്ലും കുറ്റിക്കാടുകളും നിറഞ്ഞ പ്രദേശമായിട്ടും ഫയർ

ബെൽറ്റ് പോലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ സ്ഥാപിക്കാൻ ദേവസ്വം അധികൃതർ തയ്യാറായിട്ടില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. മാടായി പാറയിൽ സ്ഥാപിച്ചിട്ടുള്ള കെ. എസ്. ഇ. ബി. സബ്സ്റ്റേഷനിൽ നിന്നുള്ള തീപൊരികൾ കാരണം ഉണങ്ങിയ പുല്ലിൽ തീ പിടിക്കാറുണ്ട്. മാടായിപാറയിലെത്തുന്ന സന്ദർശകർ ഉപയോഗിക്കുന്ന വസ്തുക്കളും തീ പിടുത്തത്തിന് കാരണമാകാറുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. പൊതുപ്രവർത്തകനായ അഡ്വ. വി. ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## ടർഫുകളുടെ പ്രവർത്തന സമയം നിജപ്പെടുത്തണം

വാസസ്ഥലങ്ങളോട് ചേർന്ന ടർഫുകളുടെ പ്രവർത്തന സമയം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്. സ്വീകരിച്ച നടപടികൾ 3 മാസത്തിനകം കമ്മീഷനെ അറിയിക്കണമെന്നും ഉത്തരവിലുണ്ട്.

യാതൊരു നിയന്ത്രണവുമില്ലാത്ത ശബ്ദവും വെളിച്ചവുമായി രാത്രി 12 വരെ പ്രവർത്തിക്കുന്ന ഫുട്ബോൾ ടർഫ് കാരണം ഉറങ്ങാൻ കഴിയുന്നില്ലെന്നാരോപിച്ച് സമർപ്പിച്ച പരാതിയിലാണ് നടപടി. ടർഫുകളുടെ പ്രവർത്തന സമയം നിയന്ത്രിക്കുന്നതിന് ഒരു പൊതു മാനദണ്ഡം സർക്കാർ തലത്തിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ടർഫുകൾക്ക് സമീപം താമസിക്കുന്നവരെല്ലാം ഇത്തരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നും ഉത്തരവിൽ പറയുന്നു.

രാത്രിയും പകലും നടത്തുന്ന മത്സരങ്ങൾ പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കരുതെന്ന് ടർഫുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. മൈക്കും മറ്റ് അനുബന്ധ സാമഗ്രികളും പ്രവർത്തിപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിയമപരമായി അനുമതി നേടണം. കളിയുടെ നിശ്ചിത സമയം മാത്രം പ്രവേശനം അനുവദിക്കുകയും കളി കഴിയുന്ന സമയത്ത് കളിക്കളം വിട്ടു പോവുകയും ചെയ്യണം. ടർഫിലെ വെളിച്ച സംവിധാനവും കളിക്കളത്തിലെ ആരവവും പരമാവധി കുറയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

രാത്രി 12 വരെ കണ്ണൂരിലെ ടർഫുകൾക്ക് ജില്ലാ കളക്ടർ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ശബ്ദ - വെളിച്ച മലിനീകരണം കാരണം ജനവാസമേഖലയിലെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇത് രാത്രി 9 വരെയാക്കി നിജപ്പെടുത്തുന്ന കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും നഗരസഭാ സെക്രട്ടറി കമ്മീഷനോട് അഭ്യർത്ഥിച്ചു. കണ്ണൂർ ചൊവ്വ എച്ച് എസ്സ് എസ്സിൽ 11 ൽ പഠിക്കുന്ന ഹാതിം മുനീർ സമർപ്പിച്ച പരാതിയിലാണ് നടപടി. കണ്ണൂർ മുണ്ടയാട് പ്രവർത്തിക്കുന്ന ടർഫിനെതിരെയാണ് പരാതി.

## കുടുംബം നഷ്ടപരിഹാരത്തിന് അർഹർ

അരിവാൾ രോഗം ബാധിച്ച് മരിച്ച ഗവ. വിക്ടോറിയ കോളേജിലെ പട്ടികവർഗ വിഭാഗത്തിലുള്ള ബിരുദ വിദ്യാർത്ഥിനിയെ തൃശ്ശൂർ മെഡിക്കൽ കോളേജിലെത്തിച്ച ശേഷം അവിടെ ഒറ്റയ്ക്കാക്കി അധ്യാപകർ കോളേജിലേയ്ക്ക് മടങ്ങിപ്പോയ സംഭവത്തിൽ വിദ്യാർത്ഥിനിയുടെ കുടുംബം നഷ്ടപരിഹാരത്തിന് അർഹരാണെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ജാതീയ വിവേചനത്താൽ ചികിത്സയും പരിചരണവും നഷ്ടപ്പെട്ടതു കാരണമാണ് ഭുവന മരിക്കാനിടയായതെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവ്.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച നടപടികൾ മൂന്നു മാസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഗവ. വിക്ടോറിയ കോളേജ് ഫ്രറ്റേണിറ്റി മൂവ്മെന്റ് പ്രസിഡന്റ് ശബ്ന. പി. നസീർ സമർപ്പിച്ച പരാതിയിലാണ് നടപടി.

2019 സെപ്തംബർ 29 നാണ് ഭുവനയ്ക്ക് കോളേജിൽ വച്ച് കടുത്ത വയറുവേദന അനുഭവപ്പെട്ടത്. ഹോസ്റ്റൽ വാർഡനും അധ്യാപികയും ചേർന്ന് പാലക്കാട് ജില്ലാ ആശുപത്രിയിലും തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലും എത്തിച്ചു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥിനിയെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ എസ്. ടി. പ്രൊമോട്ടർ നോക്കുമെന്ന് പറഞ്ഞ് അധ്യാപകർ മടങ്ങി. മുമ്പ് ഇതേ വിഷയത്തിൽ മറ്റൊരു പരാതിയിൽ കമ്മീഷൻ കേസെടുത്തിരുന്നു.

വിഷയം കോളേജ് അധ്യാപകരും സ്റ്റാഫും വളരെ ലാഘവത്തോടെയും മനുഷ്യത്വരഹിതമായും ഉത്തരവാദിത്തമില്ലാതെയുമാണ് കൈകാര്യം ചെയ്തതെന്ന് കമ്മീഷൻ അന്നത്തെ ഉത്തരവിൽ പറഞ്ഞു. വിദ്യാർത്ഥികൾക്കും സമൂഹത്തിനും മാതൃകയാകേണ്ടവർ നിരുത്തരവാദപരമായി പെരുമാറിയത് അപലപനീയമാണ്. ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ച സാഹചര്യത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് ആവശ്യപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ശക്തമായ ഭാഷയിൽ സർക്കുലർ ഇറക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.



# ഡോക്ടർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കണം

തൃശ്ശൂർ മെഡിക്കൽ കോളേജിലെ എല്ലുരോഗ വിദഗ്ധൻ നിർദ്ദേശിച്ച സ്ഥലത്തു നിന്നും ശസ്ത്രക്രിയക്കുള്ള കമ്പി വാങ്ങാത്തതിനാൽ മുൻ നിശ്ചയിച്ച ശസ്ത്രക്രിയ മുടങ്ങിയെന്ന പരാതിയിൽ ആരോപണ വിധേയനായ ഡോക്ടർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. സംഭവത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻസ്റ്റിറ്റ്യൂഷണൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നതായി പ്രിൻസിപ്പൽ കമ്മീഷനെ അറിയിച്ചു. അതിന്റെ റിപ്പോർട്ടും ഹാജരാക്കി.

ആരോപണ വിധേയനായ ഡോക്ടർ നിയമാനുസൃതമായ ശസ്ത്രക്രിയാ ഉപകരണങ്ങൾ ഉപയോഗിക്കാതെ മറ്റ് ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുന്നതായി കമ്മീഷൻ ഉത്തരവിൽ നിരീക്ഷിച്ചു. ഡോക്ടറുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്ത രോഗികൾക്ക് ശസ്ത്രക്രിയ നടത്താൻ അദ്ദേഹം വിസമ്മതിക്കുമെന്നും റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കുന്നതായി കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

രോഗിക്ക് കൃത്യസമയത്ത് ചികിത്സ ലഭ്യമാക്കേണ്ടതിനു പകരം ഡോക്ടറുടെ മാത്രം സ്വാർത്ഥ താൽപര്യം മുൻനിർത്തി പ്രവർത്തിച്ചതിനാൽ ചികിത്സ വൈകിയതായി കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. സംസ്ഥാന സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്ടിലുള്ള ശസ്ത്രക്രിയ ഉപകരണങ്ങളല്ല ഡോക്ടർ ഉപയോഗിച്ചിരുന്നതെന്ന് വിജിലൻസ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു. എന്നാൽ ഇത്തരം നിയമലംഘനം നടത്തിയ ഡോക്ടർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമല്ലെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പാവപ്പെട്ട രോഗികളോടുള്ള ഇത്തരം പെരുമാറ്റം മനുഷ്യാവകാശ ലംഘനമാണ്.

പാലക്കാട് സ്വദേശി ചന്ദ്രശേഖരന്റെ ശസ്ത്രക്രിയയാണ് മുടങ്ങിയത്. മുളങ്കുന്നത്തുകാവ് സ്വദേശി സുകു സമർപ്പിച്ച പരാതിയിലാണ് നടപടി

## നഗരസഭ പരിശോധിച്ച് നടപടിയെടുക്കണം

തിരൂരങ്ങാടി വടക്കേ മമ്പുറത്ത് ഒരു വീട്ടിലും ക്വാർട്ടേഴ്സിലുമായി വൃത്തിഹീനമായ സാഹചര്യത്തിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം തിരൂരങ്ങാടി മുനിസിപ്പാലിറ്റി അധികൃതർ അടിയന്തരമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇതിനാവശ്യമായ പോലീസ് സഹായം തിരൂരങ്ങാടി എസ് എച്ച് ഒ നൽകണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. ഇതര സംസ്ഥാന തൊഴിലാളികൾ ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലെന്നും പ്രദേശവാസികളുടെ സ്വസ്ഥതയ്ക്ക് ഭീഷണിയാവുന്നില്ലെന്നും തിരൂരങ്ങാടി എസ് എച്ച് ഒ ഉറപ്പാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയും എസ് എച്ച് ഒ യും രണ്ട് മാസത്തിനകം കമ്മീഷനെ അറിയിക്കണം.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിലോ താമസമോ നിഷേധിക്കരുതെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. രാജ്യത്ത് ആർക്കും എവിടെയും ജോലി ചെയ്യാനും താമസിക്കാനുമുള്ള സൗകര്യം ഭരണഘടന ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ നിയമങ്ങളെ നഗ്നമായി വെല്ലുവിളിക്കുന്നത് അനുവദിക്കാൻ കഴിയില്ല. മതിയായ സൗകര്യങ്ങൾ നൽകാതെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്ന വിധത്തിൽ ഇതര സംസ്ഥന തൊഴിലാളികളെ താമസിപ്പിക്കുന്നത് അനുവദിക്കാനാവില്ലെന്നും ഉത്തരവിൽ പറയുന്നു.

മണ്ടയാപ്പുറത്ത് മൊയ്തീൻകുട്ടി എന്നയാളാണ് അനധികൃതമായി ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്നതെന്ന് പന്താരങ്ങാടി സ്വദേശി അബ്ദുൾ റഹിം സമർപ്പിച്ച പരാതിയിൽ പറയുന്നു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും അക്രമവാസനയും കാരണം ജനജീവിതം താറുമാറായതായി പരാതിയിൽ പറയുന്നു.

അനധികൃതമായി താമസിപ്പിച്ചിട്ടുള്ളവരെ ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും കെട്ടിട ഉടമ നടപടി സ്വീകരിച്ചില്ലെന്ന് തിരൂരങ്ങാടി നഗരസഭാ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. കെട്ടി ഉടമയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നഗരസഭയുടെ പരാതി തിരൂരങ്ങാടി പോലീസിന് കൈമാറിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## വഴി:നഗരസഭ ചർച്ച നടത്തണം

സെറിബ്രൽ പാൾസി രോഗിയായ പെൺകുട്ടിയെ ആശുപത്രിയിലും മറ്റും കൊണ്ടുപോകുന്നതിനായി ഇവരുടെ വീട്ടിലേയ്ക്കുള്ള ഇടുങ്ങിയ വഴി വീതി കൂട്ടുന്നതിനായി പരിസരവാസികളുമായി അനുരഞ്ജന ചർച്ച നടത്താൻ മനുഷ്യാവകാശ കമ്മീഷൻ കോഴിക്കോട് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

പരാതിക്കാരിയുടെ അവസ്ഥ പരിഗണിക്കുമ്പോൾ വാഹന സൗകര്യമുള്ള വഴി അനിവാര്യമാണെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. ഇക്കാര്യത്തിൽ നിയമപരമായി നടപടിയെടുക്കാൻ നഗരസഭാ സെക്രട്ടറിക്ക് കഴിയാത്ത സാഹചര്യത്തിലാണ് ചർച്ച നടത്താൻ കമ്മീഷൻ നിർദ്ദേശിച്ചത്.

ഗോവിന്ദപുരം സ്വദേശിനി എ. എസ്. സിനു സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്. മകളെ എടുത്തുകൊണ്ട് നടന്ന് വാഹനത്തിൽ കയറ്റാൻ കഴിയുന്നില്ലെന്ന് പരാതിയിൽ പറയുന്നു.

പരാതിക്കാരിയുടെ കുടുംബത്തിന് സഞ്ചാര ബുദ്ധിമുട്ടുള്ളതായി ജില്ലാ കളക്ടർ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ഓട്ടോറിക്ഷ പോലും പോകാൻ കഴിയാത്ത തരത്തിലാണ് ഇവരുടെ വീട്ടിലേക്കുള്ള വഴി. ഇവരുടെ അവസ്ഥ കണക്കിലെടുക്കുമ്പോൾ മിനി ആമ്പുലൻസെങ്കിലും കടന്നുപോകാൻ സാഹചര്യം ഒരുക്കേ

ണ്ടതാണ്. വിഷയത്തിൽ നഗരസഭയുടെ മുപ്പതാം വാർഡ് കൗൺസിലർ ചർച്ച നടത്തിയെങ്കിലും ഫലമുണ്ടായില്ല. സമീപത്തെ സ്ഥലം ഉടമകളിൽ നിന്നും സ്ഥലം ലഭ്യമാക്കി നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയാൽ മാത്രമേ നഗരസഭയ്ക്ക് വഴി ഗതാഗതയോഗ്യമാക്കാൻ കഴിയുകയുള്ളുവെന്നും ജില്ലാ കളക്ടർ അറിയിച്ചു.

## അഴിമതി അന്വേഷിക്കാൻ വിജിലൻസിനെ സമീപിക്കണം

വാഴയൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന്1999 ൽ സൗജന്യമായി വിട്ടു നൽകിയ 50 സെന്റ് സ്ഥലത്തിന്റെ അളവിൽ കൃത്രിമം കാണിക്കുകയും ആസ്തി സംരക്ഷിക്കാൻ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത പഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസിനെ സമീപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

പരാതി ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതിയുടെ പരിധിയിൽ വരുന്നതാണെന്ന് ജുഡീഷ്യൽ അംഗം കെ.ബൈജു നാഥ് ഉത്തരവിൽ പറഞ്ഞു.

1999 ഏപ്രിൽ 24 നാണ് 50 സെന്റ് സ്ഥലം ഡോ. മുഹമ്മദ് അലി എന്നയാൾ വാഴയൂർ ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയത്. എന്നാൽ വസ്തുവിന്റെ വിസ്തീർണ്ണം 47 സെന്റ് മാത്രമാണെന്നാണ് പഞ്ചായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 24 വർഷം കഴിഞ്ഞിട്ടും ഭൂമി എവിടെയാണെന്ന് കണ്ടെത്താനോ അതിരുകൾ സ്ഥാപിക്കാനോ കഴിഞ്ഞില്ല. ഭൂ നികുതി അടച്ചിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 47 സെന്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വാഴയൂർ പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. അതിരുകൾ അളക്കാൻ കൊണ്ടോട്ടി താലൂക്ക് സർവ്വേയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി കിട്ടിയാൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

വസ്തുവിന്റെ അളവിൽ വ്യത്യാസം വന്നത് എങ്ങനെയാണെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ലെന്നും റിപ്പോർട്ടിൽ പറയുന്നു. വിജിലൻസ് ഉത്തരമേഖലാ ഓഫീസിനെ സമീപിക്കാനാണ് കമ്മീഷൻ നിർദ്ദേശിച്ചത്. നാട്ടൊരുമ പൗരാവകാശ സമിതി എക്സിക്യൂട്ടീവ് അംഗം അബ്ദുൾ അസീസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## സെക്രട്ടറിക്കും ഉദ്യോഗസ്ഥർക്കുമെതിരെ വിജിലൻസ് അന്വേഷണം വേണം

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ വിജിലൻസ് അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കാൽവരി റോഡിലുള്ള ഫ്ലാറ്റ് 2016 ൽ അനുവദിച്ചയാൾ ഏറ്റെടുക്കാതിരുന്നപ്പോൾ മറ്റൊരാൾക്ക് അനുവദിക്കണമെന്ന കമ്മീഷൻ ഉത്തരവ് അനുസരിക്കാതെ കമ്മീഷനെ തെറ്റിദ്ധരിപ്പിച്ച സാഹചര്യത്തിലാണ് അന്വേഷണത്തിന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിട്ടത്. 2016ൽ ഫ്ലാറ്റ് അനുവദിക്കപ്പെട്ടയാൾ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കുന്നുവെന്നും പള്ളി വികാരിയുടെ സംരക്ഷണയിൽ താത്കാലികമായി താമസിക്കുന്നുവെന്നും തെറ്റായ റിപ്പോർട്ട് നൽകി കോർപ്പറേഷൻ സെക്രട്ടറി കമ്മീഷനെ തെറ്റിദ്ധരിപ്പിച്ചതായി ഉത്തരവിൽ പറയുന്നു.

സുനിത എന്നയാൾക്കാണ് 2016 ൽ ഫ്ലാറ്റ് അനുവദിച്ചത്. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും അവർ ഏറ്റെടുത്തില്ല. തുടർന്ന് സ്വന്തമായി വീടില്ലാത്ത പൂങ്കോൾ സ്വദേശി മുരളിക്ക് പ്രസ്തുത ഫ്ലാറ്റ് അനുവദിക്കാൻ കമ്മീഷൻ ഉത്തരവിട്ടു. എന്നാൽ സുനിത മടങ്ങിയെത്തി അവർക്ക് അനുവദിച്ച ഫ്ലാറ്റ് ഏറ്റെടുക്കുമെന്ന് കോർപ്പറേഷൻ സെക്രട്ടറി കമ്മീഷനെ തെറ്റിദ്ധരിപ്പിച്ചു. തുടർന്ന് സുനിത എവിടെയാണെന്ന് അന്വേഷിക്കാൻ കമ്മീഷൻ ജില്ലാ സാമൂഹിക നീതി ഓഫീസറെ ചുമതലപ്പെടുത്തി. സുനിത തൃശ്ശൂർ കോർപ്പറേഷനിലെ 50 -ാം ഡിവിഷനിൽ ഒരു വാടക വീട്ടിൽ സഹോദരി ആശക്കൊപ്പം താമസിക്കുകയാണെന്ന് ഇവർ കണ്ടെത്തി. ഇവർ ക്ഷീണിതയായിരുന്നെങ്കിലും മാനസികമായി കുഴപ്പമുണ്ടെന്ന് തോന്നുന്നില്ലെന്ന് ജില്ലാ സാമൂഹിക നീതി ഓഫീസർ കമ്മീഷനെ അറിയിച്ചു. തുടർന്ന് സുനിതയുടെ ആരോഗ്യസ്ഥിതി വിലയിരുത്താനും അവർക്ക് സഹായം നൽകാനും അംഗനവാടി ജീവനക്കാരെ സാമൂഹികനീതി വകുപ്പ് ചുമതലപ്പെടുത്തി. സത്യസന്ധമായി റിപ്പോർട്ട് നൽകിയ ജില്ലാ സാമൂഹിക നീതി ഓഫീസർ ജോയ് സ്റ്റീഫനെ കമ്മീഷൻ അഭിനന്ദിച്ചു.

കൂലിവേലക്കാരനായ മുരളിക്ക് വീട് നൽകാതിരിക്കാൻ തെറ്റായ റിപ്പോർട്ട് നൽകിയതായി കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. 2016 മുതൽ ഒഴിഞ്ഞു കിടക്കുന്ന ഫ്ലാറ്റ് വാടകയ്ക്ക് നൽകിയിരുന്നെങ്കിൽ പോലും കോർപ്പറേഷന് വലിയ തുക ലഭിക്കുമായിരുന്നുവെന്ന് ഉത്തരവിൽ പറയുന്നു. ഇത് സെക്രട്ടറിയുടെ അനാസ്ഥയാണ്.

പരാതിക്കാരനായ മുരളിക്ക് അർഹമായ ഫ്ലാറ്റ് അനുവദിച്ചു നൽകാൻ കമ്മീഷൻ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി. കൂടാതെ അനുവദിക്കുന്ന ഫ്ലാറ്റ് നിശ്ചിത സമയത്തിനകം സ്വീകരിക്കാൻ ബൈലോയിൽ നിബന്ധന ഏർപ്പെടുത്തണമെന്നും കോർപ്പറേഷൻ കൗൺസിലിന് കമ്മീഷൻ നിർദ്ദശം നൽകി. ഉത്തരവ് ചീഫ് സെക്രട്ടറിയ്ക്ക് അയച്ചു.

## മെഡിസെപ്പ് പുനരാലോചിക്കണം

എക്സ് സർവ്വീസ് കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ (ഇ സി എച്ച് എസ്) അംഗങ്ങളായ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതനത്തിൽ നിന്നും മെഡിസെപ്പ് പ്രീമിയമായി പ്രതിമാസം ഈടാക്കുന്ന തുക തിരികെ നൽകുകയോ ഇല്ലെങ്കിൽ ഇവരുടെ മെഡിക്കൽ അലവൻസ് പുന:സ്ഥാപിക്കുകയോ ചെയ്യണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. ഉത്തരവ് രണ്ടു മാസത്തിനകം നടപ്പാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

വ്യോമസേനയിൽ നിന്നും പിരിഞ്ഞതിന് ശേഷം പി. എസ്. സി വഴി സർക്കാർ സർവ്വീസിൽ പുനർനിയമനം ലഭിച്ച തനിക്ക് മെഡിസെപ്പ് ആവശ്യമില്ലെന്ന് പറഞ്ഞ് സമർപ്പിച്ച പരാതിയിലാണ് നടപടി.

എന്നാൽ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിർബന്ധിത അംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ഇതിൽ നിന്നും ആരെയും ഒഴിവാക്കാനാവില്ലെന്നും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

സർവ്വീസ് പെൻഷനിൽ നിന്നും നിർത്തലാക്കിയ മെഡിക്കൽ അലവൻസ് പുന:സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ ഇ സി എച്ച് എസിൽ അംഗങ്ങളായ തങ്ങളുടെ മെഡിക്കൽ അലവൻസ് ഒഴിവാക്കി ലഭ്യമാക്കുന്ന മിനിമം പെൻഷനിൽ നിന്നാണ് മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയമായ 500 രൂപ കുറവു ചെയ്യുന്നതെന്നും ഇത്

ഒഴിവാക്കി തരണമെന്നും പരാതിക്കാരനായ കോവൂർ സ്വദേശി എസ് സുരേന്ദ്രൻ പിള്ളയും ശാസ്താം കോട്ട സ്വദേശി എൻ. ഗൗതമനും സമർപ്പിച്ച പരാതിയിൽ പറയുന്നു.

## എയർപോർട്ട് റോഡ്: ആക്ഷേപം നൽകാൻ അവസരം ലഭിക്കും

കണ്ണൂർ പെരിങ്ങത്തൂർ പാനൂർ മട്ടന്നൂർ എയർപോർട്ട് റോഡ് നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിക്കുന്നതിന് നിയമാനുസൃതം ആക്ഷേപം സമർപ്പിക്കാൻ അവസരം ലഭിക്കുമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ജുഡീഷ്യൽ അംഗം കെ.ബൈജു നാഥിന്റേതാണ് ഉത്തരവ്.

കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. 2019 ഡിസംബർ 29 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാരം അനുവദിക്കുന്നതെന്നും 11 വൻകിട വ്യവസായികൾക്ക് ഒറ്റ തവണ ധനസഹായമായി 2,00,000 രൂപയും 8 ചെറുകിട വ്യാപാരികൾക്ക് ഒറ്റ തവണ ധനസഹായമായി 50,000 രൂപയും തൊഴിലാളികൾക്ക് 6 മാസത്തേയ്ക്ക് 6,000- രൂപ നിരക്കിൽ 3 വർഷകാലത്തേയ്ക്ക് 36,000- രൂപയുമാണ് നൽകി വരുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. വ്യാപാരികൾക്ക് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിക്കേണ്ടത് സർക്കാർ തലത്തിലെടുക്കേണ്ട തീരുമാനമാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനമോ, പ്രാഥമിക വിജ്ഞാപനമോ പുറപ്പെടുവിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ആക്ഷേപമുള്ള ഏതൊരാൾക്കും പൊതുവാദം കേൾക്കുന്ന സമയത്തോ ഭൂമി ഏറ്റെടുക്കൽ സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് 60 ദിവസത്തിനുള്ളിലോ ആക്ഷേപമോ ആശങ്കയോ അറിയിക്കാവുന്നതാണ്. വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ വില്ലേജ്, താലൂക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ പത്രമാധ്യമങ്ങൾ, വെബ്സൈറ്റ് വഴിയോ പ്രസിദ്ധീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഇപ്രകാരം നിയമാനുസൃതം ആക്ഷേപം സമർപ്പിക്കാൻ പരാതിക്കാരന് അവസരം ലഭിക്കുന്നതാണെന്നും ഉത്തരവിൽ പറയുന്നു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പാനൂർ യൂണിറ്റ് പ്രസിഡന്റ് കെ. കെ. പുരുഷോത്തമൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## അന്തിക്കാട്ട് കുടിവെള്ളമെത്തിക്കണം

തൃശ്ശൂർ അന്തിക്കാട് പഞ്ചായത്തിലെ കനോലി കനാലിനോട് ചേർന്ന തീരപ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതു വരെ പ്രദേശവാസികൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ജലഅതോറിറ്റി ചേർപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. പ്രദേശത്ത് ആറുമാസത്തിലേറേയായി കുടിവെള്ളം കിട്ടാനില്ലെന്നാണ് പരാതി.

ജലജീവൻ മിഷന്റെ ഭാഗമായുള്ള കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെയും പുതിയ ടാങ്ക് നിർമ്മാണത്തിന്റെയും പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും ഇക്കൊല്ലം പണികൾ പൂർത്തിയാകുമെന്നും അന്തിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കിഫ്ബി കുടിവെള്ള പദ്ധതി നിലവിൽ വന്നാൽ മാത്രമേ കുടിവെള്ള പ്രശ്നത്തിന് അന്തിമ പരിഹാരം കാണാൻ കഴിയുകയുള്ളുവെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും റിപ്പോർട്ടിലുണ്ട്. തുടർന്ന് കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.

കുടിവെള്ളം ലഭ്യമാക്കുക എന്നത് പ്രാദേശിക ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഇവിടെ തീരദേശജനത കുടിവെള്ളത്തിനായി പ്രക്ഷോഭത്തിലാണ്. മനുഷ്യന് ഒഴിവാക്കാൻ കഴിയാത്തതാണ് കുടിവെള്ളം. ഇപ്പോൾ നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതി നിലവിൽ വരുന്നതോടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാവുമെന്ന് ഉദ്യോഗസ്ഥർ കമ്മീഷനെ അറിയിച്ചു. പ്രദേശവാസികളായ അശ്വിൻ ആലപ്പുഴയും മോഹനും സമർപ്പിച്ച പരാതിയിലാണ് നടപടി.

## മാംഗോ പാർക്കിന് മുന്നിലെ അപകടം കൃത്യമായി അന്വേഷിക്കണം

കോഴിക്കോട് ഗോവിന്ദപുരം എരവത്ത് കുന്നിലെ മാംഗോ പാർക്കിന്റെ പ്രവേശന കവാടത്തിൽ നിർത്തിയിട്ടിരുന്ന രണ്ട് ഇരുചക്ര വാഹനങ്ങൾ അമിതവേഗതയിലെത്തിയ കാർ ഇടിച്ചു തകർത്ത സംഭവത്തിൽ പ്രതികളിലൊരാളെ രക്ഷിക്കാൻ പോലീസ് ശ്രമിക്കുകയാണെന്ന പരാതിയിൽ പരാതിക്കാരുടെ ആക്ഷേപം കൂടി പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

മെഡിക്കൽ കോളേജ് പോലീസ് ഇൻസ്പെക്ടർക്കാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ 2 മാസത്തിനകം അറിയിക്കണമെന്ന് ഉത്തരവിൽ പറഞ്ഞു.

സംഭവത്തിൽ ക്രൈം 767/13 നമ്പറായി കേസെടുത്തിട്ടുണ്ടെന്ന് മെഡിക്കൽ കോളേജ് എസ് എച്ച് ഒ കമ്മീഷനെ അറിയിച്ചു. 2023 ജൂൺ 20 ന് വൈകിട്ട് 6.30 നാണ് സംഭവമുണ്ടായതെന്നും കാറോടിച്ചത് ആരാണെന്നതിന് തെളിവില്ലെന്നും പോലീസ് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ കാറിലുണ്ടായിരുന്ന വ്യക്തി വാഹനങ്ങൾക്കുണ്ടായ കേടുപാടുകൾ തീർക്കാമെന്ന് ഉടമകൾക്ക് വാക്കുനൽകിയതായും റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ പോലീസ് റിപ്പോർട്ട് തെറ്റാണെന്ന് പരാതിക്കാരനായ കുതിരവട്ടം സ്വദേശി കെ. പ്രേമരാജനും ഗോവിന്ദപുരം സ്വദേശി എം. കെ. അനിൽകുമാറും വാദിച്ചു. തുടർന്ന് മെഡിക്കൽകോളേജ് സ്റ്റേഷൻ ഹൗസ് ഓഫീസറെ കമ്മീഷൻ നേരിൽ കേട്ടു. ഇതിന് ശേഷമാണ് പരാതിക്കാരുടെ ആക്ഷേപം കൂടി കേട്ട് അന്വേഷിക്കാൻ ഉത്തരവിട്ടത്.

## പേവിഷ ബാധ പ്രതിരോധ വാക്സിൻ ലഭ്യമാണ്

പേവിഷ ബാധയ്ക്കുള്ള വാക്സിൻ സംസ്ഥാനത്ത് ആവശ്യമായ അളവിൽ ലഭ്യമാണെന്നും വിതരണം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

മരുന്ന് സൗജന്യമായാണ് സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്നതെന്നും റിപ്പോർട്ടിൽ പറഞ്ഞു.

# ഗോത്രവർഗ മേഖലയിലെ പദ്ധതികൾ: നിലവിലെ അവസ്ഥ അറിയിക്കണം

മൂന്നാർ, വട്ടവട ഗോത്ര വർഗ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുന്ന റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

പ്രദേശത്ത് മികച്ച റോഡുകളും കുടിവെള്ളവും ചികിത്സാ സൗകര്യവും ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിൽ കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ആവശ്യപെട്ട റിപ്പോർട്ടിലാണ് പട്ടികവർഗ വികസന വകുപ്പ് ചില പദ്ധതികൾ പരാമർശിച്ചത്.

വട്ടവട പഞ്ചായത്തിലെ ചിലന്തിയാർ മുതൽ പട്ടികവർഗ കുടികൾ വരെയുള്ള റോഡ് ടാർ ചെയേണ്ടത് അനിവാര്യമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. മഴക്കാലത്ത് ഇവിടെ മണ്ണിടിച്ചിൽ പതിവാണ്. യാത്രക്ക് ജീപ്പ് മാത്രമാണ് ശരണം. ചിലന്തിയാർ- സ്വാമിയാറളക്കുടി, കൂടല്ലാർക്കുടി, വയൽത്തറക്കുടി , വത്സപ്പെട്ടിക്കുടി - ഒള്ളവയൽ എന്നീ മേഖലകളിലെ 16 കിലോമീറ്റർ ദൂരം വരുന്ന റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 9, 25, 58, 352 രൂപയുടെ എസ്റ്റിമേറ്റ് അടിമാലി ട്രൈബൽ വെൽഫയർ ഓഫീസർ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2017 - 18 വർഷത്തെ പട്ടികവർഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടല്ലാർ കുടിയിൽ കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടികളിൽ കുടിവെള്ളം എത്തിക്കും.

2023 - 24 അധ്യയന വർഷത്തിൽ കുട്ടികളെ കുടികളിൽ നിന്നും സ്കൂളിലെത്തിക്കാൻ യാത്രാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് കുട്ടികൾ വകുപ്പിന്റെ ഹോസ്റ്റലിൽ താമസിച്ചാണ് പഠിക്കുന്നത്.

ചികിത്സക്കായി 11 കിലോമീറ്റർ ദൂരെയുള്ള വട്ടവട കോവില്ലൂരിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് പ്രദേശവാസികൾ ആശ്രയിക്കുന്നത്.

മറ്റ് ചികിത്സകൾക്കായി അടിമാലി താലൂക്ക് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്,ഉദുമൽപേട്ട ആശുപത്രി എന്നിവിടങ്ങളിൽ പോകണം. വട്ടവട,കാന്തല്ലൂർ, മറയൂർ പ്രദേശങ്ങളിലെ പട്ടികവർഗ്ഗകാർക്ക് മറയൂരിലോ മൂന്നാറിലോ വിദഗ്ധ ചികിസ നൽകാൻ ഒരു ആശുപത്രി സ്ഥാപിക്കുന്നത് ഗുണപ്രദമായിരിക്കമെന്നും റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിൽ പൂർണ തൃപ്തിയില്ലെന്ന് കമ്മീഷൻ പറഞ്ഞു. പട്ടികവർഗ വികസന ഡയറക്ടർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. മനുഷ്യാവകാശ പ്രവർത്തകനായ ഗിന്നസ് മാടസാമി സമർപ്പിച്ച പരാതിയിലാണ് നടപടി.

## പരിയാരം: പഴയ ശമ്പളം സംരക്ഷിക്കാനാവില്ല

പരിയാരം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന് മുമ്പ് ജീവനക്കാർക്ക് ലഭിച്ചിരുന്ന സഹകരണ മേഖലയിലെ ശമ്പളം സംരക്ഷിക്കണമെന്ന ആവശ്യം നിലവിലെ വ്യവസ്ഥകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയില്ലെന്ന് സർക്കാർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

2006 മുതൽ പ്രവർത്തിച്ചു വരുന്നവർക്ക് ഹെഡ് നഴ്സായി താഴ്ന്ന തസ്തികയിലേയ്ക്ക് നിയമനം നൽകിയെന്നും ശമ്പളത്തിൽ കുറവുണ്ടായെന്നും ആരോപിച്ച് ജീവനക്കാർ സമർപ്പിച്ച പരാതിയിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട വിശദീകരണത്തിലാണ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യം അറിയിച്ചത്.

എന്നാൽ ജീവനക്കാരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ ആരോഗ്യവകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി.

2019 മാർച്ച് 2 ന് പഴയ പരിയാരം മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്ന സ്ഥിരം നഴ്സിംഗ് ജീവനക്കാരെ സർക്കാർ സർവ്വീസിലെടുക്കുന്നതിനായി 521 തസ്തികകൾ സൃഷ്ടിച്ചതായി റിപ്പോർട്ടിൽ പറയുന്നു. അവർ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിന് ആനുപാതികമായാണ് പുതിയ തസ്തികകളിൽ വേതനം നിശ്ചയിച്ചത്. എന്നാൽ സർക്കാർ സർവ്വീസിലേയ്ക്ക് മാറ്റുമ്പോൾ അവരുടെ ശമ്പളം ഏറ്റെടുക്കുന്ന തസ്തികയുടെ തുടക്കത്തിലായിരിക്കും നിർണയിക്കുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നതാണ്. പഴയ ശമ്പള സ്കെയിൽ കണക്കാക്കിയാണ് പുതിയ ശമ്പളം നിർണയിച്ചത്. ജീവനക്കാരുടെ നിയമന ക്രമീകരണം, പ്രൊബേഷൻ എന്നിവ പൂർത്തിയാക്കുന്ന മുറയ്ക്ക് വാർഷിക വേതന വർദ്ധനവുകൾ അനുവദിക്കാൻ സാധിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

ഷേർലി സെബാസ്റ്റ്യനും മറ്റുള്ളവരും സമർപ്പിച്ച പരാതികളിലാണ് ഉത്തരവ്.

## മകളെ ലൈഫിൽ നിന്നും ഒഴിവാക്കിയത് പുനഃപരിശോധിക്കണം

2015 - 16 സാമ്പത്തിക വർഷം പി എം എ വൈ പദ്ധതി ഗുണഭോക്താവായിരുന്ന അമ്മയുടെ റേഷൻകാർഡിൽ പേര് ഉൾപ്പെട്ടതിന്റെ പേരിൽ വിവാഹമോചിതയും ശാരീരിക വെല്ലുവിളി നേരിടുകയും ചെയ്യുന്ന മകളെ ലൈഫ് പദ്ധതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

പരാതിക്കാരിക്ക് 2021 ഫെബ്രുവരി മുതൽ പുതിയ റേഷൻ കാർഡുണ്ടെന്നും ഇത് പരിഗണിച്ച് അർഹതാ മാനദണ്ഡം പുന:പരിശോധിക്കണമെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകി.

എന്നാൽ 2021 ഫെബ്രുവരി വരെയുള്ള റേഷൻ കാർഡാണ് ലൈഫ് മിഷൻ പദ്ധതിയുടെ അർഹതയ്ക്കായി പരിഗണിച്ചതെന്ന് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. പുന്നയൂർക്കുളം പുന്നൂക്കാവ് സ്വദേശിനി എം. ആർ. ലത സമർപ്പിച്ച പരാതിയിലാണ് നടപടി. പുതിയ റേഷൻകാർഡുള്ള തനിക്ക് ലൈഫ് ഭവന പദ്ധതിക്ക് പൂർണമായും അർഹതയുണ്ടെന്ന പരാതിക്കാരിയുടെ വാദത്തിൽ കഴമ്പുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

ഈ സാഹചര്യത്തിലാണ് അർഹത പുന:പരിശോധിക്കാൻ കമ്മീഷൻ തൃശ്ശൂർ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയത്.

## സ്റ്റേഷനിൽ എത്തുന്നവരോട് മാന്യമായി പെരുമാറണമെന്ന് നിർദ്ദേശം

പോലീസ് സ്റ്റേഷനിലെത്തുന്ന അഭിഭാഷകരോടും പൊതുപ്രവർത്തകരോടും സാധാരണക്കാരോടും മാന്യമായ രീതിയിൽ പെരുമാറണമെന്ന് വടക്കഞ്ചേരി പോലീസ് സബ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ആലത്തൂർ ഡി.വൈ.എസ്.പി. മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

അഭിഭാഷകനോട് എസ്.ഐ മോശമായി പെരുമാറിയെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട വിശദീകരണത്തിലാണ് ഇക്കാര്യമുള്ളത്.

എസ്.ഐ. ജീഷ്മോൻ വർഗീസ് എല്ലാവരോടും മാന്യമായി പെരുമാറുന്നയാളാണെന്നും അദ്ദേഹം അറിയിച്ചു. ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് തുടർന്നും വീഴ്ചകളൊന്നും സംഭവിക്കില്ലെന്നും ഡി.വൈഎസ് പി ഉറപ്പ് നൽകി. സന്തോഷ് എന്നയാൾ ശശികുമാറിന് നൽകിയ മൂന്നര പവൻ സ്വർണം തിരിച്ചുകിട്ടണമെന്ന കേസിലാണ് പരാതിക്ക് ആസ്പദമായ സംഭവമുണ്ടായത്. ഇരുകക്ഷികളുമായി എസ്.ഐ ധാരണയിലെത്തിയതായും റിപ്പോർട്ടിൽ പറയുന്നു. അഭിഭാഷകനെ എസ് ഐ അപമാനിച്ചിട്ടില്ലെന്ന് റിപ്പോർട്ടിലുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കി.എം.പി. സിബിയുടെ പരാതിയിലാണ് നടപടി.

## കമ്മീഷൻ ഇടപെട്ടു : കണ്ണൂർ റയിൽവേ പ്ലാറ്റ്ഫോമിലെ ടൈലുകൾ മാറ്റിയതായി റയിൽവേ

കണ്ണൂർ റയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിന്റെ അരികിലായി, നടക്കുമ്പോൾ വഴുതി വീഴാത്ത തരത്തിലുള്ള ടൈലുകൾ പാകിയതായി ഡിവിഷണൽ റയിൽവേ മാനേജർ (വർക്സ്) മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

കണ്ണൂർ റയിൽവെ സ്റ്റേഷനിൽ കിഴക്കും പടിഞ്ഞാറുമുള്ള പ്ലാറ്റ്ഫോമിലെയും മേൽപ്പാലത്തിലെയും വഴക്കലുണ്ടാക്കുന്ന ടൈലുകൾ മാറ്റണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിൽ നടപടിയെടുക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടിരുന്നു.

മേൽപ്പാലത്തിലും പടികളിലും ഗാംഗ് വേയിലും വഴക്കലുണ്ടാക്കാത്ത ടൈലുകൾ പാകിയതായും റയിൽവേ അറിയിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കി. മനുഷ്യാവകാശ പ്രവർത്തകനായ അഡ്വ. വി. ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി

## തോടിന്റെ സ്കെച്ച് തയ്യാറാക്കിയോ?

തൃശ്ശൂർ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ 5,6 വാർഡുകളിൽ ഉണ്ടായിരുന്ന തോടിന്റെ സ്കെച്ച് തയ്യാറാക്കണമെന്നാവശ്യപ്പെട്ട് അന്തിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വില്ലേജ് ഓഫീസർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

പഞ്ചായത്തിൽ നിന്നും വില്ലേജ് ഓഫീസർക്ക് അയച്ച കത്തുകൾ, താലൂക്ക് സർവ്വേയർ സ്വീകരിച്ച നടപടികൾ എന്നീ കാര്യങ്ങളിലും റിപ്പോർട്ടിൽ വ്യക്തത വരുത്തണമെന്ന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി അന്തിക്കാട് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

തോട് നശിച്ചത് കാരണം പ്രദേശത്ത് വെള്ളപ്പൊക്കം പതിവാണെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. അന്തിക്കാട് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി.

പരാതിക്കാരൻ ഉന്നയിക്കുന്ന തോട് ഉണ്ടായിരുന്ന സ്ഥലം ഇപ്പോൾ റോഡാണെന്നും റോഡിന്റെ ഭാഗത്ത് വെള്ളം ഒഴുകിപ്പോകാൻ ഒരു കാനയുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതായി റിപ്പോർട്ടിൽ പറയുന്നു. താലൂക്ക് സർവ്വേയറുടെ സഹായത്തോടെ തോടിന്റെ സ്കെച്ച് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായും റിപ്പോർട്ടിലുണ്ട്. പഞ്ചായത്ത് സെക്രട്ടറി വില്ലേജ് ഓഫീസർക്ക് കത്തയച്ചിട്ടുണ്ടെന്ന് കഴിഞ്ഞ 8 വർഷമായി ആവർത്തിക്കുകയാണെന്ന് പരാതിക്കാരനായ അന്തിക്കാട് സ്വദേശി ചന്ദ്രൻ നായർ കമ്മീഷനെ അറിയിച്ചു.

## കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം

ഇടുക്കി കൊക്കയാർ പഞ്ചായത്തിലെ മേലോരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അർഹിക്കുന്ന പ്രാധാന്യത്തോടെ നിരന്തരമായ അവലോകനങ്ങൾ നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കൊക്കയാർ ഗ്രാമപഞ്ചായത്തിനും ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർക്കുമാണ് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്.

കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകാറില്ലാത്തതിനാൽ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികളും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സാധാരണക്കാരും ചികിത്സ കിട്ടാതെ ബുദ്ധിമുട്ടുകയാണെന്ന പരാതിയിലാണ് കമ്മീഷൻ ഇടപെട്ടത്.

കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. സ്ഥാപനത്തിൽ 24 ജീവനക്കാരുണ്ടെന്നും ഇതിൽ 12 പേർ ഫീൽഡ്തല ഉദ്യോഗസ്ഥരാണെന്നും റിപ്പോർട്ടിലുണ്ട്. 12 തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. ഒ. പിയിൽ വരുന്ന രോഗികളുടെ എണ്ണം കുറവായതിനാൽ ഒരു ഡോക്ടറുടെയും അറ്റൻഡറുടെയും സേവനം പെരുവന്താനം പി എച്ച് സിയിൽ പുനർവിന്യസിച്ചിട്ടുണ്ട്. വ്യാഴാഴ്ചകളിൽ കൊക്കയാർ സബ്സെന്ററിൽ ഒ. പി. നടത്താറുണ്ട്. ഈ ദിവസം മേലോരം പി എച്ച് സി യിൽ ജീവനക്കാരുടെ സേവനം പരിമിതപ്പെടുത്താറുണ്ട്. യാത്രാ സൗകര്യം പരിമിതമായതിനാൽ മേലോരം പി എച്ച് സി യിലെത്തുന്ന രോഗികളുടെ എണ്ണം കുറവാണ്. എന്നാൽ ഇവിടെത്തെ സേവനം തടസ്സപ്പെട്ടിട്ടില്ല. ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകാറുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ ബുധനാഴ്ച മാത്രമാണ് മേലോരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജീവനക്കാർ വരുന്നതെന്നും റിപ്പോർട്ട് അവാസ്തവമാണെന്നും പരാതിക്കാരനായ എബ്രഹാം ഈറ്റയ്ക്കൽ കമ്മീഷനെ അറിയിച്ചു. ജീവനക്കാരുടെ അനാസ്ഥ കാരണമാണ് രോഗികൾ മറ്റ് ആശുപത്രികളിലേയ്ക്ക് പോകുന്നതെന്നും പരാതിക്കാരൻ പറഞ്ഞു. സ്ഥാപനത്തിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കണമെന്നും പരാതി

ക്കാരൻ ആവശ്യപ്പെട്ടു. സ്ഥാപനത്തിന് ഒരേക്കറുണ്ടെന്നും ഇവിടെ കെട്ടിട നിർമ്മാണം നടത്തണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു

## എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളെ നോക്കുകുത്തിയാക്കി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ നൈപുണ്യമുള്ള വരും അല്ലാത്തവരുമായി നിരവധി തൊഴിലന്വേഷകർ കാത്തിരിക്കുമ്പോൾ വിരമിച്ച ജീവനക്കാർക്ക് പുനർനിയമനം നൽകി ആരോഗ്യവകുപ്പിൽ നിയമിക്കുന്നത് തൊഴിലന്വേഷികരുടെ മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം ആരോപണത്തിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ആരോഗ്യവകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മതിയായ ഉദ്യോഗാർത്ഥികൾ ഉണ്ടായിട്ടും ഇവരെ മറികടന്ന് സർവ്വീസിൽ പുനർനിയമനം നൽകുന്നുവെന്ന പരാതിയിലാണ് കമ്മീഷൻ നടപടി സ്വീകരിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികൾ ഉള്ളപ്പോൾ നിയമനം അവിടെ നിന്നു തന്നെ നടത്തണമെന്ന 2012 നവംബർ 23 ൽ 3275/12 നമ്പർ കേസിൽ കമ്മീഷൻ പാസ്സാക്കിയ ഉത്തരവിന്റെ ലംഘനമാണ് ഇതെന്നും പരാതിക്കാരൻ ചൂണ്ടിക്കാണിച്ചു.

കമ്മീഷൻ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രമാണ് ആശുപത്രി വികസന സമിതികൾ ഉപയോഗിച്ച് താത്കാലിക നിയമനം നടത്തുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കുന്നത് സംബന്ധിച്ച് വ്യക്തതയ്ക്കായി സർക്കാരിന് 2023 ജൂൺ 22 ന് കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ കൊല്ലം ആശുപത്രിയിൽ ഉൾപ്പെടെ ഇപ്പോഴും 2020ൽ സർവ്വീസിൽ നന്നും വിരമിച്ചവരെ താത്കാലികാടിസ്ഥാനത്തിൽ പുനർനിയമനം നൽകി വരികയാണെന്ന് പരാതിക്കാരൻ ആരോപിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രഹസനമാണെന്നും പരാതിക്കാരനായ അൺ എംപ്ലോയ്മെന്റ് അസോസിയേഷൻ പ്രതിനിധി കൊല്ലം സ്വദേശിയായ പോളയിൽ രവി കമ്മീഷനെ അറിയിച്ചു.

## സർക്കാർ കനാലായി മാറിയ സ്ഥലം ഉടമസ്ഥന് തിരികെ

ചിറ്റൂർ പല്ലശ്ശന വില്ലേജിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 0.230 ഹെക്ടർ സ്ഥലം വില്ലേജ് രേഖകളിൽ സർക്കാർ കനാൽ എന്ന് തെറ്റായി രേഖപ്പെടുത്തിയത് മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുത്തിയതായി റവന്യൂ വകുപ്പ് കമ്മീഷനെ അറിയിച്ചു.

കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വർഷങ്ങൾ പഴക്കമുള്ള പരാതി തീർപ്പായത്. വില്ലേജിലെ ബ്ലോക്ക് നമ്പർ 4 ൽ പുതിയ റിസർവ്വേ നമ്പർ 101/16 ൽ 0.230 ഹെക്ടർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തിലെ തെറ്റാണ് തിരുത്തിയത്.

ചിറ്റൂർ ഭൂരേഖാ തഹസീൽദാരിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങിയിരുന്നു. പരാതിക്കാരനായ പല്ലശ്ശന അമ്പാഴക്കോട് എ.എ ബാലകൃഷ്ണന്റെ സഹോദരൻ മോഹനന്റെ കൈവശത്തിലുള്ള സ്ഥലമാണ് റീസർവ്വേ അപാകത കാരണം സർക്കാർ കനാലായി മാറിയതെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ കനാൽ എന്നത് മാറ്റണമെങ്കിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ആവശ്യമാണ്. ഈ സ്ഥലം ചിറ്റൂർ പുഴ പദ്ധതിയുടെ ഭാഗമായി സർക്കാർ പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതാണെന്നും രേഖകളിൽ കാണുന്നതായി റിപ്പോർട്ടിൽ പറയുന്നു. അതിനാൽ റീസർവ്വേ അപാകതയായി കാണാനാവില്ലെന്നും റവന്യൂ വകുപ്പ് അറിയിച്ചു. ഈ വാദം പരാതിക്കാരൻ ഖണ്ഡിച്ചു. തുടർന്ന് വിഷയം ഒരിക്കൽ കൂടി പരിശോധിക്കാൻ ഭൂരേഖാ തഹസീൽദാർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

കമ്മീഷൻ നിർദ്ദേശാനുസരണം സ്ഥലം അളന്ന് പരിശോധിച്ചതായും ഇത് മോഹനൻ എന്നയാളുടെ കൈവശത്തിലാണെന്ന് കണ്ടെത്തിയതായി ഭൂരേഖാ തഹസീൽദാർ കമ്മീഷനെ അറിയിച്ചു. പ്രസ്തുത സ്ഥലത്തിന് കനാൽ എന്നതിന് പകരം മോഹനന്റെ പേര് ചേർത്ത് അപാകത തിരുത്താൻ താലൂക്ക് സർവ്വേയർക്കും വില്ലേജ് ഓഫീസർക്കും ഉത്തരവ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കി.

## തടഞ്ഞുവച്ച ഗ്രാറ്റുവിറ്റി അനുവദിച്ചു

ആരോഗ്യപരമായ കാരണങ്ങളാൽ എടുത്ത ശൂന്യവേതനാവധിയുടെ വിവരം സേവന പുസ്തകത്തിൽ (സർവ്വീസ് ബുക്ക്) രേഖപ്പെടുത്താത്തത് കാരണം 2015 ൽ വിരമിച്ച ഹെഡ്നഴ്സിന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും തടഞ്ഞുവച്ച 2,24,823 രൂപ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് തിരികെ നൽകാൻ സർക്കാർ തീരുമാനിച്ചു.

ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഇടപെടലിനെ തുടർന്നാണ് നടപടി.

കോഴിക്കോട് ഗവ. ആശുപത്രിയിൽ നിന്നും 2015 മാർച്ച് 31 നാണ് ഹെഡ് നഴ്സായി (ഹയർഗ്രേഡ്) വിരമിച്ച കാക്കൂർ സ്വദേശി പി. കെ. പത്മാവതിയുടെ പരാതിയാണ് പരിഹരിച്ചത്.

ഓഫീസിലെ ക്ലാർക്കിന്റെ നോട്ടപിശക് കാരണമാണ് 2,24,823 രൂപയുടെ അധിക ബാദ്ധ്യത തനിക്കുണ്ടായതെന്നും 6 വർഷമായി തുക ലഭിക്കാൻ ഓഫീസുകൾ കയറിയിറങ്ങുകയാണെന്നും പരാതിക്കാരി കമ്മീഷനെ അറിയിച്ചു. ഗവ. ആശുപത്രി സൂപ്രണ്ടിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി.

പരാതിക്കാരി എടുത്ത ശൂന്യവേതനാവധി മെഡിക്കൽ സർട്ടിഫിക്കേറ്റിന്റെ പിൻബലത്തിലാണെന്നതിന്റെ തെളിവ് പരാതിക്കാരിയുടെ സേവന പുസ്തകത്തിൽ ഇല്ലാത്തതാണ് തുക തടഞ്ഞുവയ്ക്കാൻ കാരണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസറും ഗവ. ആശുപത്രി സൂപ്രണ്ടും കമ്മീഷനെ അറിയിച്ചു. തുടർന്ന് അവധി മെഡിക്കൽ ഗ്രൗണ്ടിലാക്കി ശമ്പള നിർണയം നടത്തി 18, 23 വർഷങ്ങളിലെ ഹയർഗ്രേഡ് നൽകാൻ തത്വത്തിൽ തീരുമാനിച്ചു. ഈ നടപടികൾക്ക് കാലതാമസമുള്ളതിനാൽ തടഞ്ഞു വച്ച ഗ്രാറ്റുവിറ്റി തുക തിരികെ നൽകാൻ തീരുമാനിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു. പരാതി പരിഹരിച്ചതായി പരാതിക്കാരിയും കമ്മീഷനെ അറിയിച്ചു.

# കുട്ടികളുടെ അവസ്ഥ പരിഗണിക്കാതെ കായിക പരിശീലനം വേണ്ട

കുട്ടികളുടെ ശാരീരികാവസ്ഥ പരിഗണിക്കാതെ അവരെ കായിക പരിശീലനങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് സ്കൂൾ പ്രധാന അദ്ധ്യാപകനോ പി. ടി. അദ്ധ്യാപകനോ നിർബന്ധിക്കാൻ പാടില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ആർത്തവ സംബന്ധമായ ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്ന പെൺകുട്ടി പി. ടി. പീരീഡിൽ കളിസ്ഥലത്തേക്ക് പോകാതെ ക്ലാസ് മുറിയിൽ ഇരുന്നതിന് അദ്ധ്യാപകൻ ശാസിച്ചതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കരുതെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നിർദ്ദേശം സ്കൂൾ അധികൃതർക്ക് നൽകണമെന്നും കമ്മീഷൻ കാസർഗോഡ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി. ചന്ദ്രഗിരി സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകനെതിരെ ഉയർന്ന പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്. ഒരു വിദ്യാർത്ഥിനിയുടെ പിതാവ് സമർപ്പിച്ച പരാതിയിലാണ് നടപടി.

പി.ടി. പീരീഡിന് പോകാതെ ചില വിദ്യാർത്ഥികൾ മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകൻ വിദ്യാർത്ഥികളെ ശാസിച്ചതെന്ന് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ കമ്മീഷനെ അറിയിച്ചു. പെൺകുട്ടിയുടെ മാസമുറ വിവരം അദ്ധ്യാപികയോ കൗൺസിലർ വഴിയോ ധരിപ്പിച്ചിരുന്നെങ്കിൽ ഇത്തരത്തിൽ ഒരു സംഭവം ഉണ്ടാകുമായിരുന്നില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

തക്കതായ ഒരു കാരണമില്ലാതെ അദ്ധ്യാപകനെതിരെ പരാതി നൽകാൻ ഒരു രക്ഷകർത്താവ് തയ്യാറാകില്ലെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു. മറ്റൊരു കുട്ടിക്ക് ഇത്തരം ഒരു അവസ്ഥ വരാതിരിക്കാനാണ് രക്ഷകർത്താവ് പരാതി നൽകിയത്. തന്റെ ശാരീരികാവസ്ഥ അദ്ധ്യാപകനോട് തുറന്നു പറയാൻ വിദ്യാർത്ഥിനിക്ക് വൈമുഖ്യമുണ്ടാകും. കുട്ടിയെ ശാസിക്കുന്നതിന് മുമ്പ് അദ്ധ്യാപകൻ കാരണം തിരക്കണമായിരുന്നു. കുട്ടിയുടെ സുരക്ഷയെ കരുതിയാണ് ക്ലാസിൽ തനിച്ചിരിക്കുന്നത് ഒഴിവാക്കിയതെന്ന അദ്ധ്യാപകന്റെ വാദം യുക്തിക്ക് നിരക്കുന്നതല്ല. അങ്ങനെയെങ്കിൽ അദ്ധ്യാപകരുടെ മുറിക്ക് സമീപമാണ് കുട്ടികളെ ഇരുത്തേണ്ടത്. മൈതാനത്തേക്ക് പോകാത്തതിന് അദ്ധ്യാപകൻ തെറി വിളിച്ചെങ്കിൽ അത് അദ്ധ്യാപക സമൂഹത്തിന് നാണക്കേടാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## മൃതദേഹം മാറി നൽകി: കൃത്യവിലോപം

മുങ്ങി മരണം സംഭവിച്ച പട്ടികവർഗക്കാരിയായ സ്ത്രീയുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്താതെ മറ്റൊരാൾക്ക് മാറി നൽകിയ സംഭവത്തിൽ പാലക്കാട് ജില്ലാ ആശുപത്രി അധികൃതരുടെ ഭാഗത്ത് ഗുരുതരമായ കൃത്യവിലോപമാണ് സംഭവിച്ചതെന്ന് ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ്. എന്നാൽ പട്ടികവർഗക്കാരിയായ സ്ത്രീയുടെ മരണം കൊലപാതകമാണെന്ന ആക്ഷേപം ഉയരാത്ത സാഹചര്യത്തിലും കോവിഡ് മഹാമാരിയുടെ തീവ്രഘട്ടങ്ങളിലെ പ്രത്യേക സാഹചര്യത്തിൽ മതിയായ സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ സംഭവിച്ച പിഴവാണെന്ന വസ്തുത കണക്കിലെടുത്തും കമ്മീഷൻ മേൽ നടപടികൾ അവസാനിപ്പിച്ച് കേസ് തീർപ്പാക്കി.

ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും മൃതദേഹങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ മാർഗരേഖകളും നൽകിയതായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ വിശദീകരണം കമ്മീഷൻ രേഖപ്പെടുത്തി.

2020 സെപ്റ്റംബർ പതിനേഴിനാണ് അട്ടപ്പാടി സ്വദേശി ബൈജുവിന്റെ ഭാര്യ വള്ളിയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി പാലക്കാട് ജില്ലാ ആശുപത്രിയിലെത്തിച്ചത്. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സർവൈലൻസ് ഓഫീസർ എന്നിവരെ കമ്മീഷൻ അന്വേഷണത്തിനായി ചുമതലപ്പെടുത്തി. എന്നാൽ കോവിഡ് പോസിറ്റീവായി മരിച്ച ജാനകിയമ്മയുടെ മൃതദേഹം ഏറ്റുവാങ്ങാനെത്തിയവർക്ക് വള്ളിയുടെ മൃതദേഹം മാറി നൽകി. പരാതി ഉയർന്നതിനെ തുടർന്ന് താത്കാലിക ജീവനക്കാരായ സ്റ്റാഫ് നേഴ്സ്, അറ്റൻഡർമാർ എന്നിവരെ പിരിച്ചു വിട്ടു. സ്ഥിരം ജീവനക്കാരിയെ സസ്പെന്റ് ചെയ്തു.

എന്നാൽ സ്ഥിരം ജീവനക്കാർ ചെയ്യേണ്ട ജോലി താത്കാലിക ജീവനക്കാരെ ഏൽപ്പിച്ച ശേഷം അവരെ പിരിച്ചു വിട്ടത് മനുഷ്യാവകാശ ലംഘനമാണെന്ന് വിഷയത്തിൽ പരാതി നൽകിയ പൊതുപ്രവർത്തകനായ റെയ്മന്റ് ആന്റണി കമ്മീഷനെ അറിയിച്ചു..

തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർക്കുവേണ്ടി ഡെപ്യൂട്ടി ഡി. എം. ഒ.യെ കമ്മീഷൻ നേരിൽ കേട്ടു. പരാതി ഉയർന്ന നഴ്സിംഗ് സൂപ്രണ്ട്, ആർ. എം. ഒ എന്നിവർക്കെതിരെ ആരോഗ്യ വകുപ്പ ഡയറക്ടർ നടപടിയെടുത്തതായി ഡി. എം. ഒ. കമ്മീഷനെ അറിയിച്ചു. ആശുപത്രി ജീവനക്കാരുടെ ഭാഗത്ത് പിഴവുണ്ടായതായി ഡി. എം. ഒ യും ആശുപത്രി സൂപ്രണ്ടും അറിയിച്ചു. ഇതേ വിഷയത്തിൽ പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷൻ പാസാക്കിയ ഉത്തരവും കമ്മീഷൻ പരിഗണിച്ചു. ഇത്തരം വീഴ്ചകൾക്കെതിരെ ശക്തവും ആധികാരികവുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോരാടിയ പരാതിക്കാരന്റെ ആത്മാർത്ഥതയെ കമ്മീഷൻ ശ്ലാഘിച്ചു.

## കൈമനം ഗാന്ധി മന്ദിരം പുനഃസ്ഥാപിക്കണം

കരമന - കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്ത കൈമനം ഗാന്ധി മന്ദിരം പുനഃസ്ഥാപിക്കാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതായി ജില്ലാ കളക്ടർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. കമ്മീഷന്റെ ഇട

പെടലിനെ തുടർന്നാണ് നടപടി.

ഗാന്ധി മന്ദിരം പുന:സ്ഥാപിക്കുന്നതിന് കൈമനം ബി. എസ്. എൻ. എൽ കോമ്പൗണ്ടിൽ മൂന്ന സെന്റ് സ്ഥലം അനിവദിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

മഹാത്മാഗാന്ധിയുടെ ചിതാഭസ്മം കന്യാകുമാരിയിൽ നിമജ്ജനത്തിനായി കൊണ്ടുപോകവേ കൽമണ്ഡപത്തിൽ ഇറക്കിവച്ച് അന്തിമോപചാരം അർപ്പിച്ചതിന്റെ ഓർമ്മകൾ പേറുന്ന ഗാന്ധി സ്മാരക കൽമണ്ഡപം, റോഡ് വികസനത്തിന്റെ ഭാഗമായി സർക്കാർ പൂർണമായി ഏറ്റെടുക്കുകയായിരുന്നു. ഇതോടെ ഗാന്ധി മന്ദിരം ഇല്ലാതായിട്ട് വർഷങ്ങളായി.

ഗാന്ധി മന്ദിരം ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തുമെന്ന് ജില്ലാകളക്ടർ കമ്മീഷനെ അറിയിച്ചു. 2016 ജൂലൈ പതിനഞ്ചിന് റവന്യൂ വകുപ്പ് പുറത്തിറക്കിയ സർക്കാർ ഉത്തരവിൽ പുരാവസ്തു വകുപ്പ് മുഖേന ഗാന്ധിമന്ദിരം പുന:സ്ഥാപിക്കാൻ ജില്ലാ കളക്ടറെ റവന്യൂ വകുപ്പ് ചുമതലപ്പെടുത്തി. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്ന് നടപടിയുണ്ടായില്ലെന്ന് ആരോപിച്ച് പൊതുപ്രവർത്തകനായ ശാന്തിവിള പത്മകുമാർ കമ്മീഷനെ സമീപിക്കുകയായിരുന്നു. പരാതി അടിയന്തിരമായി പരിഹരിക്കാൻ കമ്മീഷൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി. ഭൂമി തിരുവനന്തപുരം തഹസീൽദാർക്ക് കൈമാറിയതായി ജില്ലാ കളക്ടർ റിപ്പോർട്ടിൽ പറയുന്നു. തഹസീൽദാരുമായി ബന്ധപ്പെട്ട് ഗാന്ധിമന്ദിരം പുന:സ്ഥാപിക്കാനാണ് പുരാവസ്തു ഡയറക്ടർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. എത്രയും വേഗം ഇത് സാധ്യമാക്കണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടു.

## അരീക്കോട് ആശുപത്രിക്ക് പുതിയ കെട്ടിടം വേണം

അരീക്കോട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനും സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതികളിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്. അരീക്കോട് താലൂക്ക് ആശുപത്രിയിൽ രാത്രികളിൽ പരിശോധന നടത്തുന്നതിന് ഡോക്ടറെ നിയമിക്കണമെന്ന പരാതിയിലാണ് ഉത്തരവ്.

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും കമ്മീഷൻ വിശദീകരണം വാങ്ങി. ആശുപത്രിയിലെ പ്രധാന അപര്യാപ്തത പുതിയ കെട്ടിടമാണെന്നും ഇത് നിർമ്മിക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്നും റിപ്പോർട്ടിൽ പറയുന്നു. ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ തസ്തിക മാത്രമാണുള്ളത്. സ്പെഷ്യാലിറ്റി വിഭാഗത്തിൽ നാലു ഡോക്ടർമാരുടെയെങ്കിലും സേവനം ആവശ്യമാണ്. വേണ്ടത്ര സൗകര്യമില്ലാതെ പ്രസവകേസുകൾ കൈകാര്യം ചെയ്യാനാവില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

പോരായ്മകൾ നിലവിലുള്ള സൗകര്യങ്ങളിൽ നിന്നു കൊണ്ട് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പുതിയ കെട്ടിടം നിർമ്മിക്കുന്നതോടെ പരാതി പരിഹരിക്കാൻ കഴിയുമെന്നും റിപ്പോർട്ടിലുണ്ട്. പൊതു പ്രവർത്തകനായ അരീക്കോട് കുനിയിൽ കെ. ടി. അബ്ദു സമദ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## മിക്സിയും ഗ്രൈൻഡറും രാത്രി ഉപയോഗിക്കരുത്

പലഹാര നിർമ്മാണ യൂണിറ്റിൽ രാത്രികാലങ്ങളിൽ മിക്സി, ഗ്രൈൻഡർ മുതലായ ശബ്ദമുണ്ടാക്കുന്ന ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുതെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഉത്തരവ് അവഗണിച്ച് രാത്രികാലങ്ങളിൽ പ്രവർത്തിപ്പിച്ചാൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം സ്ഥാപനത്തിനെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

തന്റെ വീടിന്റെ ഒന്നരമീറ്റർ മാറി മാത്രം പ്രവർത്തിക്കുന്ന പലഹാര നിർമ്മാണ യൂണിറ്റ് കാരണം രാത്രി കാലങ്ങളിൽ ഉറക്കം നഷ്ടപ്പെടുകയാണെന്നാരോപിച്ച് പിണറായി പടന്നക്കര സ്വദേശി എം. രാധ സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്.

പിണറായി പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ പരാതി വാസ്തവമാണെന്ന് പറയുന്നു. രണ്ടു മുറികളുള്ള കെട്ടിടത്തിൽ ഒരു മുറിയിലാണ് ഗ്രൈൻഡറും മിക്സിയും പ്രവർത്തിപ്പിക്കുന്നത്. രണ്ടാമത്തെ മുറി അനധികൃതമായി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് ക്രമവൽക്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ പലഹാര യൂണിറ്റ് രാവിലെ ഏഴ് മുതൽ രാത്രി ഏഴ് വരെ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന് എതിർകക്ഷി കമ്മീഷനെ അറിയിച്ചു. തന്റെയും തൊഴിലാളികളുടെയും ജീവനോപാധി തടയാനുള്ള ദുരുദ്ദേശ്യമാണ് പരാതിക്ക് പിന്നിലെന്ന് എതിർകക്ഷി അറിയിച്ചു. എന്നാൽ രാത്രി കാലങ്ങളിൽ ശബ്ദമുണ്ടാക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കില്ലെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഉറപ്പുനൽകി.

## ഗുണനിലവാരമുള്ള പൈപ്പ് സ്ഥാപിക്കണം

പൊട്ടിപ്പോകാൻ സാദ്ധ്യതയുള്ള പൈപ്പുകൾക്ക് പകരം ഇരുമ്പു പൈപ്പുകളോ ഗുണനിലവാരമുള്ള മറ്റ് പൈപ്പുകളോ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ജലഅതോറിറ്റി കൊട്ടാരക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. ജലജീവൻ മിഷൻ വഴി ഗാർഹീക കണക്ഷൻ ലഭിച്ച തന്റെ വീട്ടിലേയ്ക്കുള്ള പൈപ്പ് ലൈൻ നടവഴിയിൽ മണ്ണിന് പുറത്ത് സ്ഥാപിച്ചതിനാൽ പൊട്ടിപോകുന്നത് പതിവാണെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

ആളുകൾ നടക്കുന്നതും ഭാരമുള്ള വസ്തുക്കൾ വീഴാൻ സാദ്ധ്യതയുമുള്ള സ്ഥലത്താണ് പൈപ്പ് സ്ഥാപിച്ചിരിക്കുന്നത്. പലപ്പോഴും പൊട്ടിയ പൈപ്പുകൾ നന്നാക്കാൻ ജലഅതോറിറ്റി തയ്യാറാവില്ലെന്നും തങ്ങൾ സ്വയം നന്നാക്കുകയാണ് ചെയ്യുന്നതെന്നും പരാതിയിൽ പറയുന്നു.

ഗുണനിലവാരമില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതു കാരണമുള്ള ഇത്തരം പ്രശ്നങ്ങൾ മുമ്പും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ജലഅതോറിറ്റി ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

കൊല്ലം കണ്ടറ എട്ടാംവാർഡിൽ ശ്രീരാമപുരം പടിഞ്ഞാറ്റതിൽ ഓമനക്കുട്ടന്റെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനാണ് ഉത്തരവ്.

# കക്ഷികളോട് പോലീസ് മാന്യമായി പെരുമാറണം




പരാതിയുമായി വരുന്ന കക്ഷികളോട് മാന്യമായി പെരുമാറണമെന്നും പരാതി സ്വീകരിച്ച് രസീത് നൽകണമെന്നും ജില്ലയിലെ എല്ലാ പോലീസുദ്യോഗസ്ഥർക്കും തൃശ്ശൂർ ജില്ലാ പോലീസ് മേധാവിമാർ (സിറ്റി / റൂറൽ) നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ജില്ലാ പോലീസ് മേധാവിമാർ അറിയിക്കണമെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു.

സ്റ്റേഷനിൽ പരാതിയുമായി വരുന്നവരോട് പോലീസുദ്യോഗസ്ഥർ മാന്യമായി മാത്രം പെരുമാറണമെന്ന് കമ്മീഷൻ പറഞ്ഞു. ചില പോലീസുദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റം വരേണ്ടതാണെന്നും കമ്മീഷൻ ചൂണ്ടിക്കാണിച്ചു. ഇത്തരം പ്രാകൃതമായ നടപടികൾ ഉടൻ അവസാനിപ്പിക്കേണ്ടതാണെന്നും ഉത്തരവിൽ പറയുന്നു.

വിയ്യൂർ പോലീസ് സ്റ്റേഷനിൽ 2022 ഒക്ടോബർ 21 ന് പരാതി നൽകാനെത്തിയ തന്നോട് അനിൽകുമാർ എന്ന പോലീസുദ്യോഗസ്ഥൻ അപമര്യാദയായി സംസാരിക്കുകയും മർദ്ദിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. പരാതിക്കാരൻ പോലീസുദ്യോഗസ്ഥനോട് കാർക്കശ്യത്തോടെ സംസാരിച്ചുവെന്നും അപ്പോൾ പോലീസുകാരൻ പരാതിക്കാരന്റെ തോളിൽ കൈവച്ച് സബ് ഇൻസ്പെക്ടറുടെ മുറിയിലെത്തിച്ചെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. പരാതിക്കാരനെ പോലീസുദ്യോഗസ്ഥൻ ബലമായി പിടിച്ച് എസ്. ഐ യുടെ മുറിയിലേയ്ക്ക് കൊണ്ടുപോയതാവാം പരാതിക്ക് കാരണമായതെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

പോലീസുദ്യോഗസ്ഥർ മാന്യമായി പെരുമാറണം എന്നതു സംബന്ധിച്ച് മുമ്പും നിരവധി ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ടെന്ന് കമ്മീഷൻ പറഞ്ഞു. മുളങ്കുന്നത്തുകാവ് സ്വദേശി സുകു സമർപ്പിച്ച പരാതിയിലാണ് നടപടി.

## തലശേരി റയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് കൗണ്ടറുകളുണ്ടെന്ന് റയിൽവേ

തലശേരി റയിൽവേ സ്റ്റേഷനിൽ ആവശ്യാനുസരണം ടിക്കറ്റ് കൗണ്ടറുകളുണ്ടെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ദക്ഷിണ റയിൽവേ മനുഷ്യാവകാശ കമ്മിഷനെ അറിയിച്ചു.

തലശേരി റയിൽവെ സ്റ്റേഷനിലെ രണ്ടാം പ്ലാറ്റ്ഫോമിൽ ടിക്കറ്റ് കൗണ്ടർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിൽ ജുഡീഷ്യൽ അംഗം കെ.ബൈജു നാഥ് ആവശ്യപ്പെട്ട വിശദീകരണത്തിലാണ് റയിൽവേ ഇക്കാര്യം അറിയിച്ചത്.

തലശേരി സ്റ്റേഷനിൽ ഒന്നാം പ്ലാറ്റ്ഫോമിൽ ഒരു പാസഞ്ചർ റിസർവേഷൻ സിസ്റ്റം ഉണ്ടെന്നും രണ്ടു ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന ടിക്കറ്റ് കൗണ്ടറുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിംഗ് മെഷീൻ ഉണ്ട്. രണ്ടാം പ്ലാറ്റ്ഫോമിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഓട്ടോമാറ്റിക് അൺറിസർവ്ഡ് ടിക്കറ്റിംഗ് സിസ്റ്റം നിലവിലുണ്ട്. ഇവിടെ രാവിലെ 6 മുതൽ രാത്രി 8 വരെ പ്രവർത്തിക്കുന്ന 2 ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിംഗ് മെഷീനുമുണ്ട്.

പാലക്കാട് ഡിവിഷന് കീഴിലുള്ള എല്ലാ ട്രെയിനുകളിലും ചുരുങ്ങിയത് 5 ജനറൽ കംപാർട്ടുമെന്റുകളുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ കേസ് തീർപ്പാക്കി. കല്ലേരിക്കൽ സ്വദേശി കെ. വി. നൂറദ്ദീൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## നടപ്പാതയിലെ ബാരിക്കേഡുകൾ നീക്കി

ഭിന്നശേഷിക്കാരുടെ വീൽചെയർ സഞ്ചാരം തടഞ്ഞ് നടപ്പാതകൾ തോറും നഗരസഭ സ്ഥാപിച്ചിരുന്ന ബാരിക്കേഡുകൾ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് നഗരസഭ ഇളക്കിമാറ്റി.

ബാരിക്കേഡുകൾ സ്ഥാപിക്കുന്നതിനെതിരെ മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് സ്വമേധയാ കേസെടുത്ത് നഗരസഭാ സെക്രട്ടറിയ്ക്ക് നോട്ടീസയച്ചിരുന്നു.

ഇരുചക്ര വാഹനങ്ങൾ ഗതാഗതത്തിനായി നടപ്പാത ഉപയോഗിക്കാതിരിക്കാൻ വേണ്ടിയാണ് ബാരിക്കേഡുകൾ സ്ഥാപിച്ചതെന്ന് നഗരസഭാ സെക്രട്ടി കമ്മീഷനെ അറിയിച്ചു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തിയുടെ ഭാഗമായി കൊച്ചി മെട്രോ റയിലുമായി ഒപ്പുവച്ച ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവൃത്തിയാണ് ഇതെന്നും നഗരസഭാ സെക്രട്ടറി പറഞ്ഞു.

## കുണ്ടറ പോലീസിനെതിരെ അന്വേഷണം വേണം

കുണ്ടറ ഇളമ്പള്ളൂർ ക്ഷേത്രത്തിലെ ഉത്സവത്തോട് അനുബന്ധിച്ച് നടന്ന ഘോഷയാത്രയ്ക്കിടെയുണ്ടായ പോലീസ് മർദ്ദനവുമായി ബന്ധപ്പെട്ട് കുണ്ടറ പോലീസ് ഇൻസ്പെക്ടർ, രണ്ട് എസ്. ഐ മാർ എന്നിവർക്കെതിരെ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്.

കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവ് നൽകിയത്.

ശാസ്താംകോട്ട ഡി. വൈ. എസ്. പി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ആരോപണം നിഷേധിച്ചിരുന്നു. പരാതിക്കാരനായ ഇളമ്പള്ളൂർ രാജ് ഹൗസിൽ കലാരാജിന്റെ നേതൃത്വത്തിൽ ദുർഗ്ഗാസേന എന്ന പേരിൽ 30 ഓളം ചെറുപ്പക്കാർ ആനയുമായി സയക്രമം തെറ്റിച്ച് എത്തിയപ്പോൾ നിയന്ത്രിച്ചതാണ് പരാതിക്ക് കാരണമെന്ന് പറയുന്നു. പരാതിക്കാരനെ പോലീസ് മർദ്ദിച്ചിട്ടില്ലെന്നും വൈകിട്ട് 6.15 ന് മർദ്ദനമേറ്റെന്ന് പറയുന്നവർ രാത്രി 12 നാണ് ചികിത്സ തേടിയതെന്നും റിപ്പോർട്ടിൽ പറയുന്നു. മുമ്പ് പരാതിക്കാരൻ ഉൾപ്പെടുന്ന ദുർഗ്ഗാസേനയും മഹിരാവൺസ് എന്നിവരുമായി സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ട്.

എന്നാൽ മുൻനിശ്ചയിച്ച സമയത്ത് തന്നെയാണ് തങ്ങളെത്തിയതെന്നും തൊട്ടു മുന്നിലുണ്ടായിരുന്ന മഹിരാവൺസ് മേളത്തെ ക്ഷേത്രത്തിലേയ്ക്ക് കടത്തിവിട്ടശേഷം തങ്ങളെ തടഞ്ഞതായി പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു. സി. ഐ. യും എസ്. ഐ. മാരും ചേർന്ന് ലാത്തി ഉപയോഗിച്ച് തന്നെ ക്രൂരമായി മർദ്ദിച്ചെന്നും പുലഭ്യം പറഞ്ഞെന്നും തന്റെ അമ്മയുടെ ഫോൺ പൊട്ടിച്ചെന്നും പരാതിക്കാരൻ അറിയിച്ചു. മുറിവുകളുടെ പാടുകളുള്ള വീഡിയോയും, ചിത്രങ്ങളും പരാതിക്കാരൻ കമ്മീഷനിൽ ഹാജരാക്കി. മർദ്ദനമേറ്റ് രാത്രിയോടെ വേദനയും നീരും കൂടിയതിനാലാണ് കുണ്ടറ താലൂക്ക് ആശുപത്രിയിലും പിന്നീട് കൊല്ലം ജില്ലാ ആശുപത്രിയിലും ചികിത്സ തേടിയതെന്നും പരാതിക്കാരൻ അറിയിച്ചു. ഡി. വൈ. എസ്. പി യുടെ റിപ്പോർട്ടിൽ സാക്ഷിയാക്കിയ അശോകൻ തന്റെ കുടുംബവുമായി ശത്രുതയിലാണെന്നും പരാതിക്കാരൻ അറിയിച്ചു.

പരാതിക്കാരനുവേണ്ടി അഡ്വ. മിനി ഗംഗാധരൻ കമ്മീഷൻ മുമ്പാകെ ഹാജരായി. സി. ഐ യെയും, എസ്. ഐ മാരെയും കമ്മീഷൻ നേരിൽ കേട്ടു. പരാതിക്കാരന് പോലീസ് അതിക്രമം തെളിയിക്കാനാവശ്യമായ സാക്ഷികളെ ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന് ഉത്തരവിൽ പറയുന്നു. എന്നാൽ മഹിരാവൺസും ദുർഗ്ഗാസേനയും തമ്മിലുണ്ടായ സംഘർഷമാണ് പരാതിക്കാരന് പരിക്കേൽക്കാനുള്ള കാരണമെന്ന് പറയുന്ന പോലീസിന് അതും തെളിയിക്കാനായില്ല.

കുണ്ടറ പോലീസ് സ്റ്റേഷനിലെ 3 ഉദ്യോഗസ്ഥർക്കെതിരെ മുമ്പും പരാതികളുണ്ടായിട്ടുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പരിക്ക് നിസാരവൽക്കരിക്കാനാണ് പോലീസ് ശ്രമിച്ചതെന്നും ഇത്തരം ഉദാസീനമായ നിലപാടുകൾ പോലീസ് സേനയ്ക്ക് കളങ്കമാണെന്നും ഉത്തരവിൽ പറഞ്ഞു. ഉദ്യോഗസ്ഥരുടെ പെരുമാറ്റം, കസ്റ്റഡിയിലെടുക്കുന്നവർക്ക് നേരിടേണ്ടിവരുന്ന ഉപദ്രവം എന്നിവ സംബന്ധിച്ച് അന്വേഷണം ആവശ്യമാണെന്നും ഉത്തരവിൽ പറഞ്ഞു.

## പെൻഷൻ അനുവദിച്ചു

തദ്ദേശ സ്വയം ഭരണ വകുപ്പിൽ ജീവനക്കാരനായിരിക്കെ ശാരീരിക ബുദ്ധിമുട്ടുകൾ കാരണം പെൻഷന് അപേക്ഷ നൽകിയ ജീവനക്കാരന് പെൻഷൻ അനുവദിച്ചതായി തദ്ദേശ സ്വയംഭരണ വകുപ്പ് കമ്മീഷനെ അറിയിച്ചു.

കമ്മീഷൻ അംഗം വി. കെ. ബീനാകുമാരിയുടെ ഇടപെടലിനെ തുടർന്നാണ് നടപടി.

ഇൻവാലിഡ് പെൻഷൻ അനുവദിച്ച വിവരം സേവന പുസ്തകത്തിൽ (സർവ്വീസ് ബുക്ക്) രേഖപ്പെടുത്തുന്നതിനായി അക്കൌണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. പെൻഷൻ ക്ലിയറൻസിനായി ഇക്കഴിഞ്ഞ സെപ്തംബർ 7 ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽ നിന്നും സേവനം വെരിഫൈ ചെയ്ത് ലഭ്യമായാൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ശാരീരിക അവശതകൾ അനുഭവിക്കുന്ന പരാതിക്കാരന്റെ പെൻഷൻ അനുവദിക്കാൻ അക്കൗണ്ടന്റ് ജനറൽ കാലതാമസമില്ലാതെ നടപടി പൂർത്തിയാക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. പരാതിക്കാരനായ സുധീർ ആശ്രയിച്ചിരുന്നത് മാതാവിന്റെ സർവ്വീസ് പെൻഷനെയായിരുന്നു. 2022 ജൂലൈ 4 ന് പരാതിക്കാരന്റെ അമ്മ മരിച്ചു.

തദ്ദേശ സ്വയഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. എജിക്കും ഉത്തരവിന്റെ പകർപ്പയച്ചു.

## ഭിന്നശേഷിക്കാരന് കുടിവെള്ളം ഉറപ്പാക്കണം

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാരന് പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് കുടിവെള്ളം ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

മാനന്തവാടി ആർ. ഡി. ഒയുടെ തീരുമാനപ്രകാരം കുടിവെള്ളം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എത്രയും വേഗം നടപടികൾ സ്വീകരിക്കണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. പുൽപ്പള്ളി പാക്കം പാണേക്കാട്ടിൽ വീട്ടിൽ തോമസിന് കുടിവെള്ളം നൽകാനാണ് ഉത്തരവ്. പഞ്ചായത്ത് കിണറിൽ നിന്നും വെള്ളമെടുക്കുന്നത് അയൽക്കാർ തടയുന്നു എന്നാണ് പരാതി.

പരാതിക്കാരൻ താമസിക്കുന്നത് പുൽപ്പള്ളി പഞ്ചായത്തിലെ 20 -ാം വാർഡിലാണെന്നും പഞ്ചായത്ത് കിണർ 19 - -ാം വാർഡിലാണെന്നും പഞ്ചായത്ത് അറിയിച്ചു. പരാതിക്കാരന്റെ അമ്മയുടെ ഉടമസ്ഥതയിൽ ഒരു കിണറുണ്ടെന്നും എന്നാൽ വെള്ളം കുടിക്കാൻ കഴിയില്ലെന്നുമാണ് പരാതിക്കാരൻ അറിയിച്ചത്.

പരാതിക്കാരന്റെ വീട്ടിൽ നിന്നും 150 മീറ്റർ ദൂരെയുള്ള പഞ്ചായത്ത് കിണറിൽ നിന്നും പരാതിക്കാരന് കുടിവെള്ളം നൽകണമെന്ന് ആർ. ഡി. ഒ നിർദ്ദേശിച്ചു. മറ്റാവശ്യങ്ങൾക്കുള്ള വെള്ളം പരാതിക്കാരന്റെ വീടിന് സമീപമുള്ള തിരുമുഖം കോളനിയിൽ നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് എടുക്കാമെന്നും ആർ. ഡി. ഒ അറിയിച്ചു. ഉഭയസമ്മതപ്രകാരം അംഗീകരിച്ച തീരുമാനം നടപ്പാക്കാനാണ് കമ്മീഷൻ നിർദ്ദേശിച്ചത്.

## സ്ലാബ് സ്ഥാപിക്കണം

പൊതുസ്ഥലങ്ങളിലെ ഡ്രൈനേജുകൾക്ക് മുകളിൽ സ്ലാബുകൾ സ്ഥാപിക്കുന്നത് അടിയന്തരപ്രാധാന്യമുള്ള വിഷയമായി കോഴിക്കോട് നഗരസഭാ സെക്രട്ടറിയും ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

സ്ലാബുകൾ സ്ഥാപിക്കുന്നതുവരെ വേലിയോ മറ്റ് സംവിധാനങ്ങളോ അറിയിപ്പ് ബോർഡുകളോ സ്ഥാപിച്ച് അപകടം ഒഴിവാക്ക

ണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

പാലാഴി പുഴമ്പ്രത്ത് താമസിക്കുന്ന കെട്ടിട നിർമ്മാണ തൊഴിലാളിയായിരുന്ന തായനാരി ദാസൻ 2021 ഓഗസ്റ്റ് 2 ന് സ്ലാബിടാത്ത ഓവുചാലിൽ വീണ് മരിച്ച സംഭവത്തിൽ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി. എന്നാൽ നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം കോഴിക്കോട് പ്രിൻസിപ്പൽ സബ് കോടതിയുടെ പരിഗണനയിലായതിനാൽ ഇടപെടാൻ കമ്മീഷൻ വിസമ്മതിച്ചു.

നഗരസഭാ സെക്രട്ടറിയും ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും റിപ്പോർട്ട് സമർപ്പിച്ചു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഡ്രൈനേജുകൾക്ക് യഥാസമയം കവറിംഗ് സ്ലാബുകൾ നിർമ്മിക്കാറുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ മുഴുവൻ ഡ്രൈനേജുകൾക്കും സ്ലാബ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

പാലാഴി അത്താണി പുഴമ്പുറം റോഡിൽ ടാറിംഗ് ജോലികൾ കോഴിക്കോട് ജില്ലാ പഞ്ചായത്ത് വർഷങ്ങൾക്കു മുൻപ് പൂർത്തിയാക്കിയതാണെന്നും ഈ സമയത്ത് കവറിംഗ് സ്ലാബുകൾ സ്ഥാപിച്ചിരുന്നില്ലെന്നും ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. കാൽനടയാത്രക്കാർക്ക് സുരക്ഷ ഒരുക്കാൻ റോഡിന്റെ മുഴുവൻ ഭാഗവും കൈവരി സ്ഥാപിക്കാൻ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. 10 ലക്ഷം മുടക്കി കൈവരി സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയാക്കി. മരിച്ച ദാസന്റെ ഭാര്യ ബീന നഷ്ടപരിഹാരത്തിനായി കോടതിയെ സമീപിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ഇത്തരത്തിലുള്ള അപകടങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. പൊതുപ്രവർത്തകനായ എ. സി. ഫ്രാൻസിസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## പോക്കുവരവ് ഭൂനികുതി ഈടാക്കാനുള്ള ഉപാധി മാത്രം

ചട്ടമാറ്റം, പതിവുമാറ്റം, പോക്കുവരവ് എന്നീ പേരുകളിൽ അറിയപ്പെടുന്ന സമ്പ്രദായം നിലവിലെ കൈവശക്കാരിൽ നിന്നും ഭൂനികുതി ഈടാക്കാനുള്ള ഒരു ഉപാധി മാത്രമാണെന്നും ഇപ്രകാരം ചെയ്യുന്നത് വഴി ആർക്കും ഭൂമിയിന്മേൽ നിയമപരമായ അവകാശം സിദ്ധിച്ചതായി കണക്കാക്കാൻ പാടില്ലെന്നും മനുഷ്യാവകാശ കമ്മീഷൻ.

ഇത്തരം അവകാശ തർക്കങ്ങളിൽ തീർപ്പുകൽപ്പിക്കാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരമില്ലെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. ഇക്കാര്യം പോക്കുവരവ് ചട്ടം 17 (2) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന നിയമപ്രശ്നങ്ങൾ കേരള ഹൈക്കോടതി വിശദമായി പരിശോധിച്ച് വിവിധ വിധിന്യായങ്ങളിലൂടെ ഉത്തരവായിട്ടുള്ളതാണെന്നും ഉത്തരവിൽ പറഞ്ഞു.

ഇത്തരത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാവുന്ന അധികാരദുർവിനിയോഗ പ്രവണതകൾ തടയാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്നും കമ്മീഷൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് ഉത്തരവ് നൽകി.

പോക്കുവരവ് നടത്തി കരം സ്വീകരിക്കാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടും വില്ലേജ് അധികൃതർ പോക്കുവരവ് ചെയ്തു നൽകുന്നില്ലെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് നടപടി.

പത്തനംതിട്ട നന്നവക്കാട് നോർത്ത് താന്നികാലയിൽ എം. മാഹിംകുട്ടി സമർപ്പിച്ച പരാതിയിലാണ് നടപടി. പരാതിക്കാരൻ തന്റെ പേരിൽ പോക്കുവരവ് ചെയ്ത് നൽകണമെന്ന് പറയുന്ന സ്ഥലത്തിന് മറ്റ് അവകാശികളുണ്ടെന്നും അതിനാൽ ഒരാളുടെ പേരിൽ മാത്രം പോക്കുവരവ് ചെയ്യാൻ കഴിയില്ലെന്നും ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. എന്നാൽ 1961 ലെ ലാന്റ് റവന്യൂ നിയമം ലംഘിച്ചാണ് ഇത്തരം ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് പരാതിക്കാരൻ വാദിച്ചു. തഹസീൽദാറും വില്ലേജ് ഓഫീസറും തന്നോട് മോശമായി പെരുമാറിയതായും പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു.

## വിദ്യാഭ്യാസ വായ്പ നൽകണം

യുക്രൈനിലെ കാർക്കിവ് ദേശീയ സർവകലാശാലയിൽ എം. ബി. ബി. എസ് വിദ്യാർത്ഥികളായിരിക്കെ യുദ്ധം കാരണം തിരികെ നാട്ടിലെത്തിയ സഹോദരിമാർക്ക് മറ്റൊരു രാജ്യത്ത് പഠനം പൂർത്തിയാക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ വായ്പ സംഘടിപ്പിച്ച് നൽകണമെന്ന ആവശ്യം പരിഗണിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കോഴിക്കോട് ജില്ലാ കളക്ടർക്കാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്.

വടകര ഓർക്കാട്ടേരി സ്വദേശികളായ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയിലാണ് നടപടി. മറ്റൊരു സർവകലാശാലയിൽ പഠിക്കണമെങ്കിൽ രണ്ടോ മൂന്നോ വർഷം കൂടുതൽ പഠിക്കേണ്ടി വരും. ഇതിന് ഏകദേശം 20 ലക്ഷം രൂപ ചെലവാകുമെന്ന് പരാതിയിൽ പറയുന്നു. വിദ്യാഭ്യാസ വായ്പയ്ക്കായി ബാങ്കുകളെ സമീപിച്ചെങ്കിലും ഫലമുണ്ടാകാത്തതിനെ തുടർന്നാണ് കമ്മീഷന് പരാതി നൽകിയത്.

## വഴിയില്ലാതെ 55 കുടുംബങ്ങൾ: നടപടി വേണം

കരിശുമല പുതുവലിലെ 55 കുടുംബങ്ങൾ 50 വർഷത്തിലധികമായി വഴിയില്ലാതെ ദുരിതം അനുഭവിക്കുന്നുവെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

ഇടുക്കി ജില്ലാ കളക്ടർ വിഷയം പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ആവശ്യപ്പെട്ടു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

പ്രദേശവാസികൾക്ക് രോഗം വന്നാൽ തോളിൽ ചുമന്നാണ് റോഡിൽ എത്തിക്കുന്നത്. വണ്ടിപ്പെരിയാർ പഞ്ചായത്തിലെ എട്ടാം വാർഡിലാണ് കരിശുമല പുതുവൽ. തോട്ടം തൊഴിലാളികളും കൃഷിപണിക്കാരും കർഷകരുമാണ് ഇവിടെ താമസിക്കുന്നത്. രണ്ടു എസ്റ്റേറ്റുകൾ കടന്നു പോയാൽ മാത്രമേ കരിശുമല പുതുവലിലെത്താൻ സാധിക്കുകയുള്ളൂ. ഇവിടേയ്ക്കുള്ള ഒരു കിലോമീറ്റർ ദൂരം കുത്തനെയുള്ള ഇറക്കവും കയറ്റവുമാണ്. ചെറിയൊരു നടപ്പാത മാത്രമാണ് ഇവിടെയുള്ളത്. ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ എത്തിക്കാൻ പ്രയാസം നേരിടുന്നുണ്ട്. വീതിയുള്ള റോഡ് വെട്ടിയാൽ മാത്രമേ പ്രദേശത്ത് വാഹനങ്ങൾ എത്തുകയുള്ളൂ. ഇക്കാര്യം ജനപ്രതിനിധികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും നടപടിയായില്ല.

പോബ്സ്, പെരിയയാർ, കോണിമാറ എസ്റ്റേറ്റുകളിൽ നിന്നായി 250 മീറ്റർ നീളത്തിൽ സ്ഥലം വിട്ടുകിട്ടിയാൽ റോഡ് നിർമ്മിക്കാൻ കഴിയും. ബാക്കി സ്ഥലം വിട്ടു നൽകാൻ പ്രദേശവാസികൾ തയ്യാറാണെന്ന് പറയുന്നു.

പ്രദേശത്ത് അർബുദ രോഗികളും കിടപ്പുരോഗികളുമുണ്ട്. ഇവരെ ചികിത്സയ്ക്കായി ആശുപത്രിയിലെത്തിക്കുന്നത് ഏറെ പ്രയാസപ്പെട്ടാണ്. ഈ സാഹചര്യത്തിലാണ് കമ്മീഷൻ ഇടപെട്ടത്.

# നാട്ടുകാരുടെ പരാതി പരിഹരിക്കാൻ ഉദ്യോഗസ്ഥർക്ക് ബാധ്യത

നാട്ടുകാരിൽ നിന്നും പരാതികൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കേണ്ട ചുമതല ഉദ്യോഗസ്ഥർക്കുണ്ടെന്ന് മനുഷ്യാവകാശ കമ്മീഷൻ. കമ്മീഷനിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ തൃശ്ശൂർ നഗരസഭാ സെക്രട്ടറി ജാഗ്രത പുലർത്തണമെന്നും കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. അയൽവാസിയുടെ തെങ്ങ് കാരണം അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി.

നഗരസഭാ സെക്രട്ടറി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പരാതി പരിഹരിച്ചതായി പറയുന്നു. എന്നാൽ ഇക്കഴിഞ്ഞ സെപ്റ്റംബർ 23 ന് തൃശ്ശൂർ നഗരസഭാ ക്ലീൻ സിറ്റി മാനേജർ സമർപ്പിച്ച റിപ്പോർട്ടിൽ അയൽ വാസിയുടെ തെങ്ങിലെ ഓലയും തേങ്ങയും പരാതിക്കാരന് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം വെട്ടിമാറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പറയുന്നു.അയൽവാസിയുടെ മതിലിന്റെ തകരാർ പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.നഗരസഭാ സെക്രട്ടറിയും ക്ലീൻ സിറ്റി മാനേജരും സമർപ്പിച്ച റിപ്പോർട്ടുകൾ പരസ്പര വിരുദ്ധമാണ്.

പരാതി പരിഹരിക്കാൻ നിർദ്ദേശം നൽകുകയല്ല പരാതി പരിഹരിക്കുകയാണ് ചെയ്യേണ്ടതെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.ഒരു മാസത്തിനകം കാനാട്ടുകര മാക്കൽ ലെയിൻ നികത്തിൽ വീട്ടിൽ രംഗനാഥന്റെ പരാതി പരിഹരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

## ഭിന്നശഷി ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

1999 ഓഗസ്റ്റ് 16 മുതൽ 2023 ഡിസംബർ 31 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കുകയും 2013 ൽ സൂപ്പർന്യൂമററിയായി പുനർ നിയമനം ലഭിക്കുകയും ചെയ്ത ഭിന്നശേഷി ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് സാമൂഹിക നീതി ഡയറക്ടർ 2020 ൽ സർക്കാരിന് നൽകിയ കത്തിൽ അനുകൂലമായി തീരുമാനമെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

സ്വീകരിച്ച നടപടികൾ 3 മാസത്തിനകം അറിയിക്കണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

സാമൂഹിക നീതി വകുപ്പ് ഡയറക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. 2013 മേയ് 18 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഭിന്നശേഷിക്കാർക്ക് പുനർ നിയമനം നൽകിയതെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈ ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന മുറയ്ക്ക് തസ്തികകൾ ഇല്ലാതാകും. ഇക്കാര്യം വ്യക്തമാക്കി 2016 ഫെബ്രുവരി 13 ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥിരം ജീവനക്കാരെപ്പോലെ സീനിയോറിറ്റി, പ്രൊബേഷൻ, സ്ഥാനക്കയറ്റം എന്നിവയ്ക്ക് നിലവിൽ അർഹതയില്ല. പ്രാരംഭ നിയമനം ലഭിച്ച വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേക്കോ ജില്ലയിലേക്കോ സ്ഥലം മാറ്റം ലഭിക്കില്ല. ആശ്രിത നിയമനം, കുടുംബ പെൻഷൻ എന്നിവയ്ക്കും അർഹതയില്ല. എന്നാൽ 2013 ഏപ്രിൽ മുതൽ സർവ്വീസിൽ കയറിയവർക്ക് പങ്കാളിത്ത പെൻഷന് അർഹതയുണ്ട്.

സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് സ്ഥിരം ജീവനക്കാരെ പോലെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാരിന് 2020 ഡിസംബർ 22 ന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് സാമൂഹിക നീതി ഡയറക്ടർ അറിയിച്ചു. ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമല്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. കേരള ഭിന്നശേഷി സൂപ്പർ ന്യൂമററി എംപ്ലോയീസ് കോ-ഓർഡിനേഷൻ കമ്മിറ്റി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ മുഹമ്മദ് നജീബ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## മന്നിക്കര മാലിന്യപ്ലാന്റ്: നഗരസഭാ സെക്രട്ടറിയെ സമീപിക്കണം

ഗുരുവായൂർ നഗരസഭയിലെ മന്നിക്കരയിൽ ഖര - ദ്രവ മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ ഉയർത്തുന്ന ആശങ്കകൾ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയ്ക്ക് എഴുതി സമർപ്പിക്കണമെന്നും അക്കാര്യം സെക്രട്ടറി പരിശോധിച്ച് നിയമാനുസൃതം നടപടികൾ സ്വീകരിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ.

ഗുരുവായൂർ നഗരസഭാ സെക്രട്ടറിക്കാണ് കമ്മീഷൻ അംഗം അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. കൃത്യമായ പഠനവും ആസൂത്രണവുമില്ലാതെ സ്ഥാപിക്കുന്ന മാലിന്യ പ്ലാന്റിൽ നിന്നും പിൻമാറാൻ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്നാണ് ആവശ്യം.

നഗരസഭാ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു. നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ 32 സ്പെഷ്യൽ സോണുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 63, 64, 136 എന്നീ നമ്പറുകൾ ഉൾപ്പെടുന്ന സ്ഥലത്ത് രണ്ടു സ്പെഷ്യൽ സോണുകൾ വിഭാവനം ചെയ്തിട്ടുണ്ട്. കരട് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ മാലിന്യ പ്ലാന്റ് സ്ഥാപിക്കുകയോ, സ്ഥാപിക്കാൻ നടപടിയെടുക്കുകയോ ചെയ്തിട്ടില്ല. കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ അന്തിമമായി പ്രസിദ്ധീകരിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## ബീച്ച് ആശുപത്രിയിലെ ഒ.പി. കൗണ്ടർ: നടപടിയുണ്ടാവണം

കോഴിക്കോട് ഗവൺമെന്റ് ബീച്ച് ആശുപത്രിയിൽ ഒ. പി. ടിക്കറ്റ് കൗണ്ടറിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ രോഗികൾ മണിക്കൂറുകളോളം ഡോക്ടറെ കാണാൻ ക്യൂ നിൽക്കേണ്ടി വരുന്ന സാഹചര്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

ബീച്ച് ജനറൽ ആശുപത്രി സൂപ്രണ്ടും ജില്ലാ മെഡിക്കൽ ഓഫീസറും റിപ്പോർട്ട് സമർപ്പിക്കണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. ദൃശ്യ മാധ്യമം സംപ്രേക്ഷണം ചെയ്ത വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

പുതിയ കെട്ടിടത്തിലേയ്ക്ക് ഒ. പി. ടിക്കറ്റ് കൗണ്ടർ മാറ്റണമെന്നാണ് ജില്ലാ ആരോഗ്യ വകുപ്പ് ഓഫീസറുടെ നിലപാട്. ഇപ്പോഴത്തെ കൗണ്ടറിൽ പുലർച്ചെ തുടങ്ങുന്ന ക്യൂ റോഡ് വരെ നീളാറുണ്ട്. പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയാൽ ഡോക്ടറെ കാണാൻ രോഗികൾക്ക് നടക്കേണ്ടി വരുമെന്നാണ് ആശുപത്രി സൂപ്രണ്ടിന്റെ നിലപാട്. ആറ് കൗണ്ടറെങ്കിലും വേണ്ടിടത്ത് മൂന്നെണ്ണം മാത്രമാണ് ഇപ്പോഴുള്ളത്.

## പാട്ട് വേണ്ട

തലശ്ശേരി അഞ്ചരക്കണ്ടി റൂട്ടിലോടുന്ന സ്വകാര്യ ബസുകളിൽ പാട്ടു വയ്ക്കുന്നത് കർശനമായി തടയുമെന്ന് കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട വിശദീകരണത്തിലാണ് ഇക്കാര്യമുള്ളത്.

പ്രസ്തുത റൂട്ടിലോടുന്ന മുഴവൻ ബസ് ജീവനക്കാർക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. പരാതിയുടെ ഗൗരവം കണക്കിലെടുത്ത് ഭാവിയിലും തുടർപരിശോധന നടത്തി നിയമ ലംഘനമില്ലെന്ന് ഉറപ്പാക്കുമെന്നും റിപ്പോർട്ടിലുണ്ട്.

പാട്ട് വയ്ക്കുന്നത് കാരണം ഡ്രൈവർമാരുടെ ശ്രദ്ധമാറി അപകടം സംഭവിക്കുന്നുവെന്ന് ആരോപിച്ച് കണിയാങ്കണ്ടി ഉപശ്ലോകൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## വാർധ്യകാല പെൻഷൻ നിരസിക്കരുത്

പഞ്ചായത്തിൽ താമസമില്ലെന്ന് പറഞ്ഞ് വാർദ്ധക്യ കാല പെൻഷനുള്ള അപേക്ഷ നിരസിച്ച പഞ്ചായത്ത് തീരുമാനം പുന: പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

താൻ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നതെന്ന് തെളിയിക്കുന്ന രേഖ പരാതിക്കാരൻ ഹാജരാക്കിയ സാഹചര്യത്തിലാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവ്. സ്വീകരിച്ച നടപടികൾ മൂന്നു മാസത്തിനകം അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നു.

പുഞ്ചപ്പാടം പഞ്ചമിയിൽ കെ. ഗോവിന്ദൻകുട്ടി സമർപ്പിച്ച പരാതിയിലാണ് നടപടി. വാർദ്ധക്യ കാല പെൻഷനുള്ള അപേക്ഷയുടെ പുരോഗതി അന്വേഷിച്ചെത്തിയ പരാതിക്കാരനെ ഗ്രാമപഞ്ചായത്ത് ജീവനക്കാർ അധിക്ഷേപിച്ചതായും പരാതിയിൽ പറയുന്നു.

പാലക്കാട് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറിൽ നിന്നും കമ്മീഷൻ അന്വേഷണ റിപ്പോർട്ട് വാങ്ങി. പരാതിക്കാരനും കുടുംബവും പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസമില്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചതായി റിപ്പോർട്ടിലുണ്ട്. തുടർന്ന് 2020 ജൂൺ 18 ന് ചേർന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അപേക്ഷ നിരസിച്ചു.

എന്നാൽ പരാതിക്കാരൻ നിരന്തരം ഗ്രാമപഞ്ചായത്ത് ഓഫീസിലെത്തുമെന്നും ജീവനക്കാർ അദ്ദേഹത്തോട് മോശമായി പെരുമാറിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് തെറ്റാണെന്ന് പരാതിക്കാരൻ അറിയിച്ചു.

## ശബരിമല വിമാനത്താവളം: പുനരധിവാസം ഉറപ്പാക്കും

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി സ്ഥലം വിട്ടുകൊടുക്കേണ്ടി വരുന്നവർക്ക് അർഹമായ പുനരധിവാസം ഉറപ്പാക്കുമെന്ന് സർക്കാർ കമ്മീഷനെ അറിയിച്ചു.

വിമാനത്താവളം നിർമ്മാണം സർക്കാരിന്റെ നയപരമായ കാര്യമായതിനാൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെടാൻ കഴിയില്ലെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

സ്ഥലം വിട്ടുകൊടുക്കുന്നവരുടെ പുനസ്ഥാപനത്തിനായി പ്രത്യേക സ്കീം പ്രഖ്യാപിക്കും. പദ്ധതിയോട് അനുബന്ധിച്ച് ഉയർന്നു വരുന്ന സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി വരുമാന വർധനവ് ഉറപ്പാക്കി ജീവിത നിലവാരം ഉയർത്താൻ കഴിയും. പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഗതാഗത സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

വലിയ വിമാനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ കഴിയുന്ന റൺവേ ആവശ്യമായി വന്നതിനാലാണ് എസ്റ്റേറ്റിന് പുറത്ത് റൺവേ നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കേണ്ടി വന്നതെന്ന് സർക്കാർ അറിയിച്ചു.റൺവേ ഒഴിച്ച് ബാക്കിയെല്ലാം ചെറുവള്ളി എസ്റ്റേറ്റിന് ഉള്ളിൽ തന്നെ വിഭാവനം ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. അതിനാൽ ആശങ്കക്ക് വകയില്ല.

കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ സർക്കാർ തലത്തിലാണ് തീരുമാനിച്ചതെന്ന് പറയുന്നു.

സാധാരണ കർഷകരെ കുടിയൊഴുപ്പിക്കലിൽ നിന്നും ഒഴിവാക്കണമെന്നും എസ്റ്റേറ്റിന് അനുബന്ധമായ സ്ഥലങ്ങളിൽ നിന്നുമാത്രം ഭൂമി ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് എരുമേലി പുൽപ്പേൽ ജയിംസ് സെബാസ്റ്റ്യൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## മണ്ണിട്ട് നികത്തി നീരൊഴുക്ക് തടഞ്ഞത് ശരിയല്ല

സ്വകാര്യ വ്യക്തി മണ്ണിട്ട് നികത്തിയത് കാരണം സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്നുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ

കർശന നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ.

തലവടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്.

തലവടി തെക്ക് പാലപറമ്പിൽ പി. കെ. ശ്രീജേഷിന്റെ പരാതിയിലാണ് നടപടി. കമ്മീഷൻ തലവടി ഗ്രാമപഞ്ചായത്തിൽ നിന്നും റിപ്പോർട്ട് വാങ്ങി. പരാതിയിൽ പറയുന്ന ഭൂമിയുടെ ചുറ്റും നിലമായി രേഖപ്പെടുത്തിയ സ്വകാര്യ വ്യക്തികളുടെ ചതുപ്പ് നിലങ്ങളാണെന്ന് റിപ്പോർട്ടിൽ പറയുന്നു. പരാതിക്കാരന്റെ അമ്മയുടെ പേരിലുള്ള സ്ഥലത്ത് പരിസരത്തെ നിലത്തെക്കാൾ മണ്ണിട്ടുയർത്തിയാണ് വീട് നിർമ്മിച്ചിട്ടുള്ളതെന്ന് റിപ്പോർട്ടിലുണ്ട്. എന്നാൽ സ്വകാര്യ വ്യക്തി മണ്ണിട്ട് നികത്തിയത് കാരണമാണ് നീരൊഴുക്കിന് തടസമുണ്ടായതെന്ന് പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു.

## ബാലുശേരി ശൗചാലയം തുറക്കണം

ബാലുശേരി ബസ് സ്റ്റാന്റിലെ ശൗചാലയം തുറന്നു പ്രവർത്തിപ്പിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ സമയബന്ധിതമായി പരിഹാരം ഉണ്ടാവണമെന്ന് കമ്മീഷൻ .

സ്വീകരിച്ച നടപടികൾ ബാലുശേരി പഞ്ചായത്ത് സെക്രട്ടറി 3 മാസത്തിനുള്ളിൽ അറിയിക്കണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. ശൗചാലയം, ട്രാഫിക് എയ്ഡ് പോസ്റ്റ്, മുലയൂട്ടൽ മുറി എന്നിവ പ്രവർത്തിപ്പിക്കണമെന്നും അനധികൃത പാർക്കിംഗ് തടയണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി.

കമ്മീഷൻ ബാലുശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് വാങ്ങി. ശൗചാലയത്തിന്റെ ടാങ്ക് ചുരുങ്ങിയ കാലത്തിനുള്ളിൽ നിറഞ്ഞ് കവിഞ്ഞ് പുറത്തേയ്ക്ക് ഒഴുകിയത് കാരണമാണ് അടച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു. ബയോഡൈജസ്റ്റീവ് സംവിധാനം ഏർപ്പെടുത്തി ടാങ്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 14,90,000 രൂപ ഇതിനായി വകയിരുത്തി. ടാങ്ക് നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ബാലുശേരി അങ്ങാടിയിലെ അനധികൃത പാർക്കിംഗ് കാരണം ഗതാഗത തടസമുണ്ടാകുന്നതിനെ കുറിച്ച് 2023 ജൂൺ 12 ന് ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗം ചർച്ച ചെയ്തു. തീരുമാനങ്ങൾ ഉടൻ നടപ്പാക്കുമെന്നും റിപ്പോർട്ടിലുണ്ട്. ബാലുശേരി ബസ് സ്റ്റാന്റിന് മുന്നിലുള്ള ഹൈമാസ്റ്റ് ലൈറ്റ് പ്രവർത്തന ക്ഷമമാക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. അന്തസോടെ ജീവിക്കാനും ഭയരഹിതമായി സഞ്ചരിക്കാനുള്ള പൊതുജനങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. സർവോദയം എജ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് കെ. പി. മനോജ് കുമാർ സമർപ്പിച്ച പരാതിയിലാണ് നടപടി.

## പഞ്ചായത്ത് മനുഷ്യാവകാശം ലംഘിച്ചു

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പെരിയാർ കടുവാ സങ്കേതത്തിൽപ്പെട്ട വഞ്ചിവയൽ ആദിവാസി കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്ന വിഷയത്തിൽ കോളനിയിലെ 87 കുടുംബങ്ങളുടെ മനുഷ്യാവകാശങ്ങൾ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ലംഘിച്ചതായി കമ്മീഷൻ.

ഇക്കാര്യത്തിൽ ഇടുക്കി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറും, ജില്ലാ പട്ടികവർഗ വികസന വകുപ്പ് ജില്ലാ ഓഫീസറും അടിയന്തരമായി ഇടപെടണമെന്ന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. റോഡ് നിർമ്മാണത്തിന് വനംവകുപ്പ് തടസ്സം നിൽക്കുന്നുവെന്ന പരാതിയിലാണ് ഉത്തരവ്.

അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്ന 38 ലക്ഷം രൂപയുടെ പട്ടികവർഗ വികസന വകുപ്പിന്റെ പദ്ധതിക്ക് ഉടൻ അനുമതി നൽകണമെന്ന് കമ്മീഷൻ ജില്ലാതല വർക്കിംഗ് കമ്മിറ്റി ചെയർമാന് നിർദ്ദേശം നൽകി. പാലങ്ങൾ, കമ്മ്യൂണിറ്റി ഹാൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 18,80,603 രൂപയുടെ പദ്ധതിക്ക് വൈൽഡ് ലൈഫ് ക്ലിയറൻസ് ഉടൻ നേടിയെടുക്കാൻ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന് കർശന നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി.

പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ പ്രശ്നം വരുമ്പോൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുടെ ഭാഗത്ത് നിന്നും നീതി നിഷേധം പതിവാണെന്ന് കമ്മീഷൻ വിമർശിച്ചു. വനംവകുപ്പിന്റെ റിപ്പോർട്ടിലും അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിലും പരാമർശിക്കപ്പെടുന്ന വീഴ്ചയുടെ മുഖ്യ ഉത്തരവാദി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്താണ്. 2006 ലെ വനാവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന അനുമതി യഥാസമയം നേടിയെടുക്കാൻ പഞ്ചായത്ത് ജാഗ്രത കാണിച്ചില്ലെന്നും കമ്മീഷൻ നിരീക്ഷിച്ചു.

റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ അഴുത ബ്ലോക്ക് പഞ്ചായത്തിന് 2022 ഡിസംബർ 20 ന് അനുമതി നൽകിയതാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കമ്മീഷനെ അറിയിച്ചു. വഞ്ചിവയൽ കമ്മ്യൂണിറ്റി ഹാളും നടപ്പാലങ്ങളും നിർമ്മിക്കാൻ വൈൽഡ് ലൈഫ് ക്ലിയറൻസിനുള്ള അപേക്ഷ സമർപ്പിക്കാൻ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയെങ്കിലും അപക്ഷ നൽകിയിട്ടില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. മനുഷ്യാവകാശ പ്രവർത്തകനായ ഡോ. ഗിന്നസ് മാടസാമി സമർപ്പിച്ച പരാതിയിലാണ് നടപടി.

## കാലിത്തൊഴുത്തിൽ ജീവിക്കുന്ന കുടുംബത്തിന് വീട് നൽകണം

ആലക്കോട് കാവുകുടിയിൽ ഭർത്താവിനും രണ്ടു മക്കൾക്കുമൊപ്പം മുമ്പ് കാലിത്തൊഴുത്തായിരുന്ന സ്ഥലത്ത് പ്ലാസ്റ്റിക് ഷീറ്റ് മറച്ച് താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിലുള്ള കുടുംബത്തിന് അടിയന്തരമായി വീട് അനുവദിക്കാൻ തളിപറമ്പ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കുന്നതിനായി പരാതിക്കാരി ആവശ്യമായ രേഖകൾ തളിപറമ്പ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. ആലക്കോട് വെള്ളാട് കാവുംകുടി പുലിക്കിരി വീട്ടിൽ പി. കെ. നിഷയുടെ പരാതിയിലാണ് നടപടി. വീടിന് വേണ്ടി നിരവധി തവണ അപേക്ഷ നൽകിയെങ്കിലും പഞ്ചായത്ത് അധികൃതരുടെ ജാഗ്രതക്കുറവ് കാരണം വീട് അനുവദിച്ചിട്ടില്ലെന്നാണ് പരാതി.

പരാതിക്കാരിയുടെ കുടുംബം ഷെഡിലാണ് താമസിക്കുന്നതെന്നും ഇവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും ആലക്കോട് പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. ലൈഫ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നതിനായി പരാതിക്കാരി അപേക്ഷ നൽകിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. തളിപറമ്പ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയിൽ പട്ടികവർഗ ജില്ലാ ഓഫീസിൽ നിന്നും വീട് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ രേഖകളും പഞ്ചായത്ത് എഞ്ചിനീയർ തയ്യാറാക്കുന്ന 6 ലക്ഷത്തിൽ കവിയാത്ത എസ്റ്റിമേറ്റും തയ്യാറാക്കി നൽകാൻ

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ജില്ലാ പട്ടികവർഗ വികസന പ്രോജക്ട് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ പഞ്ചായത്തോ എസ്. ടി പ്രൊമോട്ടറോ കൃത്യമായ മാർഗനിർദ്ദേശം നൽകാത്തതു കാരണമാണ് ഭവന നിർമ്മാണ ധനസഹായം ലഭിക്കാത്തതെന്ന് പരാതിക്കാരി അറിയിച്ചു.

## അമ്മയില്ലാത്ത കുട്ടികളെ സഹായിക്കണം

കോട്ടയം മെഡിക്കൽ കോളേജിലെ ചികിത്സാ പിഴവ് കാരണം മകൾ മരിച്ചെന്ന അമ്മയുടെ പരാതിക്ക് തെളിവില്ലാത്ത സാഹചര്യത്തിൽ നിർദ്ധനരായ പേരക്കുട്ടികൾക്ക് ധനസഹായം നൽകണമെന്ന ആവശ്യം സർക്കാരിന് മുന്നിൽ സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

പത്തനംതിട്ട ജില്ലാ കളക്ടർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്.

യുവതിയുടെ മരണം ചികിത്സാ പിഴവ് കാരണമാണെന്നതിന് തെളിവുകൾ ലഭിക്കാത്ത സാഹചര്യത്തിലാണ് മരിച്ച യുവതിയുടെ കുഞ്ഞുങ്ങൾക്ക് ധനസഹായം നൽകി സഹായിക്കണമെന്ന യുവതിയുടെ അമ്മയുടെ ആവശ്യം കമ്മീഷൻ പരിഗണിച്ചത്.

കോട്ടയം ഇളപ്പപാറ നെല്ലിക്കുഴി മുരുപ്പേൽ ഓമന സമർപ്പിച്ച പരാതിയിലാണ് നടപടി. ഓമനയുടെ മകളാണ് മരിച്ചത്. കോട്ടയം ഗാന്ധിനഗർ പോലീസ് 1011/19 നമ്പറായി കേസെടുത്തിട്ടുണ്ട്. പോലീസും മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടും കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ മരണകാരണം ചികിത്സാ പിഴവാണെന്നതിന് തെളിവില്ലെന്ന് പറയുന്നു.

അമ്മ മരിച്ചതു കാരണം രണ്ടു മക്കൾ ദുരിതം അനുഭവിക്കുകയാണെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. മരിച്ച കവിതയുടെ ഭർത്താവ് കാഴ്ച പരിമിതിയുള്ളയാളാണ്.

## വയോധികയെ സംരക്ഷിക്കണം

കുമളി തേക്കടി ഐ. ബി യ്ക്ക് പിന്നിൽ കുടിലിൽ ഒറ്റയ്ക്ക് കഴിയുന്ന 81 വയസ്സുള്ള തങ്കമണി എന്ന വയോധികയുടെ സംരക്ഷണം ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇടുക്കി ജില്ലാ സാമൂഹിക നീതി ഓഫീസർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. മുത്തശ്ശിയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി.

കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. തങ്കമണി എന്ന എൺപത്തിയൊന്നുകാരി ഇപ്പോൾ മകനോടൊപ്പം അട്ടപ്പള്ളം എന്ന സ്ഥലത്താണ് താമസിക്കുന്നതെന്നും മക്കൾ സാമ്പത്തികമായി സഹായിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിഷയം കൈകാര്യം ചെയ്തത് ലാഘവത്തോടെയാണെന്നും വയോധിക താമസിക്കുന്ന കുടിൽ നാശത്തിന്റെ വക്കിലാണെന്നും പരാതിക്കാരനായ പൊതു പ്രവർത്തകൻ സജി. പി. വർഗ്ഗീസ് കമ്മീഷനെ അറിയിച്ചു. വയോധികയ്ക്ക് സുരക്ഷിതമായ താമസ സൗകര്യം ഒരുക്കണമെന്നും അവരുടെ കുടിലിന് സമീപമുള്ള അങ്കണവാടിയിൽ നിന്നും ഒരു നേരത്തെ ആഹാരം ഉറപ്പാക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു. ആശാവർക്കറും ആരോഗ്യ പ്രവർത്തകരും ഇവരെ സന്ദർശിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

## നിയമലംഘനമുണ്ടെങ്കിൽ നടപടി വേണം

കാലിക്കറ്റ് ട്രേഡ് സെന്റർ എന്ന സ്ഥാപനം നിയമ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ അതിനെതിരെ നിയമാനുസൃതം നടപടിയെടുക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു.

കോഴിക്കോട് നഗരസഭാ സെക്രട്ടറിക്കാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവ് നൽകിയത്.

പാർക്കിംഗ് സംവിധാനത്തിലെ അപര്യാപ്തത, ഉറവിട മാലിന്യ സംസ്കരണ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി തുടങ്ങിയവ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടില്ലെന്ന ആക്ഷേപം നഗരസഭ പരിശോധിക്കണം. കനോലികനാലിന്റെ സമീപമുള്ള കെട്ടിടം തീരദേശ പരിപാലന സംരക്ഷണ നിയമം പാലിച്ചിട്ടില്ലെന്ന ആക്ഷേപവും പരിശോധിക്കണം. അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ടെന്ന പരാതിക്കാരന്റെ പരാതി പരിഗണിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

കെട്ടിടം നിൽക്കുന്ന ഭൂമിയുടെ തരം നിലമായതിനാൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്ന് ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. അനധികൃത നിർമ്മാണങ്ങൾ പൊളിക്കാൻ ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ ലൈസൻസ് റദ്ദാക്കാൻ ഹെൽത്ത് ഓഫീസർക്ക് കുറിപ്പ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. അനധികൃത നിർമ്മാണത്തിനെതിരെ നിയമാനുസൃതം നടപടി സ്വീകരിച്ചു വരുന്നതായും റിപ്പോർട്ടിൽ പറയുന്നു.

നഗരസഭാ സെക്രട്ടറിയും ഇക്കാര്യങ്ങൾ കമ്മീഷനെ അറിയിച്ചു. എന്നാൽ പൊതു പ്രവർത്തകനായ സതീഷ് പാറന്നൂർ ഇതിന് പുറമേ സമർപ്പിച്ച ആക്ഷേപം കൂടി നഗരസഭ പരിഗണിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

## നേമം ആശുപത്രിയിൽ ഇ. സി.ജിയില്ല

നേമം താലൂക്ക് ആശുപത്രിയിൽ ഇ. സി. ജി. മെഷീൻ ഇല്ലെന്ന പരാതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അന്വേഷണം നടത്തണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

തലസ്ഥാന നഗരപരിധിയിലുള്ള ഏറ്റവും വലിയ താലൂക്ക് ആശുപത്രിയാണ് നേമം. നിരവധി കെട്ടിടങ്ങളും ആവശ്യാനുസരണം സ്ഥലവുമുള്ള ഇവിടെ ഇ. സി. ജി. എടുക്കാനെത്തിയാൽ ആശുപത്രിയുടെ മുന്നിലുള്ള സ്വകാര്യ ലാബിനെ സമീപിക്കാൻ ഡോക്ടർമാർ നിർദ്ദേശിക്കും. സ്വകാര്യ ലാബിൽ പണം നൽകി ഇ. സി. ജി മെഷീനുമായി ലാബിലെ ടെക്നീഷ്യൻ സർക്കാർ ആശുപത്രിയിൽ മാത്രമേ ഇ. സി. ജി. എടുക്കാൻ കഴിയൂ. ഇ. സി. ജി. ടെക്നീഷ്യൻ വൈകിയതിനാൽ രോഗി മരിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ടെന്ന് പരാതിയിൽ പറയുന്നു.

സ്വകാര്യ ലാബുമായി ചേർന്നുള്ള അഴിമതിയാണ് നടത്തുന്നതെന്ന് സംശയമുള്ളതായി മനുഷ്യാവകാശ പ്രവർത്തകനായ രാഗം റഹീം പരാതിയിൽ പറഞ്ഞു. നേമം കഴിഞ്ഞാൽ നെയ്യാറ്റിൻകരയിൽ മാത്രമാണ് ആശുപത്രിയുള്ളത്. ആശുപത്രിയിൽ ഇ. സി. ജി. മെഷീൻ ഉണ്ടായിട്ടും ഉപയോഗിക്കാതിരിക്കുകയാണെങ്കിൽ ഡോക്ടർമാരുടെ ഒത്തുകളി ആരോഗ്യവകുപ്പ് വിജിലൻസ് അന്വേഷിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

# സാമൂഹിക വിരുദ്ധരുടെ ഭീഷണി ഇല്ലാതാക്കണം

സർക്കാർ നൽകിയ ധനസഹായത്താൽ തലശ്ശേരി വാർഡ് 35 ൽ വീട് നിർമ്മിച്ച നാല് കുടുംബങ്ങൾക്കെതിരെ സാമൂഹിക വിരുദ്ധരുടെ ഭാഗത്ത് നിന്ന് ഭീഷണി ഉയരുന്ന സാഹചര്യത്തിൽ അക്രമം ഉണ്ടാകുന്നില്ലെന്ന് ന്യൂ മാഹി പോലീസ് ഇൻസ്പെക്ടർ ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

തലശ്ശേരി ടെമ്പിൾ ഗേറ്റ് മൈലാട്ടിൽ വീട്ടിൽ കെ. പീതാംബരനും അയൽവാസികൾക്കും സംരക്ഷണം ഉറപ്പാക്കണമെന്നാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവ്.

ടെമ്പിൾ ഗേറ്റ് സ്വദേശികളായ ഉദേഷ് കുമാറിന്റെ നേതൃത്വത്തിൽ തങ്ങളുടെ വീടുകളിലേയ്ക്ക് മാലിന്യം വലിച്ചെറിയുന്നതായും ഉറക്കത്തിൽ പെട്രോൾ ഒഴിച്ച് കത്തിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നതായും പരാതിയിൽ പറയുന്നു.

ന്യൂമാഹി പോലീസ് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ സർക്കാർ റവന്യൂ ഭൂമിയിൽ സർക്കാർ ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് താമസിക്കുന്നവരാണ് പരാതിക്കാരെന്ന് പറയുന്നു. സർക്കാർ ഭൂമി തങ്ങളുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതാണെന്ന് തെറ്റിദ്ധരിച്ചാണ് അക്രമം ഉണ്ടാക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. എതിർകക്ഷിയായ ഉദേഷ് കുമാറിനെ അക്രമത്തിൽ നിന്നും പിന്തിരിപ്പിക്കാൻ മറ്റ് മാർഗ്ഗങ്ങളില്ലാത്തതിനാൽ ക്രിമിനൽ നടപടി നിയമം വകുപ്പ് 107 പ്രകാരം ഒരു വർഷത്തിൽ കുറയാത്ത കാലയളവിലേയ്ക്ക് നല്ലനടപ്പിന് ഉത്തരവാകുന്നതിലേയ്ക്കായി തലശ്ശേരി സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഉദേഷ് കുമാർ, ശ്രീലത എന്നിവർക്കെതിരെ 670/2022 നമ്പറായി കേസെടുത്തിട്ടുണ്ട്. ഇവരുടെ ഭാഗത്ത് നിന്ന് ക്രമസമാധാനത്തിന് ഭംഗമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടിയെടുത്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## പുനരളവ് പരീക്ഷയിൽ തോറ്റാൽ പുനഃപരിശോധനയില്ല

ശാരീരിക പുനരളവ് പരിശോധനയിൽ പരാജയപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പരാതി പുന:പരിശോധിക്കുകയില്ലെന്ന് പി. എസ്. സി മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

സിവിൽ പോലീസ് ഓഫിസർ ശരീര പുനരളവ് പരിശോധനയിൽ പരാജയപ്പെട്ട ഉദ്യോഗാർത്ഥി സമർപ്പിച്ച പരാതിയിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട റിപ്പോർട്ടിലാണ് പി. എസ്. സി സെക്രട്ടറിയുടെ വിശദീകരണം.

530/2019 വിജ്ഞാപന പ്രകാരം 2023 ജനുവരി 4 ന് മലപ്പുറം പി. എസ്. സി ഓഫീസിൽ നടന്ന സിവിൽ പോലീസ് ഓഫീസർ ശരീര അളവ് പരിശോധനയെക്കുറിച്ചാണ് പരാതി.

കായികക്ഷമതാ പരീക്ഷയിൽ വിജയിച്ച ഉദ്യോഗാർത്ഥികൾക്ക് ശാരീരിക പുനരളവെടുപ്പ് നടത്തിയിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. പി. എസ്. സി അംഗം ചെയർമാനും, പി. എസ്. സിയിലെ അണ്ടർ സെക്രട്ടറി, സർക്കാർ / എയ്ഡഡ് കോളേജുകളിലെ കായിക അദ്ധ്യാപകർ എന്നിവർ അംഗങ്ങളുമായുള്ള ബോർഡാണ് പുനരളവെടുപ്പ് നടത്തിയത്. കായികക്ഷമതാ പരീക്ഷാ ദിവസത്തെ ശാരീരികാളവുകളിൽ നിന്ന് പുനരളവെടുപ്പ് ദിവസം എന്തെങ്കിലും വ്യത്യാസം ഉണ്ടോ എന്നറിയാൻ ചെസ്റ്റ്, ഉയരം തുടങ്ങി എല്ലാ അളവുകളും വീണ്ടും എടുക്കേണ്ടത് ആവശ്യമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. പുനരളവെടുപ്പിൽ പരാജയപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പരാതികൾ പുന:പരിശോധിക്കാൻ കഴിയില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കി.

## മാഹിയിൽ നിന്നും പെട്രോൾ വാങ്ങിയാൽ നടപടി

മാഹിയിൽ നിന്നും കുപ്പികളിലും പ്ലാസ്റ്റിക് കാനുകളിലും മറ്റും പെട്രോളിയം ഉൽപ്പന്നങ്ങൾ നിറച്ച് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

അനധികൃതമായി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്.

ഇത്തരം സംഭവങ്ങൾക്കെതിരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ കടത്തികൊണ്ടുപോകൽ തടയൽ ഉത്തരവ് പ്രകാരം നടപടിയെടുക്കാൻ ജില്ലയിലെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും പ്രത്യേകം മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് പോലീസ് റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കി.

അഭിഭാഷകനായ വി. ദേവദാസ് സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

## സർവീസ് ബുക്ക് കാണാനില്ല: പെൻഷനില്ല

തിരൂർ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഓഫീസിൽ നിന്നും സർവീസ് ബുക്ക് കാണാതായതിനെ തുടർന്ന് 2007 ൽ വിരമിച്ച ജീവനക്കാരന് പെൻഷൻ ലഭിച്ചില്ലെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

മലപ്പുറം ഡപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനും കോഴിക്കോട് തഹസിൽദാറും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജു നാഥ് നിർദ്ദേശിച്ചു.

ബാലുശേരി സ്വദേശി സി.കെ. വിജയൻ സമർപ്പിച്ച പരാതിയിലാണ് നടപടി.റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥനാണ് പരാതിക്കാരൻ. സർവീസ് ബുക്ക് കാണാനില്ലെന്ന വിവരം പരാതിക്കാരനെ അറി

യിച്ചത് കോഴിക്കോട് തഹസിൽദാരാണ്.

## താമരശേരി ചുരത്തിലെ ഗതാഗത കുരുക്കിന് പരിഹാരം കാണണം

കോഴിക്കോട് താമരശേരി ചുരത്തിലെ ഗതാഗത കുരുക്കിന് പ്രായോഗിക പരിഹാരം കണ്ടേ തീരൂ എന്ന് മനുഷ്യാവകാശ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ്.

താമരശേരി ചുരം എട്ടാം വളവിൽ മൾട്ടി ആക്സിൽ ചരക്ക് ലോറി കേടായി താമരശേരി ചുരത്തിൽ 5 മണിക്കൂറോളം രൂക്ഷമായ ഗതാഗത കുരുക്കുണ്ടായ സാഹചര്യത്തിലാണ് കമ്മീഷൻ വീണ്ടും ഇടപെട്ടത്. കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് ചരക്ക ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ അവധി ദിവസമാണ് ചരക്ക് ലോറി വഴിയിൽ നിന്നത്.

കമ്മീഷൻ ഇതേ വിഷയത്തിൽ ഇക്കൊല്ലം ജനുവരിയിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവിമാരും സമർപ്പിച്ച റിപ്പോർട്ടുകളിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഇപ്പോൾ സംഭവിച്ചതു പോലുള്ള രൂക്ഷമായ ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിന് കൂടുതലായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ കോഴിക്കോട്, വയനാട് ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവിമാരും ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്നും കെ. ബൈജൂനാഥ് ആവശ്യപ്പെട്ടു. നിർദ്ദേശങ്ങൾ എത്രയും വേഗം പ്രാബല്യത്തിൽ വരുത്തണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

പുൽപ്പള്ളിയിൽ തെങ്ങ് ശരീരത്തിൽ വീണ് ഗുരുതരമായി പരിക്കേറ്റ രാജൻ എന്നയാൾ താമരശേരി ചുരത്തിലെ ഗതാഗത കുരുക്കിൽ അകപ്പെട്ട് മരിച്ചതിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഗതാഗത കുരുക്കിന് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്താൻ നിർദ്ദേശം നൽകിയത്.ഇതിനെ തുടർന്ന് അവധി ദിവസങ്ങളിലും രാവിലെയും വൈകിട്ടും ചുരത്തിൽ ചരക്ക ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.എന്നാൽ പ്രസ്തുത ഉത്തരവ് കർശനമായ നടപ്പിലാക്കാൻ ഭരണകൂടങ്ങളും പോലീസ് സംവിധാനവും ഫലപ്രദമായി ഇടപെടുന്നില്ലെന്ന് പുതിയ സംഭവങ്ങളിലൂടെ വ്യക്തമാകുന്നതായി കമ്മീഷൻ നിരീക്ഷിച്ചു. ചുരത്തിൽ കുട്ടികളും വയോധികരും അനുഭവിക്കുന്നത് നഗ്നമായ മനുഷ്യാവകാശ ലംഘനമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ചുരത്തിലെ ഗതാഗത തടസം ഒഴിവാക്കി ഗതാഗതം സുഗമമാക്കാൻ ഇരു ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവിമാരും കർശനമായി ഇടപെടണമെന്നും കെ. ബൈജൂനാഥ് ആവശ്യപ്പെട്ടു. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## സ്വകാര്യ പറമ്പിലെ വൃക്ഷം മുറിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം

ഹാരിസൺ മലയാളം പ്ലാന്റേഷന്റെ അധീനതയിലുള്ള ളാഹ എസ്റ്റേറ്റിൽ അപകടകരമായി വളർന്നു നിൽക്കുന്ന ഇടക്കളകൾ വൃത്തിയാക്കാൻ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദ്ദേശം എസ്റ്ററേറ്റ് അധികൃതർക്ക് നൽകണമെന്ന് റാന്നി - പെരുനാട് പഞ്ചായത്ത് സെക്രട്ടറിക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

തങ്ങൾക്ക് നടപടിയെടുക്കാൻ കഴിയില്ലെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വാദം കമ്മീഷൻ തള്ളി. 2023 മേയ് 12 ന് തദ്ദേശ സ്വയം ഭരണവകുപ്പ് പുറത്തിറക്കിയ സർക്കുലർ പ്രകാരം റാന്നി-പെരിനാട് പഞ്ചായത്തിന് വീഴ്ച സംഭവിച്ചതായി കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. വ്യക്തിക്കോ കെട്ടിടത്തിനോ കൃഷിക്കോ ആപത്തുണ്ടാകാൻ സാധ്യതയുള്ള പക്ഷം സ്വകാര്യ പറമ്പിലെ വൃക്ഷം ഉൾപ്പെടെ മുറിച്ച് മാറ്റാനുള്ള നോട്ടീസ് ബന്ധപ്പെട്ടവർക്ക് നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ നിർദ്ദേശം സ്വകാര്യ വ്യക്തി അനുസരിച്ചില്ലെങ്കിൽ അവർക്കെതിരെ നിയമപരമായി നീങ്ങാൻ തദ്ദേശ സ്ഥാപനത്തിന് സർക്കാർ അധികാരം നൽകിയിട്ടുണ്ട്. ഇതിനുള്ള ചെലവ് സ്വകാര്യ വ്യക്തിയിൽ നിന്നും ഈടാക്കാം.

ഹാരിസൺ മലയാളം കമ്പനിയുടെ എസ്റ്റേറ്റിലെ അപകടം ഒഴിവാക്കാൻ തങ്ങൾക്ക് അധികാരമില്ലെന്ന് റാന്നി - പെരിനാട് പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ച പശ്ചാത്തലത്തിലാണ് ഉത്തരവ്. പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കമ്മീഷൻ വിലയിരുത്തി. ഇടക്കളകൾ കാരണം വന്യമൃഗങ്ങൾ പതിയിരുന്ന് നാട്ടുകാരെ ആക്രമിക്കുകയാണെന്ന് പരാതിക്കാരനായ കുന്നംകര സ്വദേശി സുരേഷ് കമ്മീഷനെ അറിയിച്ചു. ഇടക്കളകൾ നീക്കം ചെയ്യാൻ കഴിയില്ലെന്ന് വനം വകുപ്പ് കമ്മീഷനെ അറിയിച്ചു. ഉത്തരവ് ഒരു മാസത്തിനകം പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കണം.

## ദുരിത ജീവിതത്തിൽ ഇടപെടണം

ടാർപ്പാ ഷെഡിൽ ജീവിക്കുന്ന നടക്കാൻ കഴിയാത്ത രണ്ടു മക്കളുടെയും അമ്മയുടെയും ദുരിത ജീവിതത്തിൽ അടിയന്തരമായി ഇടപെടണമെന്ന് കൊല്ലം ജില്ലാ ഭരണകൂടത്തോട് കമ്മീഷൻ.

വെസ്റ്റ് കല്ലട ഐത്തോട്ടുവ സ്വദേശിനി ഷൈലജയുടെയും മക്കളുടെയും ദുരിത ജീവിതം മനസിലാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

നടക്കാൻ ശേഷിയില്ലാത്ത മക്കളെ എടുക്കണമെങ്കിൽ നാലു പേർ വേണം. ഇക്കഴിഞ്ഞ മഴക്കാലത്ത് വീട്ടിൽ വെള്ളം കയറിയപ്പോൾ നാട്ടുകാർ ചുമന്നാണ് സമീപത്തെ വീട്ടിൽ എത്തിച്ചത്. സന്നദ്ധപ്രവർത്തകരാണ് ഇവരെ സഹായിക്കുന്നത്. പഞ്ചായത്ത് സഹായിച്ചിട്ടില്ല. ഷൈലജയുടെ ഭർത്താവ് വർഷങ്ങൾക്ക് മുമ്പ് ഉപേക്ഷിച്ചു. രോഗം കാരണം ഷൈലജക്ക് ജോലി ചെയ്യാനാവില്ല. ക്ഷേമപെൻഷൻ കിട്ടാത്തതുകൊണ്ട് മരുന്ന് വാങ്ങാൻ നിവൃത്തിയില്ല. മകന് 30 വയസുണ്ട്. വീട് വേണമെന്നാണ് ഇവരുടെ ആവശ്യം. ദൃശ്യമാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## ഓട്ടോറിക്ഷാ സ്റ്റാന്റ് മാറ്റണം

കുണ്ടറ - കൊട്ടിയം റോഡരികിലെ മൃഗാശുപത്രിയ്ക്ക് മുന്നിലുള്ള ഭാഗത്ത് ഓട്ടോറിക്ഷാ സ്റ്റാൻഡ് നിയമപരമായി അനുവദിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

മൃഗാശുപത്രി - കാമ്പിക്കട റോഡിന്റെ വശത്ത് നിലവിലുള്ള പാർക്കിംഗ് രണ്ടാഴ്ച്ചയ്ക്കകം അവസാനിപ്പിക്കണമെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി. സ്വീകരിച്ച നടപടികൾ പഞ്ചായത്ത് സെക്രട്ടറി കമ്മീഷനിൽ എഴുതി സമർപ്പിക്കണം.

തന്റെ വീടിന് മുന്നിലുള്ള അനധികൃത ഓട്ടോറിക്ഷാ പാർക്കിംഗ് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് പെരുമ്പുഴ സ്വദേശി ബി. എസ്. വിഘ്നേഷ് സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്.

ഓട്ടോറിക്ഷാ പാർക്കിംഗ് അനുവദിക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണെന്ന് കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ കമ്മീഷനെ അറിയിച്ചു. പ്രദേശത്തെ ജനപ്രതിനിധിയുടെ നിർദ്ദേശാനുസരണമാണ് മൃഗാശുപത്രി കമ്പിക്കട റോഡിൽ പാർക്കിംഗ് അനുവദിച്ചതെന്ന് ഇളമ്പള്ളൂർ പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. ഇതിനെതിരെ അൻപതോളം പ്രദേശവാസികൾ പരാതി നൽകിയെങ്കിലും പഞ്ചായത്ത് സെക്രട്ടറി അവഗണിച്ചു. ഗ്രാമപഞ്ചായത്ത് നിലവിൽ സ്റ്റാൻഡ് അനുവദിച്ചിട്ടില്ലാത്ത സ്ഥലത്ത് അനധികൃതമായി ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നത് പരാതിക്കാരന്റെ ഉൾപ്പെടെയുള്ള സ്ഥലവാസികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്ന നടപടിയാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## താമരശേരി - തൃശ്ശൂർ സർവീസ് പുനരാരംഭിക്കാം

യാത്രക്കാരുടെ ലഭ്യത വർധിക്കുകയും പ്രവർത്തന ചെലവിനുള്ള വരുമാനം ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ താമരശ്ശേരിയിൽ നിന്നും തൃശ്ശൂരിലേയ്ക്ക് മുമ്പുണ്ടായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുമെന്ന് കെ. എസ്. ആർ. ടി. സി മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

റദ്ദാക്കിയ സർവ്വീസുകൾ പുനരാരംഭിക്കണമെന്ന പരാതിയിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട റിപ്പോർട്ടിലാണ് കെ. എസ്. ആർ. ടി. സി യുടെ വിശദീകരണം.

താമരശ്ശേരി - മുക്കം - മഞ്ചേരി - തൃശ്ശൂർ റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന നാല് സ്വകാര്യ ബസുകളുടെ പെർമിറ്റ് സർക്കാർ ഏറ്റെടുത്തതായി കെ. എസ്. ആർ. ടി. സി ചീഫ് ലോ ഓഫീസർ കമ്മീഷനെ അറിയിച്ചു. ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി സർവ്വീസ് ആരംഭിച്ചെങ്കിലും നഷ്ടം സംഭവിച്ചു. നഷ്ടമുള്ള റൂട്ടുകളിൽ സർവ്വീസ് നടത്താൻ കഴിയില്ലെന്നും സർക്കാർ സഹായം കൊണ്ട് മാത്രമാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കി. ഓമശ്ശേരി സ്വദേശി കെ. ദിലീപ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## വ്യാജ ചികിത്സകനെതിരെ നടപടിയെടുക്കണം

കാലിന് പരിക്കേറ്റ് ആയുർവേദ ചികിത്സ തേടിയ കെട്ടിട നിർമ്മാണ തൊഴിലാളിക്ക് വ്യാജ ചികിത്സ നൽകി വലതുകാലിന്റെ സ്വാധീനമില്ലാതാക്കിയെന്ന പരാതിയിൽ ആയുർവേദ സ്ഥാപനത്തിനും ചികിത്സകനുമെതിരെ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവ് നൽകിയത്. പേരൂർ കണ്ണമത്ത് വീട്ടിൽ രാജു സമർപ്പിച്ച പരാതിയിലാണ് നടപടി

കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരൻ കരിക്കോട് ജീവരാഗം (വൈദ്യരത്നം ഏജൻസി) എന്ന സ്ഥാപനത്തെയാണ് ചികിത്സയ്ക്ക് സമീപിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു. ആയുർവേദ ക്ലിനിക്ക് നടത്താൻ മാത്രം ലൈസൻസ് എടുത്ത സ്ഥാപനമാണ് ഇത്. പരാതിക്കാരൻ പ്രമേഹരോഗിയും അലോപ്പതി ചികിത്സ പിന്തുടരുന്നയാളുമാണ്. 2020 ഫെബ്രുവരി 13 നാണ് പരാതിക്കാരൻ ആയുർവേദ ക്ലിനിക്കിലെത്തിയത്. സുരേഷ്ബാബുവാണ് ചികിത്സകൻ. ചികിത്സകൻ രോഗികൾക്ക് വ്യാജചികിത്സ നൽകുന്നതായി റിപ്പോർട്ടിൽ പറയുന്നു. ഇയാൾക്ക് മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനില്ല. ഇയാൾ പേരിനൊപ്പം ഡോക്ടർ എന്ന് വയ്ക്കാറുണ്ട്. ആധികാരികതയില്ലാത്ത തിരിച്ചറിയൽ രേഖ പ്രദർശിപ്പിക്കുന്നു. ഇയാൾ പരാതിക്കാരന്റെ കാര്യത്തിൽ ഹാജരാക്കിയ ചികിത്സാ രേഖകൾ വ്യാജമാണെന്നും റിപ്പോർട്ടിൽ പറയുന്നു. പരാതിക്കാരനുണ്ടായ എല്ലാ കഷ്ടനഷ്ടങ്ങൾക്കും പൂർണ ഉത്തരവാദി അനധികൃതചികിത്സ നടത്തിയ സുരേഷ്ബാബുവാണെന്നും റിപ്പോർട്ടിൽ പറയുന്നു. അസന്മാർഗിക മാർഗ്ഗത്തിലൂടെ പണം നേടാൻ ശ്രമിച്ചയാൾക്കെതിരെ മതിയായ അന്വേഷണം നടത്തി ഇത്തരം കളകളെ വേരോടെ പിഴുതെറിയണമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## താഴ്ന്നുകിടക്കുന്ന കേബിൾ നടപടി വേണം

പാതയോരത്ത് താഴ്ന്ന കിടക്കുന്ന കേബിളുകൾ കാൽ നടയാത്രക്കാർക്ക് ഭീഷണിയാവുന്ന സാഹചര്യത്തിൽ ഇതിന് കാരണക്കാരായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ദുരന്തങ്ങൾ ഉണ്ടാകാനുള്ള സാധ്യത പൂർണമായി ഇല്ലാതാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.



കെ എസ് ഇ ബി ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്. സ്വീകരിച്ച നടപടികൾ മൂന്നാഴ്ചക്കകം സമർപ്പിക്കണം. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

നഗരത്തിലെ തിരക്കുള്ള സ്ഥലങ്ങളിലെല്ലാം ഇത് പതിവു കാഴ്ചയാണ്. കെ എസ് ഇ ബിയുടെ ഉടമസ്ഥതയിലുള്ള പോസ്റ്റുകളിൽ ബി എസ് എൻ എൽ, സ്വകാര്യ കേബിളുകാർ എന്നിവർ ലൈൻ വലിക്കുന്നുണ്ട്. കെ. ഫോൺ കേബിളുകൾക്കും ഇതേ പോസ്റ്റ് ഉപയോഗിക്കുന്നുണ്ട്. ബി എസ് എൻ എൽ, പ്രാദേശിക കേബിൾ സേവനദാതാക്കൾ എന്നിവരുടെ കേബിളുകളാണ് താഴ്ന്നു കിടക്കുന്നത്.

# പ്രമേഹ ബാധിതരായ കുട്ടികൾക്ക് നേഴ്സുമാരെ നൽകണം

ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടികൾക്ക് സ്കൂളുകളിൽ നേഴ്സുമാരുടെ സേവനം ലഭ്യമാക്കണമെന്നും ഇവർക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ആരോഗ്യവകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കമ്മീഷനെ അറിയിച്ചു.

നിലവിൽ വനിതാ-ശിശു വികസന വകുപ്പ് നിയോഗിച്ച 1012 സ്കൂൾ കൗൺസിലർമാരാണ് പ്രവർത്തിക്കുന്നത്. ഇവരുടെ സേവനം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ കൗൺസിലിംഗ് ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുന്നതിന് വനിതാശിശു വികസന വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. ഇവർക്ക് കൗൺസിലിംഗ് റൂം നിർബന്ധമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ വിദ്യാലയങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് സജീവമായ ഇടപെടൽ നടത്തണമെന്ന ജുഡീഷ്യൽ അംഗം കെ. ബൈജു നാഥ് നിർദ്ദേശം നൽകി. വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രമേഹ ബാധിതരായ കുട്ടികളെ വിദ്യാലയങ്ങളിൽ പരിചരിക്കാൻ സംവിധാനമില്ലെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് നടപടി.

കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അടിയന്തര നടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ കമ്മീഷൻ സിറ്റിംഗിൽ നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു.

കുട്ടികൾ അദ്ധ്യാപകരുമായി കൂടുതൽ സമയം ചെലവിടുന്നതിനും കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനം നൽകി വരുന്നതായി റിപ്പോർട്ടിൽ പറയുന്നു. ആദ്യഘട്ടത്തിൽ എൽ. പി. മുതൽ ഹൈസ്കൂൾ തലം വരെ 66029 അദ്ധ്യാപകർക്ക് പരിശീലനം നൽകി. സാമൂഹിക സുരക്ഷാ മിഷന്റെ കൈപ്പുസ്തകമായ 'മിഠായി'യുടെ അടിസ്ഥാനത്തിലാണ് പരിശീലന മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

പാഠ്യപദ്ധതിയിൽ ടൈപ്പ് വൺ പ്രമേഹം സംബന്ധിച്ച ഭാഗങ്ങൾ ഉൾപ്പെടുത്താൻ സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗിന് (എസ്. സി. ഇ. ആർ. റ്റി) ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## വിരമിക്കുന്നവർക്ക് ആനുകൂല്യം യഥാസമയം നൽകണം

വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകണമെന്ന് നിരവധി കോടതി ഉത്തരവുകളുണ്ടെങ്കിലും ഉദ്യോഗസ്ഥർ മൗനം ദീക്ഷിക്കുന്നത് ഗൗരവമായി കാണുന്നതായി മനുഷ്യാവകാശ കമ്മീഷൻ.

2010 ൽ വിരമിച്ച ജീവനക്കാരന് നൽകേണ്ട ഗ്രൂപ്പ് ഇൻഷ്വറൻസ് തുക ഒരു മാസത്തിനകം നൽകിയ ശേഷം വിവരം കമ്മീഷനെ അറിയിക്കണമെന്ന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ആവശ്യപ്പെട്ടു. തദ്ദേശ സ്വയം ഭരണ വകുപ്പ് പാലക്കാട്, തൃശ്ശൂർ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കാണ് ഉത്തരവ് നൽകിയത്.

2010 മാർച്ച് 31 ന് സർവീസിൽ നിന്നും വിരമിച്ച ചെറുതുരുത്തി നെടുമ്പുര പടിഞ്ഞാറൻകുന്നത്ത് മൊയ്തീൻ കുട്ടിയുടെ പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

കമ്മീഷൻ പാലക്കാട് തദ്ദേശസ്വയം ഭരണ വകുപ്പ് ഡപ്യൂട്ടി ഡയറക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങി. പരാതിക്കാരന്റെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി. ഐ. എസ്) അവസാനിപ്പിക്കാനുള്ള അപേക്ഷ ലഭിച്ചിട്ടില്ലെന്നായിരുന്നു മറുപടി. എന്നാൽ സേവന കാലയളവിൽ തന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയെങ്കിലും തിരികെ ലഭിക്കാൻ നടപടിയെടുക്കണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു.

പരാതിക്കാരനിൽ നിന്നും 2010 മാർച്ച് 31 വരെ പ്രതിമാസം 20 രൂപ ശമ്പളത്തിൽ നിന്നും ഈടാക്കിയിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് തൃശ്ശൂർ ഡപ്യൂട്ടി ഡയറക്ടറുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥ കാരണമാണ് തനിക്ക് തുക ലഭിക്കാത്തത്. 2011 മാർച്ച് 31 നാണ് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച പരാതിക്കാരന് മറ്റ് പെൻഷൻ ആനുകൂല്യങ്ങളെല്ലാം ലഭിച്ചിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ച് 13 വർഷം കഴിഞ്ഞിട്ടും ഇൻഷ്വറൻസ് ആനുകൂല്യം നൽകാത്തതിനെതിരെ നടപടിയുണ്ടാകണമെന്ന് പരാതിക്കാരൻ അഭ്യർത്ഥിച്ചു.

തുക നൽകുന്നതിൽ കാലതാമസമുണ്ടായതായി നിരീക്ഷിച്ച കമ്മീഷൻ പാലക്കാട് ഡപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പരാതിയെക്കുറിച്ച് വ്യക്തത വരുത്തിയിട്ടില്ലെന്നും സൂചിപ്പിച്ചു.

## മാലിന്യം ഒഴുക്കുന്നത് തടയണം

കണ്ണൂർ പിലാത്തറ മുതൽ വളപട്ടണം വരെയുള്ള റോഡിൽ രാത്രി കാലങ്ങളിൽ ജനവാസ കേന്ദ്രങ്ങളിലും കണ്ടൽകാടുകളിലും സെപ്റ്റിക് ടാങ്ക് മാലിന്യവും മത്സ്യവണ്ടികളിൽ നിന്നുള്ള മാലിന്യവും ഒഴുക്കിവിടുന്നുവെന്ന പരാതിയിൽ പോലീസിന്റെ ഭാഗത്ത് നിന്ന് ശക്തമായ നടപടിയുണ്ടാകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇത്തരം കുത്സിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

മാലിന്യ നിക്ഷേപത്തിനെതിരെ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളും കർശന നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഇതിനാവശ്യമായ നിർദ്ദേശം കണ്ണൂർ ജില്ലാ കളക്ടർ തദ്ദേശ സ്ഥാപനങ്ങളുടെ മേധാവിമാർക്ക് നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

കണ്ണൂർ റൂറൽ ജില്ലാ പോലീസ് മേധാവി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പിലാത്തറ മുതൽ രാമപുരം പാലം, രാമപുരം മുതൽ താവം, പിലാത്തറ മുതൽ വളപട്ടണം എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് പറയുന്നു. പോലീസിന് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും മാലിന്യ നിക്ഷേപം നടക്കുന്നില്ലെന്ന് പറയാൻ കഴിയില്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. അഭിഭാഷകനായ വി. ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

## മാനഹാനി ; കേസെടുത്തു

സ്ത്രീയും കുടുംബവും താമസിക്കുന്ന വീട്ടിൽ അർദ്ധരാത്രി 25 ഓളം പേർ അതിക്രമിച്ച കയറി കുടുംബത്തിന് മാനഹാനിയുണ്ടാക്കിയെന്ന പരാതിയിൽ 5 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് മേൽപറമ്പ പോലീസ് എസ്.എച്ച്. ഒ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഇടപെടലിനെ തുടർന്നാണ് നടപടി. കണ്ണംകുളം ബാര സ്വദേശിനി റാബിയത്ത് സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ നടപടിക്ക് നിർദ്ദേശം നൽകിയത്.

ബേക്കൽ പോലീസ് സമർപ്പിച്ച റിപ്പോർട്ടിൽ 2022 ഒക്ടോബർ 26 ന് കണ്ണംകുളത്ത് നടന്ന സംഭവം അറിഞ്ഞയുടൻ പോലീസ് സ്ഥലത്തെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പറയുന്നു. ഒരു കാറിലെത്തിയ വ്യക്തിയെ പരാതിക്കാരിയുടെ വീട്ടിൽ ഒളിപ്പിച്ചിരിക്കുകയാണെന്ന ഇല്ലാക്കഥ പറഞ്ഞ് നാട്ടുകാരായ ചിലർ അപമാനിച്ചതായി പരാതിക്കാരി മൊഴി നൽകിയതായി റിപ്പോർട്ടിൽ പറയുന്നു. തുടർന്ന് പരാതിക്കാരി താമസിക്കുന്ന മേൽപറമ്പ പോലീസ് 614/2022 നമ്പറായി ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. നടപടികൾ പൂർത്തിയായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവുകൾ ആവശ്യമില്ലെന്ന് കമ്മീഷൻ വ്യക്തമാക്കി.

## ഹരിതകർമ്മ സേനയെ വിലക്കില്ല

ഹരിതകർമ്മ സേന രൂപീകരിക്കുന്നതിൽ നിന്നും കൊച്ചി നഗരസഭയെ വിലക്കാനാവില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ.

വർഷങ്ങളായി യാതൊരു ആനുകൂല്യവും ലഭിക്കാതെ ജോലി ചെയ്യുന്ന തങ്ങളെ ഒഴിവാക്കി കുടുംബശ്രീക്ക് കീഴിൽ കൊച്ചി നഗരസഭ രൂപം നൽകുന്ന ഹരിതകർമ്മ സേനയെ വിലക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരിയുടെ ഉത്തരവ്.

കൊച്ചി നഗരസഭാ സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് വാങ്ങി. നഗരസഭയിലെ 74 ഡിവിഷനുകളിലും മാലിന്യം ശാസ്ത്രീയമായി തരംതിരിച്ച് സംസ്കരിക്കുന്നതിന് കുറ്റമറ്റ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായാണ് നിലവിൽ നഗരസഭ പരിധിയിൽ ജോലി ചെയ്യുന്ന മുഴുവൻ മാലിന്യ ശേഖരണ തൊഴിലാളികളെയും ഉൾപ്പെടുത്തി ഒരു ഹരിതകർമ്മ സേന രൂപീകരിക്കാൻ തീരുമാനിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു. നിലവിലുള്ള തൊഴിലാളികൾ മുഴുവൻ ഹരിതകർമ്മ സേനയുടെ ഭാഗമാകുമെന്നും റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ റിപ്പോർട്ട് വാസ്തവ വിരുദ്ധമാണെന്നും തൊഴിലാളികളെ പൂർണമായും ഒഴിവാക്കി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിയാണ് ഹരിതകർമ്മ സേന രൂപീകരിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

നഗരസഭാ സെക്രട്ടറി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ പരാതിക്കാരന് വീണ്ടും കമ്മീഷനെ സമീപിക്കാമെന്നും ഉത്തരവിൽ പറയുന്നു.

എറണാകുളം ജില്ലാ മാലിന്യശേഖരണ തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി വി. എൻ. ബാബു സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്.

## ഭാഷയിൽ ഭീഷണി വേണ്ട

നികുതി കുടിശ്ശിക അടയ്ക്കാൻ ആവശ്യപ്പെട്ട് നഗരസഭകളും പഞ്ചായത്തും പൊതുജനങ്ങൾക്ക് നൽകുന്ന നോട്ടീസുകളിൽ ഉപയോഗിക്കുന്ന ഭീഷണിയുടെ സ്വരം കലർന്ന ഭാഷയിൽ കാലികമായ മാറ്റങ്ങൾ വരുത്തി കാര്യമാത്രപ്രസക്തമായി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇത്തരം നോട്ടീസുകൾ പൊതുജനങ്ങളെ പ്രകോപിപ്പിക്കുമെന്നും നോട്ടീസിലെ പ്രയോഗങ്ങൾ വളരെ വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയതാണെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. മാപ്പപേക്ഷയുടെ പ്രയോഗത്തിലും മറ്റും സർക്കാർ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയ സാഹചര്യത്തിൽ ഇത്തരം നോട്ടീസുകളിലും മാറ്റം വരുത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

കുഴൽമന്ദം ഗ്രാമപഞ്ചായത്ത് വീട്ടുനികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നോട്ടീസ് തന്നെ ഭീഷണിപ്പെടുത്തുന്ന തരത്തിലാണെന്ന് പരാതിപ്പെട്ട് നൊച്ചുള്ളി സ്വദേശിയും കർഷകനുമായ കെ. കെ. രാജൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

കേരള പഞ്ചായത്ത് വസ്തു നികുതിയും സേവന ഉപനികുതിയും

സർചാർജ്ജും ചട്ടങ്ങൾ പ്രകാരമാണ് നോട്ടീസ് നൽകിയതെന്നും ഇത് ഭീഷണിപ്പെടുത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ളതല്ലെന്നും കഴൽമന്ദം പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. എന്നാൽ അധികാരഭാഷയ്ക്ക് പകരം സൗഹൃദ ഭാഷയാണ് അഭികാമ്യമെന്ന് പരാതിക്കാരൻ വാദിച്ചു.

## തെരുവുനായ്ക്കൾക്ക് ഷെൽട്ടർ ഹോം

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും അക്രമകാരികളായ നായ്ക്കളെ താത്കാലികമായി പാർപ്പിക്കുന്നതിനുള്ള ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് തദ്ദേശ സ്വയം ഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. തെരുവു നായ്ക്കളെ പിടി കൂടുന്നതിന് പ്രാഗല്ഭ്യമുള്ളവരുടെ അഭാവം തടസ്സമാകുന്നുണ്ടെന്നും അത് പരിഹരിക്കാൻ നായ്ക്കളെ പിടിക്കുന്നതിന് തയ്യാറായി വരുന്ന എല്ലാവർക്കും കണ്ണൂർ ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും ചേർന്ന് പരിശീലനം നൽകുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ചമ്പാട് വെസ്റ്റ് യു. പി. സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥി മുഹമ്മദ് റഫാൻ റഹീസിനെ ഇക്കഴിഞ്ഞ ജൂൺ എട്ടിന് തെരുവു നായ്ക്കൾ ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ച സംഭവത്തിൽ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ് ആവശ്യപ്പെട്ട വിശദീകരണത്തിലാണ് തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ (കണ്ണൂർ) ഇക്കാര്യം അറിയിച്ചത്. കുട്ടിയുടെ മുറിവുകളിൽ മാംസം നിറയുന്നതിന് മൂന്നു നാലു മാസങ്ങൾ വേണ്ടി വരുമെന്നും ഇത് പൂർവ സ്ഥിതിയിലാകാത്ത പക്ഷം പ്ലാസ്റ്റിക് സർജറി വേണമെന്നും റിപ്പോർട്ടിൽ പറയുന്നു.

ജില്ലയിൽ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എ. ബി. സി. സെന്റർ മാത്രമാണ് പ്രവർത്തനക്ഷമമെന്ന് പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. പുതുതായിട്ട് എ. ബി. സി. സെന്ററുകൾ സ്ഥാപിക്കാൻ സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. അക്രമകാരികളായ തെരുവു നായ്ക്കളെ കൊല്ലുന്നതിന് അനുമതി തേടി കണ്ണൂർ ജില്ലാ പഞ്ചായത്ത് സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

അക്രമത്തിന് ഇരയായവർക്ക് നഷ്ടപരിഹാരത്തിനായി സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം രൂപീകരിക്കപ്പെട്ട മൂന്നംഗ സിരിജഗൻ കമ്മിറ്റിയെ സമീപിക്കാവുന്നതാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. മുഹമ്മദ് റഫാൻ റഹീസിന്റെ മാതാവ് എൻ. പി. ഷാമില സമർപ്പിച്ച പരാതിയിലാണ് നടപടി.

## അപൂർവ രോഗം: സഹായിക്കണം

തലച്ചോറിനെ ബാധിച്ച അപൂർവ രോഗം കാരണം നിയന്ത്രണം നഷ്ടപ്പെട്ട് കൈ സ്വയം കടിച്ചുമുറിച്ച് അലറി കരയുന്ന എലപ്പുള്ളി സ്വദേശി ശ്രീവിഷ്ണുവിന്റെ കുടുംബം വാടക വീടുകൾ മാറി മാറി താമസിക്കുന്ന ദുരവസ്ഥയിൽ അടിയന്തരമായി ഇടപെട്ട് അന്തസ്സോടെ ജീവിക്കാനുള്ള കുടുംബത്തിന്റെ അവകാശം ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

പാലക്കാട് ജില്ലാ കളക്ടർക്കും സ്ത്രീകളുടെയും കുട്ടികളിടെയും ക്ഷേമത്തിനായുള്ള ജില്ലാ ഓഫീസർക്കുമാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്. ആവശ്യമായ നടപടികൾ സ്വീകരിച്ച ശേഷം മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

രോഗം കാരണം ഏതുസമയത്തും ശ്രീവിഷ്ണു പൊട്ടിത്തെറിക്കാറുണ്ട്. ഇതാണ് അയൽക്കാരെ ബുദ്ധിമുട്ടിക്കുന്നത്. ശ്രീവിഷ്ണുവിന് ഒൻപതു വയസ്സുണ്ട്. രോഗം കൂടിയാൽ ബഹളം കൂടും. ഇപ്പോൾ ചോർച്ചയുള്ള ഒറ്റപ്പെട്ട വീട്ടിലാണ് താമസിക്കുന്നത്. വാടകവീടുകളിൽ നിന്നും നിർദാക്ഷണ്യം ഇറക്കിവിടുന്നത് പതിവാണ്. ഇവർക്ക് അഞ്ചുസെന്റ് ഭൂമി സ്വന്തമായുണ്ട്. എന്നാൽ വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സ്ഥിതിയില്ല.

മകന് വിദഗ്ദ്ധ ചികിത്സ നൽകാനുള്ള ശ്രമത്തിലാണ് ഈ കുടുംബം. എന്നാൽ സാമ്പത്തിക ഞെരുക്കം തടസ്സമാകുന്നു. ദൃശ്യ മാദ്ധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## സ്റ്റാഫ് നേഴ്സ് നിയമനം ഉടൻ വേണം

പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് രണ്ടുവർഷം കഴിഞ്ഞിട്ടും നിയമനം ലഭിച്ചില്ലെന്ന പരാതി വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ രണ്ടാഴ്ചയ്ക്കകം സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

സ്വീകരിച്ച നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറും രണ്ടാഴ്ചയ്ക്കകം സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. താത്ക്കാലിക നിയമനങ്ങൾ നടത്തി യഥാസമയം ഒഴിവുകൾ പി. എസ്. സിയിൽ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് ആരോപിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്.

എന്നാൽ പ്രസ്തുത തസ്തികകളിൽ ആരും താത്കാലികമായി ജോലി ചെയ്യുന്നില്ലെന്നും ജില്ലയിലുണ്ടാകുന്ന ഒഴിവുകളിൽ പി. എസ്. സി റാങ്ക് ലിസ്റ്റിൽ നിന്നും ചട്ടപ്രകാരമാണ് നിയമനം നടത്തുന്നതെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

എന്നാൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 ൽ 27 ഒഴിവുകൾ ഉണ്ടെന്നും 19 പേർക്ക് മാത്രമാണ് അഡ്വൈസ് നൽകിയിട്ടുള്ളതെന്നും വിവരാവകാശ നിയമപ്രകാരം തങ്ങൾക്ക് മറുപടി ലഭിച്ചിട്ടുണ്ടെന്ന് പരാതിക്കാർ അറിയിച്ചു. ആകെയുള്ള 181 നഴ്സിംഗ് ഓഫീസർ തസ്തികയികയിൽ 176 പേർ മാത്രമാണ് നിലവിൽ ജോലി ചെയ്തു വരുന്നതെന്നും 5 ഒഴിവുകൾ പല കാരണങ്ങൾ പറഞ്ഞ് മാറ്റി വച്ചിരിക്കുകയാണെന്നും പരാതിക്കാർ അറിയിച്ചു. റാങ്ക് ലിസ്റ്റ് തീരാൻ ഒരുവർഷം മാത്രമാണ് ബാക്കിയുള്ളത്. ഒഴിവുകൾ അനധികൃതമായി ഒഴിച്ചിടുന്നത് മനുഷ്യാവകാശ ലംഘനമാണെന്നും പരാതിക്കാർ അറിയിച്ചു.

റാങ്ക് ജേതാക്കളെ വെറും ഭാഗ്യാന്വേഷികൾ മാത്രമായി പരിഗണിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ അവർക്ക് ന്യായമായി ലഭിക്കേണ്ട അവസരങ്ങൾ നിഷേധിക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## കുന്ന്യോറ മലയിലെ ഖനനം നിർത്തണം

കൊയിലാണ്ടി നഗരസഭയിലെ പതിനൊന്നാം വാർഡിൽ കുന്ന്യോറ മലയിൽ ആറുവരി ബൈപ്പാസ് നിർമ്മാണത്തിനായി മല തുരന്നത് കാരണം പ്രദേശം അപകടാവസ്ഥയിലായെന്ന പരാതി അടിയന്തരമായി പരിശോധിച്ച് പരിഹാരം കാണണമെന്ന് മനു

ഷ്യാവകാശ കമ്മീഷൻ.

ദേശീയ പാതാ അതോറിറ്റിയുടെ പാറമ്മൽ യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ ഇക്കാര്യം പരിശോധിച്ച് പതിനഞ്ചു ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. കൊയിലാണ്ടി നഗരസഭയിലെ പന്തലായ് നോർത്ത് കൗൺസിലർ കെ.എം. സുമതി സമർപ്പിച്ച പരാതിയിലാണ് നടപടി.

റോഡ് നിർമ്മാണം തുടങ്ങിയതോടെ ഇരുവശവും ഇടിഞ്ഞു വീണു. ജീവനും സ്വത്തിനും ഭീഷണിയായി തുടരുന്നു. മല തുരന്നതോടെ പൈപ്പുകൾ പൊട്ടി കുടിവെള്ളം കിട്ടാതായി. 17 ഓളം വീട്ടുകാരെ മാറ്റി താമസിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗികളെ ഒരു കിലോമീറ്റർ ചുമന്ന് റോഡിലെത്തിച്ചാൽ മാത്രമേ ആശുപത്രിയിൽ കൊണ്ടുപോകാനാവൂ. മനുഷ്യ ജീവന് യാതൊരു പരിഗണനയും നൽകാതെയാണ് റോഡ് നിർമ്മിക്കുന്നതെന്ന് പരാതിയിൽ പറയുന്നു. ബൈപ്പാസ് നിർമ്മാണം പൂർത്തിയാകുന്നതോടെ കുന്ന്യോറ മല മുറിഞ്ഞ് ഒറ്റപ്പെടുമെന്നും പരാതിയിൽ പറയുന്നു.

ഇടിഞ്ഞ കുന്നിൻചെരുവുകളിൽ സംരക്ഷണഭിത്തി നിർമ്മിക്കണമെന്നും ബൈപ്പാസിന്റെ ഇരുവശങ്ങളിലും സർവ്വീസ് റോഡുകൾ നിർമ്മിക്കണമെന്നും പരാതിക്കാരി ആവശ്യപ്പെട്ടു.

## എൻഡോസൾഫാൻ ബാധിതയ്ക്ക് പട്ടയം

എൻഡോസൾഫാൻ ബാധിതയും അംഗപരിമിതയുമായ സ്ത്രീക്ക് മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം ബേളൂർ വില്ലേജിൽ 04.05 ആർ (പത്തുസെന്റ്) സർക്കാർ ഭൂമിക്ക് പട്ടയം അനുവദിച്ചു.

ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി.

ഭൂമിക്ക് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് ആനന്ദാശ്രമം ഇരിയ സ്വദേശിനി പി. പി. പ്രജിതമോൾ സമർപ്പിച്ച പരാതിയാണ് തീർപ്പായത്.

ഭൂമിക്ക് പട്ടയം അനുവദിച്ചതായി ജില്ലാ കളക്ടറാണ് കമ്മീഷനെ അറിയിച്ചത്.

## ജാൻവികയ്ക്ക് പണം നൽകി

കണ്ണൂർ മുഴപ്പിലങ്ങാട് റയിൽവേ സ്റ്റേഷന് സമീപം മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയായ ജാൻവികയെ കൂട്ടത്തോടെ തെരുവുനായ്ക്കൾ ആക്രമിച്ച സംഭവത്തിൽ ആശുപത്രി ചെലവായ ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റിമുപ്പതു രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ടെന്ന് മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

കണ്ണൂരിലെ ടൂറിസം സ്പോട്ടുകൾ മാലിന്യമുക്തമാക്കി തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണെന്ന് കണ്ണൂർ ജില്ലാ കളക്ടറും കമ്മീഷനെ അറിയിച്ചു.

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് കേസ് തീർപ്പാക്കി.

മുഴപ്പിലങ്ങാട് പതിനൊന്നുകാരനെ തെരുവു നായ്ക്കൾ കടിച്ചു കൊന്ന സംഭവത്തിലും ജാൻവിക എന്ന വിദ്യാർത്ഥിനിയെ ആക്രമിച്ച സംഭവത്തിലും കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് മുഴപ്പിലങ്ങാട് പഞ്ചായത്തിൽ എ. ബി. സി. പദ്ധതി മാത്രമാണ് നിലവിലുള്ളതെന്ന് പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു. 51 നായ്ക്കളെ വന്ധ്യംകരണം നടത്തി. ഇവയെ തിരികെ കൊണ്ടുവിടുന്നതിന് പ്രദേശവാസികൾ എതിർപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ 36 നായ്ക്കളെ വന്ധ്യംകരണം നടത്തി പാലക്കാട് സനാഥന ആനിമൽ ആശ്രമത്തിൽ കൊണ്ടാക്കിയെന്നും റിപ്പോർട്ടിൽ പറയുന്നു. അക്രമകാരികളായ നായ്ക്കളെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുകൾ നിർമ്മിച്ച് പാർപ്പിക്കാൻ മൂന്ന് പഞ്ചായത്തംഗങ്ങൾ സമ്മതിച്ചിട്ടുണ്ട്. മാലിന്യം കൊണ്ടിടുന്ന സ്ഥലങ്ങളിൽ സി സി ടി വികൾ സ്ഥാപിച്ചെന്നും റിപ്പോർട്ടിൽ പറയുന്നു.

പേവിഷബാധ നിയന്ത്രിക്കുന്നതിന് ആന്റിറാബീസ് വാക്സിൻ ലഭ്യമാക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. എ. ബി. സി. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കും. മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ജാഗ്രത വേണം. വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കി.

## പമ്പിൽ ചോർച്ചയില്ല

കണ്ണൂർ എച്ചൂരിൽ പ്രവർത്തിക്കുന്ന ഭാരത് പെട്രോളിയം കോർപ്പറേഷന്റെ സി. ആർ. ഫ്യൂവൽസ് എന്ന പെട്രോൾ പമ്പിൽ നിന്നുള്ള ചോർച്ച കാരണം കിണർവെള്ളം മലിനമായെന്ന പരാതി തെളിവുകളുടെ അഭാവത്തിൽ മനുഷ്യാവകാശ കമ്മീഷൻ തള്ളി.

കമ്മീഷൻ നേരിട്ട് രൂപീകരിച്ച വിദഗ്ദ്ധരുടെ പഠന റിപ്പോർട്ട് പരിശോധനാവിധേയമാക്കിയ ശേഷമാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് പരാതി തള്ളിയത്.

കിണർ വെള്ളത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദുർഗന്ധം തുടരുകയാണെങ്കിൽ പരാതിക്കാരൻ കണ്ണൂർ നഗരസഭയെ സമീപിക്കണമെന്നും ഉത്തരവിൽ പറഞ്ഞു. പരാതിക്കാരന്റെ വീടിന് സമീപമുള്ള നഗരസഭയുടെ മാലിന്യസംസ്കരണ കേന്ദ്രം വൃത്തിയാക്കാനും തൊട്ടടുത്ത് പ്രവർത്തിക്കുന്ന ഇരുചക്ര വാഹനങ്ങളുടെ വർക്ക്ഷോപ്പിൽ നിന്നുള്ള മലിനീകരണം തടയാനും നടപടിയെടുക്കണം.

കമ്മീഷൻ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും റിപ്പോർട്ട് വാങ്ങി. കിണർവെള്ളത്തിന്റെ ദുർഗന്ധത്തിനുള്ള യഥാർത്ഥ കാരണം വ്യക്തമായ തെളിവുകളോടെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ബോർഡ് അറിയിച്ചു. ഭാരത് പെട്രോളിയവും ആരോപണം നിഷേധിച്ചു. തുടർന്ന് കണ്ണൂർ സ്വദേശിയായ പി. രാഘവൻ, എറണാകുളം സ്വദേശിയായ സി. വൈ. അനിൽകുമാർ എന്നീ എഞ്ചിനീയറിംഗ് വിദഗ്ദ്ധരെ അംഗങ്ങളാക്കി കമ്മീഷൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചു.

പെട്രോൾ ടാങ്കുകളിൽ ചോർച്ചയില്ലെന്ന് സമിതി കണ്ടെത്തി. എന്നാൽ പമ്പിലെ വിൽപ്പന കേന്ദ്രത്തിൽനിന്നുള്ള ചോർച്ച ചിലപ്പോൾ മലിനീകരണത്തിന് കാരണമാകാമെന്ന് റിപ്പോർട്ടിലുണ്ട്. ഇപ്പോൾ ചോർച്ച പൂർണമായും പരിഹരിച്ചിട്ടുണ്ട്. വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ പെട്രോൾ പമ്പിനെ കുറ്റപ്പെടുത്താനാവില്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

എച്ചൂർ ശ്രീരംഗത്തിൽ എമിൽ അശോക് സമർപ്പിച്ച പരാതിയാണ് തീർപ്പാക്കിയത്.

## മിൽമയിൽ മലിനീകരണം : നടപടി വേണം

ജനവാസമേഖലയിൽ പ്രവർത്തിക്കുന്ന രാമവർമ്മപുരം മിൽമ ഡയറിയിൽ നിന്നും മലിനീകരണം തുടർന്നുമുണ്ടാവുകയാണെങ്കിൽ പ്രദേശവാസികൾക്ക് തൃശ്ശൂർ നഗരസഭാ സെക്രട്ടറിയെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും സമീപിക്കാമെന്ന് മനുഷ്യാവ

കാശ കമ്മീഷൻ.

പരാതി ലഭിക്കുകയാണെങ്കിൽ പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകമാരി ഉത്തരവിൽ പറഞ്ഞു.

മിൽമ ഡയറിയിൽ നിന്നുള്ള മലിനജലം പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയാണെന്ന് ആരോപിച്ച് സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്. അസഹനീയമായ ദുർഗന്ധമുള്ള ആസിഡ് കലർന്ന മലിനജലം ജനവാസമേഖലയിലെ കുളത്തിലാണ് ശേഖരിക്കുന്നതെന്നും യന്ത്രങ്ങളുടെ ശബ്ദവും പുകയും പരിസരവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുകയാണെന്നും പരാതിയിൽ പറയുന്നു.

ആരോപണങ്ങൾ മിൽമ മാനേജിംഗ് ഡയറക്ടർ നിഷേധിച്ചു. മിൽമയുടെ മാലിന്യ പ്ലാന്റിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. സ്ഥാപനത്തിൽ നിന്ന് ശുദ്ധീകരിച്ച മലിനജലത്തിന്റെയും സമീപ വീട്ടിലെ കിണർ വെള്ളത്തിന്റെയും സാമ്പിൾ പരിശോധിച്ചതിൽ മലിനീകരണം കണ്ടെത്താനായില്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്മീഷനെ അറിയിച്ചു. എന്നാൽ ശുദ്ധീകരിച്ച മലിനജലം ജലസേചനത്തിനായി സംഭരിക്കുന്ന കുളത്തിലെ വെള്ളത്തിൽ എണ്ണയുടെ സാന്നിധ്യം ആദ്യം കണ്ടെത്തുകയും പിന്നീട് പരിഹരിക്കുകയും ചെയ്തു. നഗരസഭാ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലും കാര്യമായ പ്രശ്നങ്ങളില്ല. സർക്കാർ ഏജൻസികളുടെ റിപ്പോർട്ടുകൾ തള്ളിക്കളയണമെന്ന പരാതിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചില്ല. തുടർന്ന് കുളത്തിൽ പൊങ്ങിക്കിടക്കുന്ന നെയ്യുടെ അവശിഷ്ടങ്ങൾ ഉൾപ്പെടുന്ന ഫോട്ടോ പരാതിക്കാരൻ ഹാജരാക്കി.

പാലും പാൽ ഉൽപ്പന്നങ്ങളും തയ്യാറാക്കുന്ന സ്ഥാപനം മലിനീകരണം നടത്തുകയാണെങ്കിൽ അത് കർശനമായി നേരിടണമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. എന്നാൽ വ്യക്തമായ തെളിവുകൾ ഹാജരാക്കാൻ പരാതിക്കാരന് കഴിഞ്ഞില്ല. മലിനീകരണമില്ലാതെ പ്രവർത്തിക്കാൻ സ്ഥാപനം ശ്രദ്ധിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ആർ. വി. പുരം സ്വദേശി സഞ്ജു സമർപ്പിച്ച പരാതിയിലാണ് നടപടി.

## പിതാവിന്റെ പേര് തിരുത്തണം

സി ബി എസ് ഇ പത്താം ക്ലാസ് സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേര് തിരുത്തണമെന്ന ആവശ്യം പരിഗണിച്ച് പിതാവിന്റെ പേര് തിരുത്തി ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

പിതാവിന്റെ പേര് തിരുത്തി ഗസറ്റ് വിജ്ഞാപനം നടത്താൻ കഴിയില്ലെന്ന് സർക്കാർ പ്രസ് അറിയിച്ച സാഹചര്യത്തിലാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവ്. ജുഡീഷ്യൽ ഉത്തരവ് ഉണ്ടെങ്കിൽ ഗസറ്റ് വിജ്ഞാപനം നൽകാമെന്ന് സർക്കാർ പ്രസ് പരാതിക്കാരിയെ അറിയിച്ചു. ഈ സാഹചര്യത്തിലാണ് കമ്മീഷൻ ഉത്തരവ് നൽകിയത്. സ്വീകരിച്ച നടപടികൾ അച്ചടി ഡയറക്ടർ ഒരു മാസത്തിനകം കമ്മീഷനെ അറിയിക്കണം.

രണ്ടാനച്ഛന്റെ പേരാണ് വിദ്യാർത്ഥിനിയുടെ സർട്ടിഫിക്കറ്റിലുള്ളത്. യഥാർത്ഥ അച്ഛന്റെ പേര് സർട്ടിഫിക്കറ്റിൽ ചേർക്കണമെന്നാണ് ആവശ്യം. പെൺകുട്ടിയുടെ അമ്മയാണ് പരാതിക്കാരി. ഒരു വ്യക്തിയുടെ പേര് മാറ്റണമെങ്കിൽ ആ വ്യക്തി തന്നെ അപേക്ഷ നൽകണമെന്നാണ് അച്ചടി വകുപ്പ് ഡയറക്ടറുടെ വാദം.

കേന്ദ്ര സർവകലാശാലയിൽ ബിരുദ വിദ്യാർത്ഥിനിയായ പെൺകുട്ടിയുടെ സർട്ടിഫിക്കറ്റാണ് തിരുത്തേണ്ടത്. സർട്ടിഫിക്കറ്റ് തിരുത്തണമെന്ന് ആവശ്യപ്പെട്ട് സി ബി എസ് ഇ യ്ക്ക് പരാതി നൽകിയെങ്കിലും അവർ പിതാവിന്റെ പേര് തിരുത്തിയുള്ള ഗസറ്റ് വിജ്ഞാപനം ആവശ്യപ്പെട്ടു.

## പൊതുപ്രവർത്തകന് ക്വട്ടേഷൻ: ക്രൈംബ്രാഞ്ച് അന്വേഷിക്കണം

തൃശ്ശൂർ പുന്നയൂർക്കുളം സ്വദേശിയായ ശ്രീജിത്തിനെ ആക്രമിക്കാൻ ക്വട്ടേഷൻ നൽകിയ എറണാകുളം സ്വദേശി നിബു എന്നയാൾ തീപ്പൊള്ളലേറ്റ് മരിച്ച സംഭവത്തിൽ ദുരൂഹതയുള്ളതിനാൽ വടക്കേക്കാട്, എറണാകുളം നോർത്ത് പോലീസ് രജിസ്റ്റർ ചെയ്ത രണ്ടു കേസുകൾ സംസ്ഥാന ക്രൈം ബ്രാഞ്ച് പുനരന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

സംസ്ഥാന പോലീസ് മേധാവിക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവ് നൽകിയത്.

സ്കൂട്ടറിൽ ഹെൽമറ്റ് ധരിച്ചെത്തിയ മൂന്നംഗ സംഘം തന്റെ ചായക്കടയിൽ അതിക്രമിച്ച് കയറി കണ്ണിൽ മുളക്പൊടി വിതറി തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ വടക്കേക്കാട് പോലീസ് ദുർബല വകുപ്പുകൾ ചേർത്ത് അന്വേഷണം അട്ടിമറിച്ചെന്നാണ് പുന്നയൂർക്കുളം കല്ലൂർ വീട്ടിൽ ശ്രീജിത്തിന്റെ പരാതി. ക്വട്ടേഷന് പിന്നിൽ സ്വകാര്യ സ്ഥാപനത്തിന്റെ ഉടമകളാണെന്നും പരാതിയിൽ പറയുന്നു. പൊതു താൽപര്യമുള്ള വിഷയങ്ങളിൽ ഹർജികൾ നൽകുന്നയാളാണ് ശ്രീജിത്ത്.

പ്രതികൾ എറണാകുളം ജില്ലയിലുള്ള ക്വട്ടേഷൻ സംഘാംഗങ്ങളാണെന്നും ഇവർക്ക് ക്വട്ടേഷൻ നൽകിയ നിബു എന്നയാൾ 2021 സെപ്റ്റംബർ പതിനേഴിന് തീപ്പൊള്ളലേറ്റ് മരിച്ചെന്നും തൃശ്ശൂർ ജില്ലാ പോലീസ് മേധാവി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. സ്വകാര്യ സ്ഥാപനത്തിന്റെ ഉടമകളാണ് ക്വട്ടേഷന് പിന്നിലുള്ളതെന്ന വാദത്തിന് യാതൊരു തെളിവുമില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ റിപ്പോർട്ട് വാസ്തവവിരുദ്ധമാണെന്ന് പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു. തുടർന്ന് മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണ വിഭാഗം കേസ് നേരിട്ട് അന്വേഷിച്ചു.

നിബുവിന്റെ ആത്മഹത്യയ്ക്ക് വഴി തെളിച്ച കാരണങ്ങൾ എറണാകുളം നോർത്ത് പോലീസ് കണ്ടെത്തിയിട്ടില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണ വിഭാഗം കണ്ടെത്തി. എന്നാൽ വടക്കേക്കാട് പോലീസ് സ്റ്റേഷനിലെ ക്രൈം 726/21 കേസിലെ മൂന്നാം പ്രതിതങ്ങൾക്ക് ശ്രീജിത്തിനെ ഉപദ്രവിക്കാൻ ക്വട്ടേഷൻ നൽകിയത് നിബുവാണെന്ന് മൊഴി നൽകിയിട്ടുണ്ട്. ഇതിന്റെ മൂന്നാം ദിവസമാണ് നിബു മരിക്കുന്നത്. നിബുവിന് ശ്രീജിത്തിനോട് യാതൊരു വിരോധവുമില്ല. അതിനാൽ മറ്റാരോ ആണ് ശ്രീജിത്തിനെ ഉപദ്രവിക്കാൻ നിബുവിന് ക്വട്ടേഷൻ നൽകിയതെന്ന് കമ്മീഷൻ കണ്ടെത്തി. ശ്രീജിത്തിനെ ആക്രമിക്കാൻ ക്വട്ടേഷൻ നൽകിയ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് നിബുവിന്റെ അസ്വഭാവിക മരണത്തിലെ ദുരൂഹത പുറത്തുകൊണ്ടുവരണം. അതിനാൽ വടക്കേക്കാട് പോലീസ് സ്റ്റേഷനിലെ 726/21 നമ്പർ കേസും എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിലെ 1216/21 നമ്പർ കേസും പുനരന്വേഷിക്കേണ്ട താണെന്ന് അന്വേഷണ വിഭാഗം ശുപാർശ ചെയ്തു.

ശുപാർശ സ്വീകരിച്ച ശേഷമാണ് രണ്ടു കേസുകളും ക്രൈംബ്രാഞ്ചിന് വിടാൻ സംസ്ഥാന പോലീസ് മേധാവിക്ക് കമ്മീഷൻ ഉത്തരവ് നൽകിയത്.




# ട്രൈബ്യൂണൽ വിധി നടപ്പാക്കണം

എസ്.സി, എസ്.ടി. വിഭാഗക്കാർക്കുള്ള സ്റ്റാഫ് നേഴ്സ് നിയമനത്തിൽ റൊട്ടേഷൻ വ്യവസ്ഥയിൽ പി.എസ്.സിക്ക് പിഴവ് സംഭവിച്ച സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിയ്ക്ക് അനുസൃതമായി നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കാറ്റഗറി നമ്പർ 250/2020 നമ്പർ നിയമനത്തിൽ കാസറഗോഡ് ജില്ലയിൽ ഒന്നും രണ്ടും റാങ്കുകൾ ലഭിച്ച കെ. നിത്യ, പി.എം. മിഥുല എന്നിവർ തങ്ങൾക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഉത്തരവ്.

ജില്ലാ മെഡിക്കൽ ഓഫീസർ, പി.എസ്. സി ജില്ലാ ഓഫീസർ എന്നിവരിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. പി.എസ്.സി ജില്ലാ ഓഫീസറുടെ നിർദ്ദേശ പ്രകാരം ടി. പ്രതാപ്, എൻ.എസ്. സിജിന എന്നിവർക്ക് 2022 ഫെബ്രുവരി ഏഴിനും മാർച്ച് പതിനാലിനും ഇതേ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു. പിന്നീട് റൊട്ടേഷൻ വ്യവസ്ഥകളിൽ പിഴവ് സംഭവിച്ചതു കാരണം ടി. പ്രതാപന്റെയും, എൻ. എസ്. സിജിനയുടെയും നിയമനം റദ്ദാക്കണമെന്ന് പി. എസ്. സി. ജില്ലാ ഓഫീസർ അറിയിച്ചു. തുടർന്ന് നിയമനങ്ങൾ റദ്ദാക്കി. എന്നാൽ നിയമനം ലഭിച്ചവർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങി. തത്കാലം നിയമനം റദ്ദാക്കിയ നടപടി നിർത്തി വയ്ക്കാൻ പി.എസ്.സി നിർദ്ദേശിച്ചതനുസരിച്ച് മേൽനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

പ്രതാപ്, സിജിന എന്നീ പട്ടികജാതി ഉദ്യോഗാർത്ഥികളെ അന്ന് നിലവിലുണ്ടായിരുന്ന രണ്ട് എസ്.സി, എസ്.ടി. ഒഴിവുകളിലേക്കാണ് ശുപാർശ ചെയ്തതെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു. മുൻ വർഷങ്ങളിലെ തെരഞ്ഞെടുപ്പിൽ പട്ടിക വർഗ വിഭാഗത്തിൽ നിന്നും പട്ടികജാതി വിഭാഗത്തിന് അധിക ആനുകൂല്യമായി ലഭിച്ച രണ്ട് എൻ.സി.എ ഒഴിവുകൾ നികത്താതെയാണ് റൊട്ടേഷൻ തയ്യാറാക്കിയതെന്ന് ഇതിന് ശേഷം മനസ്സിലായി. ചട്ടപ്രകാരം നിയമന ശുപാർശ പി. എസ്. സിക്ക് റദ്ദാക്കാവുന്നതാണ്. പ്രതാപിനും സിജിനയ്ക്കും പകരം കെ. നിത്യ, പി. എം. മിഥുല എന്നീ പട്ടിക വർഗ വിഭാഗ ഉദ്യോഗാർത്ഥികൾക്കാണ് നിയമന ശുപാർശ നൽകിയത്. എന്നാൽ ആദ്യം നിയമനം ലഭിച്ചവർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് നിയമനം സ്റ്റേ ചെയ്തു. ഇതിന് ശേഷം മൂന്ന് മാസത്തേയ്ക്കു കൂടി ട്രൈബ്യൂണൽ സ്റ്റേ നീട്ടി നൽകി.

പരാതിക്ക് പരിഹാരമാകണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ അന്തിമ വിധി വരണമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഇതിൽ കമ്മീഷന് ഇടപെടാനാവില്ല. എന്നാൽ ട്രൈബ്യൂണൽ ഉത്തരവ് വന്നാലുടൻ കാസർഗോഡ് ജില്ലാ പി. എസ്. സി ഓഫീസർ നിയമാനുസൃതം നടപടിയെടുക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. വെള്ളരിക്കുണ്ട് സ്വദേശികളായ കെ. നിത്യ, പി. എം. മിഥുല എന്നിവർ നൽകിയ പരാതിയിലാണ് ഉത്തരവ്.

## വാടക നൽകാനായില്ലെങ്കിൽ സർക്കാരിനെ സമീപിക്കണം

വാടക വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടമ്മയ്ക്ക് പ്രതിമാസ വാടക നൽകാൻ നിവൃത്തിയില്ലെങ്കിൽ സർക്കാർ സഹായത്തിനായി ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസറെ സമീപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

പരാതിക്കാരി സമീപിക്കുന്ന പക്ഷം ആവശ്യമായ സൗകര്യങ്ങൾ ജില്ലാ സാമൂഹിക നീതി ഓഫീസർ ഏർപ്പെടുത്തണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജു നാഥ് ഉത്തരവിൽ പറഞ്ഞു.

മുപ്പതിനായിരം രൂപ അഡ്വാൻസും ആറായിരം രൂപ പ്രതിമാസ വാടകയും നൽകി രാമനാട്ടുകരയിൽ താമസിക്കുന്ന ടി. കെ. ജയന്തി സമർപ്പിച്ച പരാതി തീർപ്പാക്കി കൊണ്ടാണ് കമ്മീഷൻ ഉത്തരവ്. വീട്ടുജോലി ചെയ്താണ് ഇവർ ജീവിക്കുന്നത്. വീട്ടുടമസ്ഥനും സുഹൃത്തും രാത്രികാലങ്ങളിൽ വീട്ടിലെത്തി വാതിലിൽ മുട്ടുകയും സാധന സാമഗ്രികൾ എടുത്ത് പുറത്തെറിയുകയും ചെയ്യുന്നുണ്ടെന്നാണ് പരാതി.

എന്നാൽ വാടകയ്ക്ക് താമസിക്കുന്ന ജയന്തി വാടക തരികയോ വീടൊഴിയുകയോ ചെയ്യുന്നില്ലെന്ന് എതിർകക്ഷിയും വീട്ടുടമസ്ഥനു

മായ കൃഷ്ണദാസ് കമ്മീഷനെ അറിയിച്ചു. തുടർന്ന് ഫറോക്ക് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. പരാതിക്കാരി വീട്ടുവാടക നൽകാത്തതാണ് തർക്കത്തിന് കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നു. വീട്ടുവാടക നൽകാനോ സഹായത്തിനോ ആരുമില്ലാത്തതിനാൽ അവർ ബുദ്ധിമുട്ടിലാണ്. പരാതിക്കാരിയെ സർക്കാർ സ്ഥാപനത്തിലോ മറ്റോ പുനരധിവസിപ്പിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു. എതിർകക്ഷിയ്ക്ക് താക്കീത് നൽകിയിട്ടുള്ളതായും റിപ്പോർട്ടിലുണ്ട്.

## തൃച്ചമ്പരം ക്ഷേത്രത്തിലെ ജീവനക്കാരന്റെ സസ്പെൻഷൻ പിൻവലിച്ചു

തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ പതിനേഴ വർഷത്തിലധികമായി മാനേജരും ക്ലാർക്കുമായി പ്രവർത്തിച്ചിരുന്ന കെ.പി. പരമേശ്വരന്റെ സസ്പെൻഷൻ പിൻവലിച്ചതായി ദേവസ്വം മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

സസ്പെൻഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ക്ഷേത്രം ജീവനക്കാരൻ സമർപ്പിച്ച പരാതിയിൽ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

പരാതിക്കാരന് അർഹതപ്പെട്ട ഒരാനുകൂല്യവും ദേവസ്വം തടഞ്ഞുവച്ചിട്ടില്ലെന്ന് എക്സിക്യൂട്ടീവ് ഓഫീസർ കമ്മീഷനെ അറിയിച്ചു. പരാതിക്ക് പിന്നിൽ വ്യക്തി വൈരാഗ്യമാണെന്നും റിപ്പോർട്ടിലുണ്ട്. പരാതിക്കാരന്റെ ഹർജിയിൽ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ നിയമനം ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. തുടർന്ന് ദേവസ്വം മാനേജിംഗ് കമ്മിറ്റിയെ കമ്മീഷൻ നേരിൽ കേട്ടു. ഇക്കഴിഞ്ഞ ഓഗസ്റ്റ് പതിനഞ്ചിന് ചേർന്ന ദേവസ്വം മാനേജിംഗ് കമ്മിറ്റി സസ്പെൻഷൻ റദ്ദാക്കി പരാതിക്കാരനെ സർവ്വീസിൽ തിരിച്ചെടുത്തതായി അറിയിച്ചു. പരാതിക്കാരന് എതിരായ അന്വേഷണങ്ങൾ നിർത്തിയതായും റിപ്പോർട്ടിൽ പറയുന്നു. പരാതിക്കാരന് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ ഒരു മാസത്തിനകം ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ നൽകണമെന്ന് ഉത്തരവിൽ പറയുന്നു.

## വീട്ടുടമയ്ക്ക് സ്ഥലം വാങ്ങി നൽകണം

കോഴിക്കോട് വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി മണ്ണെടുത്ത സ്ഥലത്തുള്ള വീടിനും ഭൂമിക്കും മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ വീട്ടുടമയ്ക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകാമെന്ന് സർക്കാർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

മനുഷ്യാവകാശ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഇടപെടലിനെ തുടർന്നാണ് നടപടി. പരാതിക്കാരനായ കരിപ്പൂർ കമ്മിണിപറമ്പ് സ്വദേശി മുഹമ്മദ് കണ്ണനാരി സഹായം ആവശ്യപ്പെട്ട് സർക്കാരിന് അപേക്ഷ നൽകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

പള്ളിക്കൽ പഞ്ചായത്തിലുള്ള തന്റെ വീട് മണ്ണിടിച്ചിൽ ഭീഷണി നേരിടുകയാണെന്നാണ് മുഹമ്മദ് കണ്ണനാരിയുടെ പരാതി. കമ്മീഷൻ മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും അന്വേഷണ റിപ്പോർട്ട് വാങ്ങി.

1993 - 94 കാലഘട്ടത്തിലാണ് വിമാനത്താവളത്തിന് വേണ്ടി സ്ഥലം ഏറ്റെടുത്തതെന്ന് റിപ്പോർട്ടിൽ പറയുന്നു. നാലു മീറ്റർ വീതിയിലും ഇരുപത്തിയഞ്ചു മീറ്റർ നീളത്തിലും പരാതിക്കാരന്റെ ഭൂമിയുടെ അതിർത്തി ഇതിനകം ഇടിഞ്ഞുവീണിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. വീടിനോട് ചേർന്ന ശൗചാലയത്തിന്റെ ടാങ്ക് ഇടിഞ്ഞു.. പ്രകൃതിക്ഷോഭം കാരണമല്ല മണ്ണിടിച്ചിൽ ഉണ്ടായത്. പരാതിക്കാരന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് ദുരന്തസാദ്ധ്യതാ പ്രദേശശത്ത് നിന്ന് ജനങ്ങളെ സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ശുപാർശ സർക്കാരിന് നൽകും.. സ്ഥലം വാങ്ങാൻ ആറ് ലക്ഷവും വീട് നിർമ്മിക്കാൻ നാലു ലക്ഷവും സർക്കാർ സഹായം നൽകുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. പരാതിക്കാരൻ അപേക്ഷ നൽകിയാൽ അനന്തര നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

## അധ്യാപികയുടെ വസ്ത്രധാരണം വിവാദമാക്കരുത്

അധ്യാപികയുടെ വസ്ത്രധാരണ രീതി പ്രധാനാധ്യാപിക ചോദ്യം ചെയ്തതിനെ തുടർന്ന് സ്കൂളിലുണ്ടായ വിവാദങ്ങൾ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് രമ്യമായി പരിഹരിച്ചു.

ജുഡീഷ്യൽ അംഗം കെ.ബൈജു നാഥിന്റെ ഇടപെടലിനെ തുടർന്നാണ് വിവാദങ്ങൾക്കും പരാതികൾക്കും വെടിനിർത്തലുണ്ടായത്.

എടപ്പറ്റ സി കെ എച്ച് എം ജി എച്ച് എസ് സ്കൂളിലാണ് പരാതിക്ക് ഇടയാക്കിയ സംഭവമുണ്ടായത്. അധ്യാപിക ലെഗിൻസ് ധരിക്കുന്നതു കാരണം കുട്ടികൾ ശരിയായി യൂണിഫോം ധരിക്കുന്നില്ലെന്ന് പ്രധാനാധ്യാപിക പറഞ്ഞതാണ് പരാതിക്ക് കാരണമായത്. അധ്യാപകർക്ക് അവരുടെ സൗകര്യാനുസരണം വസ്ത്രം ധരിക്കാമെന്ന് സർക്കാർ ഉത്തരവുണ്ടെന്ന് അധ്യാപിക കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറഞ്ഞു. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറോട് പരാതിയിൽ പരിഹാരം കാണാൻ കമ്മീഷൻ നിർദ്ദേശിച്ചു. തുടർന്ന് ഉപഡയറക്ടർ (ഡി ഡി) സകൂൾ സന്ദർശിച്ച് അധ്യാപികയെയും പ്രധാനാധ്യാപികയെയും നേരിൽ കേട്ടു.

അധ്യാപകരുടെ വസ്ത്രധാരണ രീതിയിൽ സർക്കാർ പറഞ്ഞിരിക്കുന്ന സൗകര്യപ്രദം എന്ന വാക്ക് വ്യക്തിപരമായി തീരുമാനിക്കാമെന്ന് ഡി.ഡി. കമ്മീഷനെ അറിയിച്ചു. ഏത് വസ്ത്രത്തിനാണ് മാന്യതയുള്ളതെന്നും ഇല്ലാത്തതെന്നും തീർത്തു പറയാനാവില്ല. സർക്കാർ ജീവനക്കാരുടെ സേവന പെരുമാറ്റ ചട്ടങ്ങൾക്കുള്ളിൽ നിന്ന് രമ്യമായും സൗമ്യമായും തീർക്കേണ്ട ഒരു വിഷയം സങ്കീർണ്ണമാക്കിയതിൽ അധ്യാപികയ്ക്കും പ്രധാനാധ്യാപികയ്ക്കും തുല്യ ഉത്തരവാദിത്വമുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. പത്രമാധ്യമങ്ങൾക്ക് മുന്നിൽ നടത്തിയ പ്രസ്താവനകൾ ചട്ടവിരുദ്ധമാണെന്ന കാര്യം തനിക്ക് അറിയില്ലായിരുന്നുവെന്ന് അധ്യാപിക അറിയിച്ചു. പരാതിക്കാരി നിർവ്യാജം ഖേദം പ്രകടിപ്പിച്ചതായും ഡി.ഡി. അറിയിച്ചു. ഇതേ തുടർന്ന് പരാതിക്കാരിക്ക് മറ്റൊരു സ്കൂളിലേക്ക് സ്ഥലം മാറ്റം നൽകി. വിഷയം രമ്യമായി പരിഹരിക്കാതിരുന്ന പ്രധാനാധ്യാപികക്ക് പരാതിക്ക് ഇട നൽകാത്ത വിധം പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ ലിംഗ വിവേചനം കാണിച്ച പ്രധാനാധ്യാപികയെ സ്ഥലം മാറ്റണമെന്ന് പരാതിക്കാരി കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടു.

ഡി ഡി യുടെ ഇടപെടൽ നിക്ഷ്പക്ഷവും മാതൃകാപരവുമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. വിദ്യാർത്ഥികൾക്ക് മാതൃകയാവേണ്ട അധ്യാപകർ ഇത്തരത്തിൽ ബാലിശമായി പെരുമാറരുതെന്ന് കമ്മീഷൻ താക്കീത് നൽകി. ഇത്തരത്തിലുള്ള സമീപനം അപലപനീയമാണെന്നും ഉത്തരവിൽ പറഞ്ഞു. പരാതി പരിഹരിച്ചതിനെ തുടർന്ന് കേസ് തീർപ്പാക്കി.

# അച്ചാർ കമ്പനിയിലെ കെമിക്കലുകൾ നിർവീര്യമാക്കണം

ചാവക്കാട് കരഞ്ഞിയൂരിൽ പ്രവർത്തിച്ചിരുന്ന പി.ജെ. അഗ്രോ ഫുഡ്സ് എന്ന സ്ഥാപനത്തിൽ വലിയ കാനുകളിൽ സൂക്ഷിച്ചിട്ടുള്ള കെമിക്കലുകൾ പരിസരവാസികൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ നിർവീര്യമാക്കാൻ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

നിലവിൽ സ്ഥാപനം എസ്.ബി.ഐയുടെ ജപ്തിയിലായതിനാൽ ബാങ്ക് ഉദ്യോഗസ്ഥരുടെ അനുമതിയോടെ കരഞ്ഞിയൂർ പഞ്ചായത്ത് സെക്രട്ടറിയും മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയറും സംയുക്തമായി ഫാക്ടറിയിൽ വച്ച് തന്നെ കെമിക്കലുകൾ നിർവീര്യമാക്കണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകി.

ജനവാസ കേന്ദ്രത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം നടത്തുന്ന പരിസര മലിനീകരണത്തിനെതിരെ സമർപ്പിച്ച പരാതിയിൽ വിശദമായ അന്വേഷണം നടത്തിയ ശേഷമാണ് കമ്മീഷൻ ഉത്തരവ്. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും പഞ്ചായത്തല്ല തൃശ്ശൂർ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡാണ് സ്ഥാപനത്തിന് ലൈസൻസ് നൽകിയതെന്നും പുന്നയൂർ ഗ്രാമപഞ്ചായത്ത് കമ്മീഷനെ അറിയിച്ചു.

പ്രദേശത്ത് ആരോഗ്യ പ്രശ്നങ്ങളില്ലെന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് കമ്യൂണിറ്റി മെഡിസിൻ വിഭാഗവും കമ്മീഷനെ അറിയിച്ചു. എന്നാൽ എസ്.സി. സെറ്റിൽമെന്റിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ മാലിന്യം പരിസരവാസികളെ മാറാരോഗികളാക്കിയതായി പരാതിക്കാരൻ അറിയിച്ചു. ഈ സാഹചര്യത്തിൽ കമ്മീഷനിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസർ സി.എൻ. ജയചന്ദ്രനെ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ കമ്മീഷൻ ചുമതലപ്പെടുത്തി. സ്ഥാപനം ഒരു മാസമായി ജപ്തിയിലാണെന്നും എന്നാൽ സ്ഥാപനത്തിനുള്ളിൽ വലിയ കാനുകളിൽ സൂക്ഷിച്ചിട്ടുള്ള കെമിക്കലുകൾ പുറത്തേക്ക് ഒഴുക്കി വിട്ടാൽ ഗുരുതര പരിസര മലിനീകരണം സംഭവിക്കാൻ സാധ്യതയുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നൽകി.

നാട്ടുകാർ 8 വർഷമായി കമ്പനിക്കെതിരെ സമരത്തിലാണ്. മലിനീകരണം കാരണം കുട്ടികളും മുതിർന്നവരും വിവിധതരം രോഗങ്ങൾ അനുഭവിക്കുന്നതായി സമര സമിതി കൺവീനർ വി.എ. ചാക്കോ കമ്മീഷനെ അറിയിച്ചു. ഫംഗസ് രോഗം ബാധിച്ച് യുവതി മരിച്ചു. ഇക്കാര്യങ്ങളൊക്കെ ശരിവയ്ക്കുന്ന ഒരു റിപ്പോർട്ട് ത്വക് രോഗ വിദഗ്ദ്ധനായ ഡോ. വാസു കടന്തോട് കമ്മീഷന് നൽകി. ജലം മലിനമാണ്. ഡോക്ടർക്കും ചൊറിച്ചിലും അലർജിയും ഉണ്ടായിട്ടുണ്ട്. പ്രദേശത്ത് താമസിക്കുന്ന 99 പേരെ പരിശോധിച്ചപ്പോൾ 53 പേർക്ക് ത്വക് രോഗവും 38 പേർക്ക് ശ്വാസം മുട്ടലും കണ്ടെത്തി.

പിക്കിൾ, ജാം, സോസ് എന്നിവ നിർമ്മിച്ചിരുന്ന കമ്പനിയിൽ നിന്നും സമീപത്തെ പാടങ്ങളിലേക്കും നദികളിലേക്കും മാലിന്യം ഒഴുക്കി വിട്ടിരുന്നതായി കമ്മീഷൻ ഉത്തരവിൽ നിരീക്ഷിച്ചു. ജില്ലാ കളക്ടർ, പഞ്ചായത്ത് സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ് എഞ്ചിനീയർ എന്നിവർക്ക് ഉത്തരവിന്റെ പകർപ്പ് അയച്ചു. കരഞ്ഞിയൂർ സ്വദേശി വി.എ. ചാക്കോ, കടന്തോട് സ്വദേശി മാധവി എന്നിവർ സമർപ്പിച്ച പരാതികളിലാണ് നടപടി.

## മെഡിക്കൽ കോളേജിന്റെ സുരക്ഷിതത്വത്തിൽ വിട്ടുവീഴ്ച ചെയ്യാതെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കണം

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സുരക്ഷിതത്വത്തിൽ വിട്ടുവീഴ്ച വരുത്താതെ തന്നെ രോഗികളുടെയും പരിസരവാസികളുടെയും സഞ്ചാര സ്വാതന്ത്ര്യം സംരക്ഷിക്കുന്ന തരത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

കാളാണ്ടിത്താഴം ജംഗ്ഷനിൽ നിന്നാരംഭിച്ച് ഡെന്റൽ കോളേജ് വരെയെത്തുന്ന നാലരമീറ്റർ വീതിയുള്ള ടാർ റോഡ് ചുറ്റുമതിൽ നിർമ്മിച്ച് അടയ്ക്കാനുള്ള മെഡിക്കൽ കോളേജിന്റെ നീക്കം പരിസരവാസികൾക്ക് യാത്രാസൗകര്യം നിഷേധിക്കാൻ കാരണമാകുമെന്നും കമ്മീഷൻ ചൂണ്ടികാണിച്ചു.

മെഡിക്കൽ കോളേജ് കോമ്പൗണ്ട് റോഡിന് ഇരുവശവും ചുറ്റമതിൽ നിർമ്മിച്ച് സംരക്ഷിക്കാമെന്നും അതുവഴി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ തന്നെ മെഡിക്കൽ കോളേജ് കാമ്പസ് സുരക്ഷിതമാക്കാമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

റോഡ് മതിൽകെട്ടി അടയ്ക്കണമെന്ന് മെഡിക്കൽ കോളേജ് അധികൃതരും അടയ്ക്കരുതെന്ന് നാട്ടുകാരും നിലപാട് സ്വീകരിച്ചതിനാൽ കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ചീഫ് സെക്രട്ടറി ഇക്കാര്യം പരിശോധിച്ച് 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും ഉത്തരവിൽ പറയുന്നു.

മെഡിക്കൽ കോളേജ് ചുറ്റുമതിൽ നിർമ്മാണത്തിന്റെ ഭാഗമായി കുരുവട്ടൂർ മൂഴിക്കൽ, മെഡിക്കൽ കോളേജ് റോഡ് എന്നിവിടങ്ങളിൽ കൂടുതൽ സ്ഥലങ്ങൾ അടച്ചുകെട്ടി റോഡിന്റെ ഗതിമാറ്റി രോഗികളെയും പരിസരവാസികളെയും ബുദ്ധിമുട്ടിക്കുന്നതിനെതിരെ പൊൻകതിർ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് വേലായുധൻ സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

വിഷയത്തിൽ മെഡിക്കൽ കോളേജ് അധികൃതർ കർശന നിലപാട് സ്വീകരിച്ച സാഹചര്യത്തിൽ കമ്മീഷൻ അംഗം കെ. ബൈജുനാഥ് 2022 ഡിസംബർ 19 ന് സ്ഥലം സന്ദർശിച്ചു. എന്നിട്ടും സമവായം ഉണ്ടാകാത്തതിനെതുടർന്ന് അഡ്വ. ലിജി ജോണിനെ അഡ്വക്കേറ്റ് കമ്മീഷനായി മനുഷ്യാവകാശ കമ്മീഷൻ നിയോഗിച്ചു.



## ടി.ടി.ഇ മാർക്ക് വിശ്രമ സൗകര്യമില്ല


ജോലി കഴിഞ്ഞിറങ്ങുന്ന വനിതാ ടി.ടി.ഇ മാർ ഉൾപ്പെടെയുള്ളവർക്ക് വിശ്രമിക്കാൻ മതിയായ സൗകര്യം ഒരുക്കാത്ത റയിൽവേയുടെ നടപടിക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് നോട്ടിസയച്ചു.

തിരുവനന്തപുരം, പാലക്കാട് റയിൽവേ ഡിവിഷണൽ മാനേജർമാർ 30 ദിവസത്തിനകം പരാതി വിശദമായി പരിശോധിച്ച ശേഷം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

## റോഡിന്റെ ഇടതുഭാഗം തടസപ്പെടുത്തരുത്

കോഴിക്കോട് സിറ്റിയിൽ ജംഗ്ക്ഷനുകളിലെ ട്രാഫിക് സിഗ്നലിൽ ചുവപ്പ് തെളിയുമ്പോൾ ഇടതുഭാഗത്തേക്ക് തടസ്സമില്ലാതെ കടന്നുപോകാവുന്ന സൗകര്യം ഇതര വാഹനങ്ങൾ തടയരുതെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇത്തരത്തിൽ ഗതാഗതം തടയുന്നത് ഗുരുതര മനുഷ്യാവകാശ ലംഘനമാണെന്ന് ജുഡീഷ്യൽ അംഗം  കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. കോഴിക്കോട് ആർ.റ്റി.ഒയും സിറ്റി പോലീസ് കമ്മീഷണറും ഇത്തരം ഗതാഗത നിയമലംഘനങ്ങൾ പരിശോധിച്ച്  റിപ്പോർട്ട് നൽകണം.



## കേരളം മാതൃകാപരം: ജസ്റ്റിസ് എസ്. സെർത്തോ

മനുഷ്യാവകാശ സംരക്ഷണത്തിൽ കേരളത്തിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് നാഗലന്റ് മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് എസ്. സെർത്തോ.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിന് കമ്മീഷൻ ആസ്ഥാനത്ത് എത്തിയതായിരുന്ന അദ്ദേഹം. കമ്മീഷൻ സെക്രട്ടറി എസ്. എച്ച്. ജയകേശൻ സ്വീകരിച്ചു. രജിസ്ട്രാർ എസ്. വി. അമൃത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എച്ച്. നജീബ്, ഫിനാൻസ് ഓഫീസർ കൃഷ്ണകുമാരി. എ.വി. തുടങ്ങിയവരുമായി ചെയർമാൻ ആശയവിനിമയം നടത്തി


Kerala State Human Rights Commission Bulletin

Hon'ble Chairperson
**Shri Justice Alexander Thomas**

Hon'ble Member
**Shri K. Byjunath**

Hon'ble Member
**Smt. V.K. Beena Kumari**

Secretary
**Shri S.H. Jayakesan**

Registrar
**Smt. B.S. Renuka Devi**

Administrative Officer
**Shri H. Najeeb**

Finance Officer
**Smt. AV. Krishnakumari**

Vol.7 Issue : 45

Chief Editor
**Shri S.H. Jayakesan**
Secretary

Editor
**P.M. Binu Kumar**
Public Relations Officer
9447694053

Design
**Bhattathiri**

Printed and published by Secretary, KSHRC on behalf of KSHRC printed at Kerala State C-APT, Trivandrum
(For private circulation only)



Postal Address
KSHRC, Thiruvananthapuram 33
Tel : 0471 2307490
hrckeralatvm@gmail.com
www.kshrc.kerala.gov.in
prohumanrightskerala@gmail.com